A(−2, 1), C(10, 10) എന്നിവ ഒരു വരയിലെ രണ്ടു ബിന്ദുക്കളാണ്. A -യ്ക്കും C -യ്ക്കും ഇടയ്ക്ക് വരയിലെ ഒരു ബിന്ദുവാണ് B. AB : AC = 1 : 3

(a) AB -യുടെ നീളം എത്ര ?

(b) B -യുടെ സൂചക സംഖ്യകൾ കാണുക

(c) AB -യുടെ സമവാക്യം എഴുതുക.

**Answer:-**




a) . AB യുടെ നീളംകാണുന്നതിന്

Given AB : AC = 1 : 3.

ചിത്രത്തിൽ ,

(Distance formula)

$AC = \sqrt{(x_2 - x_1)^2 + (y_2 - y_1)^2}$

$AC = \sqrt{(10+2)^2 + (10-1)^2} = \sqrt{144+81} = \sqrt{225} = 15$

AB : AC = 1 : 3 (given)

$$ie., \frac{AB}{AC} = \frac{1}{3}; \Rightarrow AB \times 3 = AC \Rightarrow AB \times 3 = 15; \therefore AB = \frac{15}{3} = 5$$

(See the fig and post the values in the fig )

From the fig AB= 5 and BC - 15 – 5 = 10

AB : BC – 5 : 10 ; $\Rightarrow$ 1 : 2.( m : n)

b) B യുടെ സൂചകസംഖ്യ കാണുന്നതിന്.

$$(x, y) = \left( \frac{nx_2 + mx_1}{m+n}, \frac{my_2 + my_1}{m+n} \right)$$

$$= \left( \frac{1 \times 10 + 2 \times -2}{1+2}, \frac{1 \times 10 + 2 \times 1}{1+2} \right)$$

$$= \left( \frac{10-4}{3}, \frac{10+2}{3} \right) = \left( \frac{6}{3}, \frac{12}{3} \right) = (2,4)$$

$\therefore$ B യുടെ സൂചകസംഖ്യ = (2, 4) .

……………………………………………………….drvsr

**Q8.** March 2017.

A(−2, 2); B(4, 10) എന്നിവ ഒരു തലത്തിലെ രണ്ടു ബിന്ദുക്കളാണ്. AB വ്യാസമായി ഒരു വൃത്തം വരച്ചിരിക്കുന്നു.

(a) വൃത്തം (−3, 3) എന്ന ബിന്ദുവിൽ കൂടി കടന്നു പോകുമോ ?

(b) ഈ വൃത്തത്തിന്റെ സമവാക്യം എഴുതുക.

(c) വൃത്തം y അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചക സംഖ്യകൾ എഴുതുക.

## Answer:-




(a) ചിത്രത്തിൽ C യുടെ സംഖ്യാജോടി $((x_1 + x_2)/2, (y_1 + y_2)/2)$

(AB യുടെ മധ്യബിന്ദുവാണ് C)

$= (-2 + 4/2, 2 + 10/2)$

$(2/2, 12/2)$

$= (1, 6)$

∴ വൃത്തത്തിന്റെ ആരം $CB = \sqrt{(x_1 - x_2)^2 + (y_1 - y_2)^2}$ (അകലം സൂത്രവാക്യം)

$= \sqrt{(1 - 4)^2 + (6 - 10)^2}$

$= \sqrt{(-3)^2 + (-4)^2}$

$= \sqrt{9 + 16}$

$= \sqrt{25} = 5$ യൂണിറ്റ്

വൃത്തം, (−3,3) എന്ന ബിന്ദുവിലൂടെ കടന്നു പോകണമെങ്കിൽ ആ ബിന്ദുവും വൃത്തകേന്ദ്രമായ (1,6) ഉം തമ്മിലുള്ള അകലം, ആരമായ 5 യൂണിറ്റ് തന്നെയായിരിക്കണം. (−3,3), (1,6) എന്നിവ തമ്മിലുള്ള

അകലം $= \sqrt{(x_1 - x_2)^2 + (y_1 - y_2)^2}$

$= \sqrt{(-3 - 1)^2 + (3 - 6)^2}$

$= \sqrt{(-4)^2 + (-3)^2}$

$= \sqrt{16 + 9}$

$= \sqrt{25} = 5$ യൂണിറ്റ്

∴ <u>വൃത്തം (−3,3) എന്ന ബിന്ദുവിലൂടെ കടന്നു പോകും.</u>

**(b)** വൃത്തകേന്ദ്രം ( a , b) യും ആരം r ഉം ആയ വൃത്തത്തിന്റെ

സമവാക്യം : $(x - a)^2 + (y - b)^2 = r^2$

ഈ വൃത്തത്തിന്റെ സമവാക്യം : $(x - 1)^2 + (y - 6)^2 = 5^2$

അതായത് $x^2 - 2x + 1 + y^2 - 12y + 36 = 25$

$$x^2 + y^2 - 2x - 12y + 1 + 36 - 25 = 0$$

$$\underline{\mathbf{x^2 + y^2 - 2x - 12y + 12 = 0}}$$

**(c)** വൃത്തം y അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ x സൂചകസംഖ്യ 0 ആയിരിക്കും.

ഈ ബിന്ദുക്കൾ കിട്ടാൻ വൃത്തത്തിന്റെ സമവാക്യത്തിൽ x = 0 എന്ന് ആരോപിച്ചാൽ

$$(0)^2 + y^2 - 2(0) - 12y + 12 = 0$$

$$y^2 - 12y + 12 = 0$$

$$\therefore y^2 - 12y = -12$$

ഇരുവശത്തും y യുടെ ഗുണകം 12 ന്റെ പകുതി 6 ന്റെ വർഗ്ഗം 36 കൂട്ടിയാൽ

$$y^2 - 12y + 36 = -12 + 36 \quad (\text{വർഗ്ഗത്തികവ് രീതി})$$

$$(y - 6)^2 = 24$$

$$\therefore (y - 6) = \pm\sqrt{24}$$

$$(y - 6) = \pm 2\sqrt{6}$$

$y - 6 = 2\sqrt{6}$ അല്ലെങ്കിൽ $y - 6 = -2\sqrt{6}$

$\therefore$ **$y = 6 + 2\sqrt{6}$ അല്ലെങ്കിൽ $y = 6 - 2\sqrt{6}$**

$\therefore$ വൃത്തം y അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ സംഖ്യാജോടികൾ : $(0, 6 + 2\sqrt{6}), (0, 6 - 2\sqrt{6})$

.........................................................drvsr

**Q9.March 2017.**

ഒരു തലത്തിൽ വരച്ച വൃത്തത്തിന്റെ സമവാക്യം $(x-2)^2+(y-3)^2=25$ എന്നാണ്.

(a) വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സൂചക സംഖ്യകൾ എഴുതുക.

(b) വൃത്തത്തിന്റെ ആരം എത്ര ?

(c) (5, 7) ഈ വൃത്തത്തിലെ ബിന്ദുവാണോ ?

(d) ഈ വൃത്തം $x$-അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചക സംഖ്യകൾ എഴുതുക.

**Answer:-**

(a) കേന്ദ്രം ( a , b) യും ആരം r ഉം ആയ വൃത്തത്തിന്റെ

സമവാക്യം : $(x-a)^2+(y-b)^2=r^2$ ആണ്.

ഇതിനെ ഇവിടെ തന്നിട്ടുള്ള $(x-2)^2+(y-3)^2=(5)^2$ എന്ന വൃത്ത സമവാക്യവുമായി താരതമ്യം ചെയ്യാൽ

$a=2$ , $b=3$ , $r=5$ എന്നിങ്ങനെ കിട്ടുന്നു.

∴ <u>വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സംഖ്യാജോടി</u> = <u>( a , b )</u> = <u>(2,3)</u>

**(b) <u>വൃത്തത്തിന്റെ ആരം r</u> = <u>5 യൂണിറ്റ്</u>**

c) (5,7) ഈ വൃത്തത്തിലെ ബിന്ദുവാകണമെങ്കിൽ , ആ ബിന്ദുവും അതകേന്ദ്രമായ ( 2 , 3 ) ഉം തമ്മിലുള്ള അകലം , ആരമായ 5 യൂണിറ്റ് തന്നെയായിരിക്കണം. (5 , 7) , (2 , 3) എന്നിവ തമ്മിലുള്ള

അകലം $= \sqrt{(x_1-x_2)^2+(y_1-y_2)^2}$

$= \sqrt{(5-2)^2+(7-3)^2}$

$= \sqrt{(3)^2+(4)^2}$

$= \sqrt{9+16}$

$= \sqrt{25} = 5$ യൂണിറ്റ്

∴ <u>(5,7) ഈ വൃത്തത്തിലെ ബിന്ദുവാണ്.</u>

**(d)** വൃത്തം $x$ അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ $y$ സൂചകസംഖ്യ 0 ആയിരിക്കും. ഈ ബിന്ദുക്കൾ കിട്ടാൻ വൃത്തത്തിന്റെ സമവാക്യത്തിൽ $y = 0$ എന്ന് ആരോപിച്ചാൽ

$$(x-2)^2 + (0-3)^2 = (5)^2$$

$$(x-2)^2 + 9 = 25$$

$$(x-2)^2 = 25 - 9$$

$$\therefore (x-2)^2 = 16$$

$$\therefore (x-2) = \pm\sqrt{16}$$

$$(x-2) = \pm 4$$

$x - 2 = 4$ അല്ലെങ്കിൽ $x - 2 = -4$

$x = 4 + 2$ അല്ലെങ്കിൽ $x = -4 + 2$

$\therefore$ **$x = 6$** അല്ലെങ്കിൽ **$x = -2$**

$\therefore$ വൃത്തം $x$ അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സംഖ്യാജോടികൾ : **(6, 0)**, **(-2, 0)**

........................................................drvsr

**Q10**. March 2017

a) അക്ഷങ്ങൾ വരച്ച് (2, 4) എന്ന ബിന്ദു അടയാളപ്പെടുത്തുക. ഈ ബിന്ദു കേന്ദ്രമായി 4 യൂണിറ്റ് ആരമുള്ള വൃത്തം വരയ്ക്കുക.

b) വൃത്തം $x$ അക്ഷത്തെ തൊടുന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

c) വൃത്തം $y$ അക്ഷത്തെ മുറിച്ചുകടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ കണക്കാക്കുക.

**Answer:-**


A
4
2√3
O(2, 4)
B
2
2√3
4
C
D(2, 0)

**(b)** വൃത്തം X അക്ഷത്തെ തൊടുന്ന ബിന്ദുവിന്റെ സംഖ്യാജോടി : <u>(2 , 0)</u> ( ചിത്രത്തിലെ D എന്ന ബിന്ദു )

ചിത്രത്തിലെ O (2,4) കേന്ദ്രമായ 4 യൂണിറ്റ് ആരമുള്ള വൃത്തം , Y അക്ഷത്തെ ഖണ്ഡിക്കുന്ന ബിന്ദുക്കളാണ് A , C എന്നിവ.

O യിൽ നിന്നും Y അക്ഷത്തിലേക്ക് വരച്ചിട്ടുള്ള ലംബമാണ് OB.

ചിത്രത്തിലെ മട്ട $\Delta$ OBA യിൽ നിന്നും പൈതഗോറസ് സിദ്ധാന്ത പ്രകാരം

$$AB = \sqrt{OA^2 - OB^2}$$

ഇവിടെ OA = 4 (ആരം) , OB = 2 ( O യുടെ x സൂചക സംഖ്യ )

$$\therefore AB = \sqrt{4^2 - 2^2}$$
$$= \sqrt{16 - 4}$$
$$= \sqrt{12} = 2\sqrt{3}$$

എന്നാൽ $\Delta$ OAC ഒരു സമപാർശ്വ ത്രികോണമായതുകൊണ്ടും ( OA = OC = 4)

OB $\perp$ AC ആയതുകൊണ്ടും **AB = CB = $2\sqrt{3}$**

( ഒരു സമപാർശ്വ ത്രികോണത്തിന്റെ തുല്യ നീളമുള്ള വശങ്ങൾ ചേരുന്ന ശീർഷത്തിൽ നിന്ന് എതിർവശത്തേക്ക് വരക്കുന്ന ലംബം ആ വശത്തെ സമഭാഗം ചെയ്യുന്നു. )

$\therefore$ B യുടെ x സൂചകസംഖ്യ = 0 ( Y അക്ഷത്തിലെ ബിന്ദു )

B യുടെ y സൂചകസംഖ്യ = 4 ( O യുടെ y സൂചകസംഖ്യ , തിരശ്ചീനവര )

$\therefore$ A യുടെ x സൂചകസംഖ്യ = 0 ( Y അക്ഷത്തിലെ ബിന്ദു )

A യുടെ y സൂചകസംഖ്യ = **$4 + 2\sqrt{3}$**

$\therefore$ A യുടെ സംഖ്യാജോടി : $(0 , 4 + 2\sqrt{3})$

$\therefore$ C യുടെ x സൂചകസംഖ്യ = 0 ( Y അക്ഷത്തിലെ ബിന്ദു )

C യുടെ y സൂചകസംഖ്യ = **$4 - 2\sqrt{3}$**

$\therefore$ C യുടെ സംഖ്യാജോടി : $(0 , 4 - 2\sqrt{3})$

**<u>അതായത് വൃത്തം Y അക്ഷത്തെ ഖണ്ഡിക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ</u> : <u>$(0 , 4 + 2\sqrt{3})$ , $(0 , 4 - 2\sqrt{3})$</u>**

**.........................................................................drvsr**

**Q11.** March 2017.

a) (3, −1), (13, −9) എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വര വ്യാസമായ വൃത്തത്തിന്റെ കേന്ദ്രം കണ്ടുപിടിക്കുക. ഈ വൃത്തത്തിന്റെ സമവാക്യം കാണുക

b) x സൂചക സംഖ്യയും y സൂചക സംഖ്യയും തുല്യമായ ബിന്ദുക്കൾ ഈ വൃത്തത്തിൽ ഉണ്ടാവില്ല എന്ന് തെളിയിക്കുക.

**Answer:-**




(a) ചിത്രത്തിൽ O യുടെ സംഖ്യാജോടി = $((x_1 + x_2)/2, (y_1 + y_2)/2)$

(AB യുടെ മധ്യബിന്ദുവാണ് C)

$= (3 + 13/2, -1 + -9/2)$

$= (16/2, 10/2)$

$= \mathbf{(8, -5)}$

∴ **<u>വൃത്തകേന്ദ്രത്തിന്റെ സംഖ്യാജോടി</u> : (8, -5)**

വൃത്തത്തിന്റെ ആരം $OB = \sqrt{(x_1 - x_2)^2 + (y_1 - y_2)^2}$ (അകല സൂത്രവാക്യം)

$= \sqrt{(3-8)^2 + (-1 - -5)^2}$

$= \sqrt{(-5)^2 + (4)^2}$

$= \sqrt{25 + 16}$

$= \sqrt{41}$ യൂണിറ്റ്

വൃത്തകേന്ദ്രം (a, b) യും ആരം r ഉം ആയ വൃത്തത്തിന്റെ സമവാക്യം : $(x - a)^2 + (y - b)^2 = r^2$

∴ ഈ വൃത്തത്തിന്റെ സമവാക്യം : $(x - 8)^2 + (y - -5)^2 = (\sqrt{41})^2$

$\mathbf{(x - 8)^2 + (y + 5)^2 = 41}$

അതായത് $x^2 - 16x + 64 + y^2 + 10y + 25 = 41$

$$x^2 + y^2 - 16x + 10y + 64 + 25 - 41 = 0$$

$$\underline{\mathbf{x^2 + y^2 - 16x + 10y + 48 = 0}}$$

**(b)** x , y സൂചകസംഖ്യകൾ തുല്യമായ ഒരു ബിന്ദു ഈ വൃത്തത്തിൽ ഉണ്ടെങ്കിൽ ( x = y )

വൃത്തത്തിന്റെ സമവാക്യം : $x^2 + y^2 - 16x + 10y + 48 = 0$ എന്നത്

$x^2 + x^2 - 16x + 10x + 48 = 0$ എന്നാകുന്നു.

അതായത് $x^2 - 3x + 24 = 0$ ഇവിടെ a=1 , b=-3 , c=24

x ഉള്ള ഈ രണ്ടാംകൃതി സമവാക്യം നിർദ്ധാരണം ചെയ്യാനായി $b^2 - 4ac$ കണക്കാക്കിയാൽ

$$b^2 - 4ac = (-3)^2 - (4 \times 1 \times 24)$$
$$= 9 - (4 \times 1 \times 24)$$
$$= 9 - 96$$
$$= -87$$

$b^2 - 4ac < 0$ , ∴ ഈ സമവാക്യത്തിന് മൂല്യങ്ങൾ ഇല്ല.

അതായത് **x , y സൂചകസംഖ്യകൾ തുല്യമായ ബിന്ദുക്കൾ ഈ വൃത്തത്തിൽ ഉണ്ടാവില്ല.**

.........................................................................drvsr

## Q12. March 2017.




ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിന്റെ ആരം 6 യൂണിറ്റാണ്. AB എന്ന വര വൃത്തത്തെ P യിൽ തൊടുന്നു. $\angle OAB = 30^\circ$ ആയാൽ

a) A, P എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

b) AB യുടെ സമവാക്യം കണ്ടുപിടിക്കുക.

**<u>Answer:-</u>**



ചിത്രത്തിൽ വൃത്തകേന്ദ്രം O മുതൽ തൊട്ടുബിന്ദു P വരെ യോജിപ്പിച്ചിരിക്കുന്നു.
തൊട്ടുബിന്ദു P യിൽനിന്നും X അക്ഷത്തിലേക്ക് വരച്ചിരിക്കുന്ന ലംബമാണ് PC

**(a)** ചിത്രത്തിലെ മട്ട $\Delta$ OPA യിൽ നിന്നും OP , OA എന്നിവ ഉൾപ്പെടുന്ന

sin 30 പരിഗണിച്ചാൽ $\sin 30 = OP / OA$

$$\therefore \frac{1}{2} = 6 / OA$$

$$\therefore \mathbf{OA} = 2 \times 6 = \mathbf{12}$$

∴ <u>**A യുടെ സംഖ്യാജോടി : ( 12 , 0 )**</u> ( X അക്ഷത്തിലെ ബിന്ദു )

ചിത്രത്തിലെ മട്ട $\Delta$ OCP യിൽ നിന്നും OC , OP എന്നിവ ഉൾപ്പെടുന്ന

sin 30 പരിഗണിച്ചാൽ $\sin 30 = OC / OP$

$$\therefore \frac{1}{2} = OC / 6$$

$$2 \times OC = 6 \quad \therefore \mathbf{OC} = 6 / 2 = \mathbf{3}$$

മട്ട $\Delta$ OCP യിൽ നിന്നും CP , OP എന്നിവ ഉൾപ്പെടുന്ന

cos 30 പരിഗണിച്ചാൽ $\cos 30 = CP / OP$

$$\sqrt{3} / 2 = CP / 6$$

$$2 \times CP = 6\sqrt{3} \quad \therefore \mathbf{CP} = 6\sqrt{3} / 2 = \mathbf{3\sqrt{3}}$$

**(b)** <u>**AB യുടെ സമവാക്യം കണ്ടുപിടിക്കുന്നതിന്**</u>

AB എന്ന വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$$= (3\sqrt{3} - 0) / (3 - 12)$$

$$= 3\sqrt{3} / -9$$

∴ AB എന്ന വരയുടെ ചരിവ് = $\mathbf{-\sqrt{3} / 3}$

വരയിലെ ബിന്ദുവാണ് (x , y) എങ്കിൽ

AB എന്ന വരയുടെ ചരിവ് = $(y_2 - y_1) / (x_2 - x_1)$

$$-\sqrt{3} / 3 = (y - 0) / (x - 12)$$

$$-\sqrt{3}(x - 12) = 3y$$

$$-\sqrt{3}x + 12\sqrt{3} = 3y$$

$$-\sqrt{3}x - 3y + 12\sqrt{3} = 0$$

അതായത് **AB എന്ന വരയുടെ സമവാക്യം : $-\sqrt{3}x - 3y + 12\sqrt{3} = 0$**

അല്ലെങ്കിൽ **$\sqrt{3}x + 3y - 12\sqrt{3} = 0$**

.................................................................. drvsr

**Q13.** March 2017.



ചിത്രത്തിൽ A, B എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ സമവാക്യം $x + 2y = 10$ ആണ്. ഈ വരയിലെ ബിന്ദുക്കളാണ് P, Q.

a) A, B എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

b) A, B എന്ന വരയെ 2 : 3 എന്ന അംശബന്ധത്തിൽ ഭാഗിക്കുന്ന P എന്ന ബിന്ദുവിന്റെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

c) AQ : BQ = 2 : 3 ആയാൽ Q എന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

## Answer:-



ചിത്രത്തിലെ AB എന്ന വരയുടെ സമവാക്യം $x + 2y = 10$ എന്ന തന്നിട്ടുണ്ട്

**(a)** A യുടെ y സൂചകസംഖ്യ 0 ആണ്. ( A , X അക്ഷത്തിലെ ബിന്ദുവാണ്. )

$y = 0$ എന്ന വില $x + 2y = 10$ എന്ന സമവാക്യത്തിൽ ആരോപിച്ചാൽ

$$x + (2 \times 0) = 10$$

$$x + 0 = 10$$

$$x = 10$$

∴ **A യുടെ സംഖ്യാജോടി : ( 10 , 0 )**

B യുടെ X സൂചകസംഖ്യ 0 ആണ്. ( B , Y അക്ഷത്തിലെ ബിന്ദുവാണ്. )

$x = 0$ എന്ന വില $x + 2y = 10$ എന്ന സമവാക്യത്തിൽ ആരോപിച്ചാൽ

$$0 + 2y = 10$$

$$2y = 10$$

$$y = 10/2 = 5$$

∴ **B യുടെ സംഖ്യാജോടി : ( 0 , 5 )**

**(b)** P യുടെ സൂചകസംഖ്യകൾ കണക്കാക്കുന്നതിന്

ചിത്രത്തിലെ P യുടെ x സൂചകസംഖ്യ $x = x_1 + p/w\ (x_2 - x_1)$

$= 10 + 2/5\ (0 - 10) \quad (p = 2 ,\ w = 5)$

$= 10 + 2/5 \times -10$

$= 10 + -4$

$= 6$

P യുടെ y സൂചകസംഖ്യ y $\quad y_1 + p/w\ (y_2 - y_1)$

$= 0 + 2/5\ (5 - 0) \quad (p = 2 ,\ w = 5)$

$= 0 + 2/5 \times 5$

$= 0 + 2$

$= 2$

∴ P യുടെ സംഖ്യാജോടി = ( 6 , 2 )

**(c)** Q വിന്റെ സൂചകസംഖ്യകൾ കണക്കാക്കുന്നതിന്

ചിത്രത്തിലെ AQ : BQ = 2:3 എന്ന തന്നിട്ടുള്ളതു കൊണ്ട് BA : AQ = 1:2

Q വിന്റെ സംഖ്യാജോടി = ( X , Y ) എന്ന കരുതിയാൽ




B യിൽ നിന്നും A യിലേയ്ക്ക് 1 കൂടുമ്പോൾ x സൂചകസംഖ്യ 0 + 10 = 10 കൂടി **A** യുടെ **x** സൂചകസംഖ്യയായ **10** കിട്ടുന്നു.

. A യിൽ നിന്നും Q വിലേയ്ക്ക് 2 കൂടുമ്പോൾ ( അതായത് 1 x 2 = 2 ) , x സൂചകസംഖ്യ 0 + (2 x 10) = 20 കൂടി Q വിന്റെ

**x** സൂചകസംഖ്യ = 10 + 20 = **30** എന്ന് കിട്ടുന്നു. ഇതേ രീതിയിൽ

B യിൽ നിന്നും A യിലേയ്ക്ക് 1 കൂടുമ്പോൾ y സൂചകസംഖ്യ 0 - 5 = -5 കൂടി **A** യുടെ **y** സൂചകസംഖ്യയായ **0** കിട്ടുന്നു.

. A യിൽ നിന്നും Q വിലേയ്ക്ക് 2 കൂടുമ്പോൾ ( അതായത് 1 x 2 = 2 ) , x സൂചകസംഖ്യ 0 + (2 x -5) = **-10** കൂടി Q വിന്റെ

**x** സൂചകസംഖ്യ = 0 + -10 = **-10** എന്ന് കിട്ടുന്നു.

∴ Q വിന്റെ സംഖ്യാജോടി = (30 , -10)

OR

**(c)** $AQ : BQ = 2 : 3$

$AQ : AB = 2 : 1$

$(x_1, y_1) = (x, y)$

$(x_2, y_2) = (0, 5)$

$(x, y) = (10, 0)$

$m : n = 2 : 1$

$$x = \frac{mx_2 + nx_1}{m + n}$$

$$10 = \frac{2 \times 0 + 1 x}{2 + 1} = \frac{x}{3}$$

$x = 30$

$$y = \frac{my_2 + ny_1}{m + n} =$$

$$0 = \frac{2 \times 5 + 1 \times y}{2 + 1} = \frac{10 \cdot}{\cdot}$$

$0 = 10 + y$

$y = -10$

Q വിന്റെ സൂചകസംഖ്യ (30, -1

.....................................................................................drvsr

**Q14.** March 2015

x, y അക്ഷങ്ങൾ വരച്ച് A (−1, 2), B (6, 3) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.



**Q15.** March 2015




ചിത്രത്തിൽ C കേന്ദ്രമായ വൃത്തത്തിന്റെ ആരം 5 ആണ്. ഈ വൃത്തം A (8,0) എന്ന ബിന്ദുവിലൂടെ കടന്നുപോകുന്നു. $x$ അക്ഷത്തിന് ലംബമാണ് PC എങ്കിൽ P, B, C എന്നീ ബിന്ദുക്കളുടെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

**Answer:-**



OA = 8 ; ∴ OP = 8/2 = 4; P (4, 0).

AC = 5; PA = 4.

CPA is a right angled triangle .

Hence PC = $\sqrt{5^2-4^2}=\sqrt{25-16}=\sqrt{9}=3$.

∴ C (4, 3).

CD = 4; BC = 5, BDC is a right angled triangle

$$BD=\sqrt{5^2-4^2}=\sqrt{25-16}=\sqrt{9}=3$$

$$\therefore B(6,0)$$

……………………………………………………drvsr

**Q 16**. March 2015

A (1,3) എന്ന ബിന്ദുവിലൂടെ, ചരിവ് 2 ആയ ഒരു വര കടന്നു പോകുന്നു.

a) B (3, 7) എന്ന ബിന്ദു ഈ വരയിലാണോ എന്ന് പരിശോധിക്കുക.

b) ഈ വരയുടെ സമവാക്യം എഴുതുക.

c) BC=2AB ആകത്തക്കവിധത്തിൽ ഈ വരയിലെ ഒരു ബിന്ദുവാണ് C എങ്കിൽ ഈ ബിന്ദുവിന്റെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

**Answer:-**

ചരിവ്(m) = 2

ie., $m = \frac{y_2 - y_1}{x_2 - x_1}$ ; $x_1$ , $y_1$$x_2$ , $y_2$

Given points A( 1 , 3 ) B ( 3 , 7)

$$\Rightarrow m = \frac{7 - 3}{3 - 1} = \frac{4}{2} = 2 .$$

ഇവിടെചരിവുകൾതുല്യമായതിനാൽ ബിന്ദുക്കൾ വരയിലാണ്.

b)

$$Equation = y - y_1 = m(x - x_1$$

$$ie., y - 3 = 2(x - 1); \Rightarrow y - 3 = 2x - 2; \Rightarrow 2x - 2 = y - 3$$

$$\Rightarrow 2x - y - 2 + 3 = 0; \Rightarrow 2x - y + 1 = 0.$$

c)

BC = 2ABആകണമെങ്കിൽBCയുടെ മധ്യ ബിന്ദുആകണംA.

$x_2$ , $y_2$)



Midpoint

$$= \left( \frac{x_1 + x_2}{2}, \frac{y_1 + y_2}{2} \right) = \left( \frac{x_1 + 3}{2} = 1, \frac{y_1 + 7}{2} = 3 \right)$$

$$\Rightarrow x_1 + 3 = 2, y_1 + 7 = 6 \Rightarrow x_1 = -1, y_1 = -1$$

$$\therefore C(-1, -1)$$

.....................................................................................drvsr

## Q 17. March 2015

ഒരു വരയുടെ സമവാക്യം $y = 2x$ എന്നതാണ്.

a) ഈ വരയിലെ ഒരു ബിന്ദുവാണ് A. ഈ ബിന്ദുവിന്റെ $x$ സൂചക സംഖ്യ −2 ആയാൽ y സൂചകസംഖ്യ എന്താണ് ?

b) A കേന്ദ്രമായി 5 ആരമുള്ള വൃത്തം B (5,5) എന്ന ബിന്ദുവിലൂടെ കടന്നുപോകുമോ എന്ന് പരിശോധിക്കുക.

**<u>Answer:-</u>**

വരയുടെസമവാക്യംy = 2x

x = -2, y = ? .

ie., y = 2 × -2 = -4.

b )A യുടെസൂചകസംഖ്യ = (-2, -4).

AB = 5 (ആരം) , ബിന്ദുക്കൾ തമ്മിലുള്ളഅകലംകാണുക.

$x_1, y_1 \quad x_2, y_2$

ബിന്ദുക്കൾ (-2, -4) (5, 5)

$$ie., \sqrt{(x_2-x_1)^2+(y_2-y_1)^2}; \Rightarrow \sqrt{(5+2)^2+(5+4)^2} \Rightarrow \sqrt{7^2+9^2} \Rightarrow \sqrt{49+81} \Rightarrow \sqrt{1}$$

ഇവിടെ$\sqrt{130} = 5^2$ന് തുല്യമല്ലാത്തതിനാൽ(5, 5) എന്ന ബിന്ദുവരയിലൂടെ കടന്നു പോകുകയില്ല.

……………………………………………………….drvsr

## Q 18. March 2014

a. x, y അക്ഷങ്ങൾ വരച്ച് A(2, 0), B(5, 0), C(7, 3) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.

b. ABCD ഒരു സാമാന്തരികമായാൽ D യുടെ സൂചകസംഖ്യകൾ എഴുതുക.

c. സാമാന്തരികം ABCD വരക്കുക.




D യുടെ സൂചകസംഖ്യകൾ (4, 3) ആണ്.

## Q 19. March 2014

ചിത്രത്തിൽ വൃത്തകേന്ദ്രമാണ് C(3, 0). കൂടാതെ വൃത്തത്തിന്റെ ആരം 5 യൂണിറ്റാണ്.

---




a. A, B, P, Q, എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടു പിടിക്കുക.
b. വൃത്തത്തിലെ മറ്റൊരു ബിന്ദുവിന്റെ സൂചക സംഖ്യകൾ കണ്ടു പിടിക്കുക.
c. (0, 5)എന്ന ബിന്ദു വൃത്തത്തിനകത്താണോ എന്ന് പരിശോധിക്കുക.

## Answer:-




$CM \perp OX$
$OC = 3$
$CA = CP = CM = CB = 5$
$OA = 5 - 3 = 2$
$OB = 5 + 3 = 8$
$OP^2 = CP^2 - OC^2$
$= 5^2 - 3^2 = 25 - 9 = 16$
$OP = 4; \quad OQ = 4$

A(-2, 0), B(8, 0), P(0, 4), Q(0, -4) എന്നിങ്ങനെയാണ് സൂചകസംഖ്യകൾ.
വൃത്തത്തിലെ മറ്റൊരു ബിന്ദുവാണ് M(3, 5)

## Q 20. March 2014

a. A(2, -3), B(6, 3) ഇവ യോജിപ്പിക്കുന്ന വരയുടെ ചരിവ് എന്താണ് ? ഈ വരയുടെ സമവാക്യം കണ്ടുപിടിക്കുക.

b. ഈ വര x-അക്ഷത്തെ ഖണ്ഡിക്കുന്ന ബിന്ദു C യുടെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

c. AB എന്ന വരയുടെ മധ്യബിന്ദുവാണ് C എന്ന് സമർത്ഥിക്കുക.

**Answer:-**

$x_1, y_1 \quad x_2, y_2$

ബിന്ദുക്കൾ (2, -3) (9, 3)

Slop of AB (m) $= \dfrac{y_2 - y_1}{x_{_} - x_1} = \dfrac{3+3}{6-2} = \dfrac{6}{4} = \dfrac{3}{2}$

വരയുടെസമവാക്യം $y - y_1 = m(x - x_1)$

ie., $y + 3 = 3/2(x - 2)$ . cross multiply.

ie., $2(y + 3) = 3(x - 2)$ ; $\Rightarrow 2y + 6 = 3x - 6$ ;

$\Rightarrow 3x - 6 = 2y + 6$ .

$3x - 2y - 6 - 6 = 0$ .; $\Rightarrow 3x - 2y - 12 = 0$.

b)ഇവിടെ$x$അക്ഷത്തിൽ$y = 0$ ആയിരിക്കും.

$\therefore y = 0$ ,ആകുമ്പോൾ . $3x - 2y - 12 = 0$

$3x - 2\ 0 - 12 = 0$ ,$\Rightarrow 3x - 0 - 12 = 0$ , $\Rightarrow 3x = 12$ ,

$\Rightarrow x = 12/3 = 4$.

$\therefore C(4, 0)$.

c) $Midpo\text{ int} = \left(\frac{x_1 + x_2}{2}, \frac{y_1 + y_2}{2}\right)$

$x_1, y_1 \quad x_2, y_2$

ബിന്ദുക്കൾ A (2, -3) **B**(6, 3)

$ie., \left(\frac{2+6}{2}, \frac{-3+3}{2}\right) = \left(\frac{8}{2}, \frac{0}{2}\right) = (4,0)$ . ie., C( 4, 0)

$\therefore$ AB യുടെ മധ്യ ബിന്ദുആണ് C.

……………………………………………………drvsr

**Q.21**. March 2013.




ചിത്രത്തിൽ, C കേന്ദ്രമായ വൃത്തത്തിലെ A, B എന്നീ ബിന്ദുക്കളിലുള്ള തൊടുവരകളാണ് X അക്ഷവും Y അക്ഷവും. A യുടെ സൂചകസംഖ്യകൾ (4, 0) ആയാൽ B, C എന്നിവയുടെ സൂചകസംഖ്യകൾ കാണുക.

**Answer:-**




OA = 4 യൂണിറ്റ്

OA =OB = 4 യൂണിറ്റ് (ബാഹ്യ ബിന്ദുവിൽ നിന്നുള്ള തൊടുവരകൾ)

B യുടെ സൂചക സംഖ്യ (0,4)

C യുടെ സൂചക സംഖ്യ (4,4)

……………………………………………………………drvsr

**Q.22**.March 2013.

a) (2, 4) എന്ന ബിന്ദു കേന്ദ്രമായതും 5 യൂണിറ്റ് ആരമുള്ളതുമായ വൃത്തം (2, 0) എന്ന ബിന്ദുവിൽക്കൂടി കടന്നുപോകുമോ എന്ന് പരിശോധിക്കുക.

b) ഈ വൃത്തം X അക്ഷത്തെ ഖണ്ഡിക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക.

## Answer:-



a) (2,0) എന്ന ബിന്ദുവിലൂടെ കടന്നു പോകില്ല

b) ΔPRC യിൽ നിന്നും $PR=\sqrt{5^2-4^2}=\sqrt{25-16}=\sqrt{9}=3$ ഇതു പോലെ ΔQRC യിൽ നിന്നും QR=3. അതിനാൽ വൃത്തം അക്ഷത്തെ ഖണ്ഡിച്ച ബിന്ദുക്കൾ (-1,0) ,(5,0)

........................................................drvsr

## Q.23.

ചുവടെയുള്ള ചിത്രത്തിൽ ABCD ഒരു സാമാന്തരികമാണ്. AP, DQ എന്നീ വരകൾ x-അക്ഷത്തിന് സമാന്തരവും, BP, CQ എന്നീ വരകൾ y-അക്ഷത്തിന് സമാന്തരവുമാണ്.




(a) AP, BP ഇവയുടെ നീളമെത്രയാണ് ?

(b) DQ, CQ ഇവയുടെ നീളമെത്രയാണ് ?

(c) C -യുടെ സൂചകസംഖ്യകൾ എന്താണ് ?

## Answer:-




മട്ട Δ APB , മട്ട Δ DQC എന്നിവയുടെ കർണ്ണവും ഒരു വശവും തുല്യമായതു കൊണ്ട്
അവ സർവ്വസമങ്ങളായിരിക്കും.

ചിത്രത്തിലെ P യുടെ x സൂചകസംഖ്യ = 6 ( ലംബവര ∴ B യുടെ x സൂചകസംഖ്യ )

P യുടെ y സൂചകസംഖ്യ = 5 ( തിര.വര ∴ A യുടെ y സൂചകസംഖ്യ )

∴ P യുടെ സംഖ്യാ ജോടി = ( 6 , 5 )

(a) ചിത്രത്തിൽ AP = |6 − 2| = |4| = 4 , BP = |7 − 5| = |2| = 2

(b) മട്ട Δ APB , മട്ട Δ DQC എന്നിവ സർവ്വസമങ്ങളായതുകൊണ്ട്

DQ = 4 , CQ = 2 ( സമാന വശങ്ങൾ തുല്യം )

(c) Q വിന്റെ x സൂചകസംഖ്യ = D യുടെ x സൂചകസംഖ്യ + 4 = 3 + 4 = 7

Q വിന്റെ y സൂചകസംഖ്യ = D യുടെ y സൂചകസംഖ്യ = 8 ( തിരശ്ചീന വര )

∴ Q വിന്റെ സംഖ്യാ ജോടി = ( 7 , 8 )

∴ C യുടെ x സൂചകസംഖ്യ = Q വിന്റെ x സൂചകസംഖ്യ = 7 ( ലംബ വര )

C യുടെ y സൂചകസംഖ്യ = Q വിന്റെ y സൂചകസംഖ്യ + 2 = 8 + 2 = 10

**∴ C യുടെ സംഖ്യാ ജോടി = ( 7 , 10 )**

..........................................................drvsr

# Q.24

(1, 4), (5, 6) എന്നിവ സൂചകസംഖ്യകളായ ബിന്ദുക്കളിലൂടെ കടന്നുപോകുന്ന വര വരയ്ക്കുന്നു.

(a) ഈ വരയിലെ ഒരു ബിന്ദുവിന്റെ x-സൂചകസംഖ്യ 3 ആണ്. അതിന്റെ y-സൂചക സംഖ്യ എന്താണ് ?

(b) ഈ വരയിലെ ഒരു ബിന്ദുവിന്റെ y-സൂചകസംഖ്യ 3 ആണ്. അതിന്റെ x-സൂചക സംഖ്യ എന്താണ് ?

(c) ഈ വരയിലെ ഏതു രണ്ടു ബിന്ദുക്കളുടെയും x-സൂചകസംഖ്യകളുടെ വ്യത്യാസവും y-സൂചകസംഖ്യകളുടെ വ്യത്യാസവും തമ്മിലുള്ള ബന്ധം എന്താണ് ?

(d) ഈ വരയിലെ ഏതു ബിന്ദുവിന്റെയും x-സൂചകസംഖ്യയും y-സൂചകസംഖ്യയും തമ്മിലുള്ള ബന്ധം ഒരു ബീജഗണിത സമവാക്യമായി എഴുതുക.

Answer;-




**(a)** (1 , 4) , (5 , 6) എന്നീ ബിന്ദുക്കൾ ഉപയോഗിച്ച്

വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$= (6 - 4) / (5 - 1)$

$= 2/4$

$= ½$

ഇതിൽ നിന്നും x സൂചകസംഖ്യ 1 കൂടുമ്പോൾ , y സൂചക സംഖ്യ ഈ വർദ്ധനവിന്റെ ½ ഭാഗം കൂടുന്നു എന്ന് മനസ്സിലാക്കാം.

ഈ വരയിലെ ഒരു ബിന്ദുവിന്റെ x സൂചകസംഖ്യ 3 ആയതുകൊണ്ട് ഈ വരയിലെ (1,4) എന്ന ബിന്ദു അടിസ്ഥാനമാക്കിയാൽ x സൂചകസംഖ്യ 2 വർദ്ധിക്കണം. ∴ y സൂചകസംഖ്യ നിലവിലുള്ള വർദ്ധനവിന്റെ ½ ഭാഗം , 2 x ½ അതായത് 1 വർദ്ധിക്കുന്നു. ∴ ആ ബിന്ദുവിന്റെ y സൂചകസംഖ്യ കിട്ടാൻ നിലവിലെ y സൂചകസംഖ്യയായ 4 നോട് 1 കൂട്ടണം

∴ ഈ വരയിലെ x സൂചകസംഖ്യ 3 ആയ ബിന്ദുവിന്റെ y സൂചകസംഖ്യ = 4 + 1 = 5

(.c) ഈ വരയിലെ ഏതു രണ്ടു ബിന്ദുക്കളുടേയും x സൂചകസംഖ്യകളുടെ വ്യത്യാസവും y സൂചകസംഖ്യകളുടെ വ്യത്യാസവും തമ്മിലുള്ള അംശബന്ധം = 2 : 1

**(d)** ഈ വരയിലെ ഒരു ബിന്ദു ( x,y ) എന്ന് കരുതിയാൽ (1 , 4) , (x , y) എന്നീ ബിന്ദുക്കൾ ഉപയോഗിച്ച് വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$$\therefore ½ = (y - 4) / (x - 1)$$

$$1(x - 1) = 2(y - 4)$$

$$x - 1 = 2y - 8$$

$$x - 2y = -8 + 1 = -7$$

$$x - 2y + 7 = 0$$

……………………………………………………drvsr

# Q25.

(4, 3), (0, 1) ഇവ സൂചകസംഖ്യകളായ ബിന്ദുക്കൾ യോജിപ്പിക്കുന്ന വര വരയ്ക്കുന്നു.

(a) ഈ വരയുടെ നീളമെത്രയാണ് ?

(b) ഈ വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ എന്താണ് ?

(c) ഈ വര വ്യാസമായി വരയ്ക്കുന്ന വൃത്തത്തിന്റെ സമവാക്യമെന്താണ് ?

(d) ഈ വൃത്തം x-അക്ഷത്തെ മുറിച്ചുകടക്കുന്ന ബിന്ദുക്കളുടെ x-സൂചകസംഖ്യകൾ കണ്ടുപിടിക്കാനുള്ള സമവാക്യം എന്താണ് ? അതുപയോഗിച്ച് ഈ ബിന്ദുക്കളുടെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

Answer:-




<u>(a)</u> ചിത്രത്തിലെ വരയുടെ നീളം = $\sqrt{(x_2 - x_1)^2 + (y_2 - y_1)^2}$

ഇവിടെ $x_2 = 4$ , $x_1 = 0$ , $y_2 = 3$ , $y_1 = 1$

∴ <u>വരയുടെ നീളം</u> = $\sqrt{(4-0)^2 + (3-1)^2}$

$= \sqrt{(4)^2 + (2)^2}$

$= \sqrt{16 + 4}$

$= \sqrt{20} =$ <u>$2\sqrt{5}$ യൂ</u>

<u>(b)</u> വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ = $(x_1 + x_2 / 2 , y_1 + y_2 / 2)$

ഇവിടെ $x_1 = 0$ , $x_2 = 4$ , $y_1 = 1$ , $y_2 = 3$

വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ = $(x_1 + x_2 / 2 , y_1 + y_2 / 2)$

$= (0 + 4/2 , 1 + 3/2)$

$= (4/2 , 4/2)$

= <u>(2 , 2)</u>

<u>(c)</u> വര വ്യാസമായി വരയ്ക്കുന്ന വൃത്തത്തിന്റെ ആരം = വരയുടെ നീളം / 2

$= 2\sqrt{5} / 2 = \sqrt{5}$ **യൂ.**

ഈ വൃത്തത്തിലെ ഒരു ബിന്ദു (x,y) പരിഗണിച്ചാൽ

ആരം = $\sqrt{5}$

$\therefore \sqrt{(x-2)^2 + (y-2)^2} = \sqrt{5}$

ഇരു വശത്തും വർഗ്ഗം എടുത്താൽ

$(x-2)^2 + (y-2)^2 = 5$

$x^2 - 4x + 4 + y^2 - 4y + 4 = 5$

$x^2 + y^2 - 4x - 4y + 4 + 4 - 5 = 0$

അതായത് വൃത്തത്തിന്റെ സമവാക്യം : $\mathbf{x^2 + y^2 - 4x - 4y + 3 = 0}$

**(d)** വൃത്തം x അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളിലെ y സൂചകസംഖ്യ 0 ആയിരിക്കും.

$y = 0$ എന്ന വില വൃത്തത്തിന്റെ സമവാക്യത്തിൽ ആരോപിച്ചാൽ

$x^2 + (0)^2 - 4x - 4(0) + 3 = 0$

അതായത് $x^2 - 4x = -3$

ഇരു വശത്തും x ന്റെ ഗുണോത്തരമായ -4 ന്റെ പകുതിയായ -2 ന്റെ വർഗ്ഗം 4

കൂട്ടിയാൽ ( വർഗ്ഗത്തികവ് രീതി ) $x^2 - 4x + 4 = -3 + 4$

അതായത് $(x-2)^2 = 1$

$x - 2 = \pm\sqrt{1}$

$\therefore$ $x - 2 = 1$ അല്ലെങ്കിൽ $x - 2 = -1$

$x = 1 + 2$ അല്ലെങ്കിൽ $x = -1 + 2$

$x = 3$ അല്ലെങ്കിൽ $x = 1$

$\therefore$ വൃത്തം x അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ : (3 , 0) , (1 , 0)

.............................................................................drvsr

## Q26.

വശങ്ങളുടെ അകലം എത്ര.




**Answer:-**

$$AB = \sqrt{(-3-4)^2 + (5-6)^2} = \sqrt{(-7)^2 + (-1)^2} = \sqrt{50}$$

$$BC = \sqrt{(4-4)^2 + (6+3)^2} = \sqrt{(0)^2 + (9)^2} = 9$$

$$CD = \sqrt{(4+3)^2 + (-3+2)^2} = \sqrt{(7)^2 + (-1)^2} = \sqrt{50}$$

$$AD = \sqrt{(-3+3)^2 + (5+2)^2} = \sqrt{(0)^2 + (7)^2} = 7$$

drvsr

## Q27. Scert 2017

*ABCD* സമഭുജസാമാന്തരികമാണ്. വികർണങ്ങൾ കൂട്ടിമുട്ടുന്ന ബിന്ദു ആധാരബിന്ദുവാണ്. വികർണങ്ങളുടെ നീളങ്ങൾ 8 യൂണിറ്റും 6 യൂണിറ്റും ആണ്. മൂലകളുടെ സൂചകസംഖ്യകൾ കണക്കാക്കുക.




**ഉത്തര സൂചിക**

- ചിത്രം ഉപയോഗിച്ച് മൂലകളുടെ സൂചകസാഖ്യകൾ കണക്കാക്കുന്നു.
  (3, 0), (−3, 0), (0, 4), (0, −4)

........................................................................drvsr

## Q.28. Scert 2017

ആധാരബിന്ദു കേന്ദ്രമായ 6 യൂണിറ്റ് ആരമുള്ള വൃത്തത്തിന്റെ തൊടുവരയാണ് *PA*. *P* യുടെ സൂചകസംഖ്യകൾ (10, 0) ആയാൽ തൊടുവരകളുടെ നീളം എത്ര? *A* യുടെ സൂചകസംഖ്യകൾ ഏവ?

(സ്കോർ 5, സമയം 8 മിനിട്ട്)

**ഉത്തര സൂചിക**




(0, 0), (10, 0) തമ്മിലുള്ള അകലം = 10

വ്യാസത്തിന്റെ ആരം = 5

∴ തൊടുവരയുടെ നീളം = $\sqrt{10^2+6^2}$ =

$\sqrt{100-36} = \sqrt{64} = 8$

$OC \times OP = r^2$

$OC = \frac{r^2}{OP} = \frac{36}{10} = 3.5$

$AC = \sqrt{6^2+(3.6)^2} = \sqrt{36-12.96} = \sqrt{23.04} = 4.8$

A സൂചകസംഖ്യ (3.6, 4.8)

# Q29 Scert

ചിത്രത്തിൽ $P$ യുടെ സൂചകസംഖ്യ (36, 48) ആയാൽ $A$, $B$, $M$ ഇവയുടെ സൂചക സംഖ്യകൾ എഴുതുക.

(സ്കോർ 4 സമയം 7 മിനിട്ട്)




**ഉത്തര സൂചിക**

ത്രികോണം OMP മട്ടത്രികോണം

$\therefore \quad OP = \sqrt{48^2 + 36^2} = 60$

ത്രികോണം PAO, OMP സദൃശമാണ്.

$= \frac{OA}{OP} = \frac{OP}{PM} \therefore \quad OA = \frac{OP^2}{PM} = \frac{60^2}{48} = 75$

ത്രികോണം OMP, OPB സദൃശമാണ്. 1

$= \frac{OB}{OP} = \frac{OP}{OM} \therefore OB = \frac{OP^2}{OM} = \frac{60^2}{36} = 100$

M ന്റെ സൂചകസംഖ്യകൾ (36, 0)

A യുടെ സൂചകസംഖ്യകൾ (0, 75)

B യുടെ സൂചകസംഖ്യകൾ (100, 0)

**.............................................................drvsr**

***The End of the Chapter Soochakasamya.***

***Dr.V.S.RaveendraNath***

***M.Sc.,M.Ed.,Ph.D.***

# 7

# തൊടുവരകൾ

## ഓർമ്മയിൽ സൂക്ഷിക്കാൻ

- വൃത്തത്തിലെ ഒരു ബിന്ദുവിലൂടെയുള്ള തൊടുവര, ആ ബിന്ദുവിലൂടെയുള്ള വ്യാസത്തിന് ലംബമാണ്.




$AB \perp PQ$

- ഒരു വൃത്തത്തിന്റെ കേന്ദ്രവും, അതിലെ രണ്ട് ബിന്ദുക്കളും, ഈ ബിന്ദുക്കളിലൂടെയുള്ള തൊടുവരകൾ കൂട്ടിമുട്ടുന്ന ബിന്ദുവും മൂലകളായ ചതുർഭുജം ചക്രീയമാണ്.




ചതുർഭുജം PAOB ഒരു ചക്രീയ ചതുർഭുജം.

$\angle AOB = 180 - \angle P$

- ഒരു വൃത്തത്തിലെ രണ്ട് ബിന്ദുക്കളിലൂടെയുള്ള ആരങ്ങൾ ചേരുന്ന കോണും, ഈ ബിന്ദുക്കളിലെ തൊടുവരകൾ ചേരുന്ന കോണും അനുപൂരകമാണ്.
- വൃത്തത്തിലെ ഒരു ഞാണിന്റെ രണ്ടറ്റങ്ങളിലൂടെയുള്ള തൊടുവരകൾ ഞാണുമായുണ്ടാക്കുന്ന കോൺ, ഞാണിന്റെ കേന്ദ്രകോണിന്റെ പകുതിയാണ്. കൂടാതെ ഞാണും തൊടുവരയും നിർണയിക്കുന്ന കോൺ, ഞാണിന്റെ മറുവശത്തുള്ള വൃത്തഭാഗത്ത് ഉണ്ടാക്കുന്ന കോണിന് തുല്യമാണ്.






* ചിത്രത്തിൽ AB എന്ന ഞാൺ പുറത്തേയ്ക്ക് നീട്ടിയതും C എന്ന ബിന്ദുവിലെ തൊടുവരയും P യിൽ കൂട്ടിമുട്ടുന്നു.

$$PA \times PB = PC^2$$

PA, PB ഇവ വശങ്ങളായ ചതുരത്തിന്റേയും PC വശമായ സമചതുരത്തിന്റേയും പരപ്പളവുകൾ തുല്യമാണ്.






* കൂട്ടിമുട്ടുന്ന രണ്ട് വരകളെ തൊടുന്ന വൃത്തത്തിന്റെ കേന്ദ്രം, വരകൾ ചേരുന്ന കോണിന്റെ സമഭാജിയിലാണ്.

* ഏത് ത്രികോണത്തിലും കോണുകളുടെ സമഭാജികളെല്ലാം ഒരു ബിന്ദുവിൽ കൂട്ടിമുട്ടുന്നു. ഈ ബിന്ദു കേന്ദ്രമാക്കി ത്രികോണത്തിന്റെ മൂന്ന് വശങ്ങളേയും തൊടുന്ന വൃത്തം വരയ്ക്കാം. ഈ വൃത്തത്തെ ത്രികോണത്തിന്റെ അന്തർവൃത്തം എന്ന് പറയുന്നു. കേന്ദ്രത്തിൽ നിന്നും വശങ്ങളിലേയ്ക്കുള്ള ലംബദൂരമാണ് ആരം.



* ഒരു ത്രികോണത്തിന്റെ അന്തർവൃത്തത്തിന്റെ ആരം, ത്രികോണത്തിന്റെ പരപ്പളവിനെ ചുറ്റളവിന്റെ പകുതി കൊണ്ട് ഹരിച്ചതാണ്.

$$r = \frac{A}{s}$$

A - ത്രികോണത്തിന്റെ പരപ്പളവ്

s - ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതി

- ത്രികോണത്തിന്റെ ഓരോ മൂലയിൽനിന്നും അന്തർവൃത്തത്തിലേക്കുള്ള തൊടുവരകളുടെ നീളം, ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതിയിൽ നിന്നും എതിർവശം കുറച്ചതാണ്.




$AP = AR = s - a$

$BP = BQ = s - b$

$CQ = CR = s - c$

a, b, c ത്രികോണത്തിന്റെ വശങ്ങൾ

$s = \dfrac{a+b+c}{2}$ ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതി

- ഹെറോണിന്റെ സൂത്രവാക്യം

ഒരു ത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങൾ a, b, c ഉം ചുറ്റളവിന്റെ പകുതി s ഉം ആയാൽ പരപ്പളവ് $\sqrt{s(s-a)(s-b)(s-c)}$

..............................................................................................................drvsr

## Question 1. March 2017


... AP, AQ, BC ... ΔABC ...
70 ... BP = 10 ... CQ = 7 ...



(a) ... BC ... ?
[15 ..., 17 ..., 14 ..., 16 ...]

(b) ΔABC ...

(c) ΔABC ...

**Answer:-**




BC വൃത്തത്തെ തൊടുന്ന ബിന്ദു D ആയാൽ PB = BD & QC = CD (തൊടുവരകൾ തുല്യം)

(a) BC = BD + CD = PB + QC = 10 + 7 = 17 cm

(b) AP = AQ (തൊടുവരകൾ തുല്യം)

ത്രികോണത്തിന്റെ ചുറ്റളവ് = AB + AC + BC

= AB + AC + PB + QC

= AP + AQ = 2 x AP

ie 2 x AP = 70

AP = 70/2 = 35

AB = AP – PB = 35 – 10 = 25 cm

AC = AQ – CQ = 35 – 7 = 28 cm

(c) S = (AB + AC + BC)/2 = 70/2 = 35

ത്രികോണത്തിന്റെ പരപ്പളവ് = $\sqrt{S(S-a)(S-b)(S-c)}$

= $\sqrt{35 \times 18 \times 10 \times 7}$ = 5 x 7 x 2 x 3 = 210 $cm^2$

.....................................................................................................drvsr

**Question 2**. March 2017




ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിന്റെ തൊടുവരയാണ് AC. കൂടാതെ C യിൽ നിന്ന് OA യിലേക്കുള്ള ലംബമാണ് CB. വൃത്തത്തിന്റെ ആരം r ആയാൽ $OA \times OB = r^2$ എന്ന് തെളിയിക്കുക.

**Answer:-**




ചിത്രത്തിൽ വൃത്തകേന്ദ്രം O മുതൽ തൊട്ടുബിന്ദു C വരെ യോജിപ്പിച്ചു കിട്ടുന്ന ആരം OC യെ r എന്നു സൂചിപ്പിച്ചിരിക്കുന്നു.

ചിത്രത്തിലെ മട്ട $\Delta ACO$ , മട്ട $\Delta CBO$ എന്നിവ പരിഗണിച്ചാൽ

(1) <AOC = <BOC ( പൊതുകോൺ )

(2) <ACO = <OBC = 90°

∴ ചിത്രത്തിലെ മട്ട $\Delta ACO$ , മട്ട $\Delta CBO$ എന്നിവ സദൃശങ്ങളാണ്.

( ത്രികോണങ്ങളുടെ രണ്ടു കോണുകൾ തുല്യം )

∴ അവയുടെ സമാനവശങ്ങൾ ആനുപാതികമായിരിക്കും എന്നതിൽ നിന്നും

$OA / OC = OC / OB$

$OA / r = r / OB$

$OA \times OB = r \times r$

∴ **$OA \times OB = r^2$**

.................................................................................................................drvsr

## **Question 3**. March 2017




ചിത്രത്തിൽ ത്രികോണം ABC യുടെ ബാഹ്യ വൃത്തത്തിന്റെ കേന്ദ്രമാണ് P. $\angle ABC = 40^o$, $\angle BAC = 80^o$ ആയാൽ ത്രികോണം APC യുടെ കോണളവുകൾ കണക്കാക്കുക.

## **Answer** :-




ചിത്രത്തിൽ D , E എന്നീ തൊട്ടു ബിന്ദുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നു.

ചിത്രത്തിലെ Δ ABC യുടെ ബാഹ്യവൃത്തം , <CAD , <ACE എന്നീ ബാഹ്യകോണുകളുടെ സമഭാജികളായ AP , CP എന്നിവ ഉപയോഗിച്ചാണ് വരച്ചിരിക്കുന്നത്.

ചിത്രത്തിലെ **<BCA** = 180 - ( 40 + 80 ) = 180 – 120 = **60°**

<CAD = 180 - <BAC = 180 – 80 = 100° ( രേഖീയജോടി )

എന്നാൽ AP , <CAD യുടെ സമഭാജിയായതുകൊണ്ട്

**<CAP** = ½ <CAD = ½ x 100 = **50°**

അതുപോലെ <ACE = 180 - <BCA = 180 – 60 = 120° ( രേഖീയജോടി )

എന്നാൽ CP , <ACE യുടെ സമഭാജിയായതുകൊണ്ട്

**<ACP** = ½ <ACE = ½ x 120 = **60°**

∴ **<APC** = 180 - ( 50 + 60 ) = 180 – 110 = **70°**

∴ **<u>Δ ABC യുടെ കോണളവുകൾ : 50° , 60° , 70°</u>**

....................................................................................................drvsr

## **Question 4**. March 2016

ചുവടെ ചിത്രത്തിൽ, വൃത്തത്തിന്റെ ആരം 15 സെന്റീ മീറ്ററാണ്. PQ, PR എന്നീ തൊടുവരകളുടെ നീളം കണ്ടുപിടിക്കുക.




## **Answer:-**

$\Delta$ POQ ൽ കോണുകൾ 30, 60, 90 വീതമാണ്

വശങ്ങളുടെ അംശബന്ധങ്ങൾ $1 : \sqrt{3} : 2$ ആയിരിക്കും

OQ = 15 cm

ie PQ = $15\sqrt{3}$ cm

തൊടുവരകളുടെ നീളങ്ങൾ തുല്യമായതിനാൽ

PR = $15\sqrt{3}$ cm




..............................................................................................................drvsr

## **Question 5**. March 2016

വശങ്ങളുടെ നീളം 7 സെന്റീ മീറ്ററും, 5 സെന്റീ മീറ്ററും ആയ ചതുരം വരയ്ക്കുക. അതേ പരപ്പളവുള്ള ഒരു സമചതുരം വരയ്ക്കുക.

## **Answer**:-

7cm,5cm അളവിൽ ചതുരം വരയ്ക്കുക .ABCD എന്ന് പേര് കൊടുക്കുക. B കേന്ദ്രമായി AB ആരത്തിൽ ഒരു അർദ്ധവൃത്തം വരയ്ക്കുക.BC രേഖ നീട്ടി അർദ്ധവൃത്തത്തിൽ G യിൽ മുട്ടിക്കുക. BG നീളം എടുത്ത് GI, BH, IH ഇവ വരയ്ക്കുക. BGIH ആണ് ആവശ്യപ്പെട്ട ചതുരം. (അളവുകൾ ഏകദേശം 5.91cm ആയിരിക്കും)




.................................................................................................................drvsr

# Question 6. March 2016

4 സെന്റീ മീറ്റർ ആരമുള്ള ഒരു വൃത്തം വരയ്ക്കുക. വൃത്തത്തിനു വെളിയിൽ, വൃത്ത കേന്ദ്രത്തിൽ നിന്നും 8 സെന്റീ മീറ്റർ അകലെ P എന്ന ബിന്ദു അടയാളപ്പെടുത്തുക. P -യിൽ നിന്നും വൃത്തത്തിലേയ്ക്ക് രണ്ടു തൊടുവരകൾ വരയ്ക്കുക. തൊടുവരകളുടെ നീളം അളന്നെഴുതുക.

# Answer:-

PQ = 6.93cm
PR = 6.93cm



നിർമ്മിതി ചെയ്യുക.

..........................................................................................drvsr

# Question 7. March 2015



ചിത്രത്തിൽ C വൃത്തകേന്ദ്രമാണ്. കൂടാതെ $\angle ABD = 30^0$

a) $\angle ACD$ യുടെ അളവ് എത്രയാണ് ?

b) $\angle ABD = \angle CAB$. കൂടാതെ AB = 6 സെ.മി. വൃത്തത്തിന്റെ ആരം കണക്കാക്കുക.

**Answer:-**




(a) $\angle ACD = 60^0$ (ഒരേചാപം 30 × 2 = 60 )

(b) $\angle ABD = \angle CAB = 30^0$ ( ഒരേചാപം)

AB = 6 cm ; ie., AE = BE = 3cm

ie., $CE = 3/\sqrt{3}$ and $AC = 6/\sqrt{3}$ (ACD is aright angled triangle)

....................................................................................................drvsr

**Question8**.March2015



ചിത്രത്തിൽ O വൃത്തകേന്ദ്രമാണ്. AB എന്ന വ്യാസത്തിന് ലംബമല്ലാത്ത ഒരു ഞാണാണ് CD. കൂടാതെ PA = 9 സെ.മി., PB = 4 സെ.മി.

a) PC X PD എത്രയാണ് ?

b) PC, PD ഇവയുടെ രണ്ടിന്റേയും നീളം ഒരേസമയം എണ്ണൽ സംഖ്യയാവില്ല എന്ന് സമർത്ഥിക്കുക.

**Answer:-**




b) തുക 13 ൽ കുറവും ഗുണനഫലം 36 ഉം ആയ എണ്ണൽ സംഖ്യ ഇല്ല.

അതുകൊണ്ട് PC, PD ഇവയുടെ നീളങ്ങൾ എണ്ണൽ സംഖ്യകൾ ആകുകയില്ല.

.....................................................................................................drvsr

**Question9**. March2015

വശങ്ങളുടെ നീളം 5 സെ.മീ., 6 സെ.മീ., 7 സെ.മീ., ആയ ഒരു ത്രികോണം വരച്ച് അതിന്റെ അന്തർവൃത്തം വരയ്ക്കുക. അന്തർവൃത്ത ആരം അളന്നെഴുതുക.

**Answer**:-

തന്നിരിക്കുന്ന അളവുകൾ ഉപയോഗിച്ച് ത്രകോണം നിർമ്മിച്ച്,

അതിന് അന്തർ വൃത്തം വരയ്ക്കുക

ആരം = 1.6 cm.

.....................................................................................................drvsr

**Question10**. March2015




ചിത്രത്തിൽ ചെറിയ വൃത്തത്തിന്റെ ആരം 3 സെന്റീമീറ്ററും, വലിയ വൃത്തത്തിന്റെ ആരം 6 സെന്റീമീറ്ററും, വൃത്തകേന്ദ്രങ്ങൾ തമ്മിലുള്ള അകലം 15 സെന്റീമീറ്ററുമാണ്. രണ്ട് വൃത്തങ്ങളുടെയും തൊടുവരയാണ് PQ. ഇതിന്റെ നീളം കണക്കാക്കുക.

**Answer:-**




ചിത്രത്തിൽ നിന്ന് AB = 15 cm തന്നിട്ടുണ്ട്.

ആരം ചെറുത് = 3cm , ആരം വലുത് = 6cm

AC = x എന്നിരിക്കട്ടെ.

ഇവിടെ $\Delta APC$ യും $\Delta BQC$ യും പരിഗണിച്ചാൽ

$<P = <Q = 90^0$ ; $<ACP = <BCQ$ ( Opposite angles)

ie $\Delta APC \sim \Delta BQC$ ; AP/AC = BQ/BC

$\Rightarrow \frac{3}{x} = \frac{6}{15-x}$ ; $\Rightarrow 6x = 3(15-x)$ ; $\Rightarrow 6x = 45 - 3x$ ; $\Rightarrow 9x = 45$ ; $x = 5$

ΔAPC യിൽ AP =3 cm, AC = 5 cm

PC = $\sqrt{5^2-3^2} = \sqrt{25-9} = \sqrt{16} = 4$

ΔBQC യിൽ BQ =6 cm, BC = 15 – x ; => BC = 15 – 5 =10 cm

QC = $\sqrt{10^2-6^2} = \sqrt{100-36} = \sqrt{64} = 8$

ie., PQ = PC +QC = 4 + 8 = 12cm.

.............................................................................................................drvsr

## Question11. March2015

വശങ്ങളുടെ അളവുകൾ 5 സെ.മീ., 6 സെ.മീ., 6 സെ.മീ., ആയ ഒരു ത്രികോണം വരയ്ക്കുക. ഇതിന് തുല്യ പരപ്പളവുള്ള ഒരു സമചതുരം നിർമ്മിക്കുക.

## Answer:-

For constructing triangle with given sides

For constructing altitude of triangle

For constructing semi circle

For constructing one side of a square

For constructing the square




.............................................................................................................drvsr

**Question12**. March2014 .




ചിത്രത്തിലെ വൃത്തത്തിന്റെ കേന്ദ്രമാണ് O. കൂടാതെ ABC ഒരു സമപാർശ്വ ത്രികോണവും OBC ഒരു സമഭുജത്രികോണവുമാണ്. $\angle A$, $\angle ABO$ എന്നിവ കണ്ടുപിടിക്കുക.

**Answer:-**

ഇവിടെ Δ OBC സമഭുജ ത്രകോണമാണ്.

$\therefore \angle BOC = 60^0$ . ; $\therefore \angle A = \frac{1}{2} BOC = \frac{60}{2} = 30$ .

Δ ABC സമപാർശ്വ ത്രികോണമാണ്.

$\therefore \angle B = \angle C = \frac{180-30}{2} = \frac{150}{2} = 75$

ie., $\therefore \angle ABO = 75 - 60 = 15^0$ .

........................................................................................................drvsr

## Question13. March2014




ചിത്രത്തിൽ P എന്ന ബിന്ദു വൃത്ത കേന്ദ്രത്തിൽ നിന്നും 6 സെ. മീ. അകലെയാണ്. P യിൽനിന്നുള്ള തൊട്ടുവരകളാണ് PA, PB എന്നിവ. വൃത്തത്തിന്റെ ആരവും തൊട്ടുവരകളുടെ നീളവും കണ്ടുപിടിക്കുക.

## Answer:-




$\Delta OAP \equiv \Delta OBP$ (3 വശങ്ങളും യഥാക്രമം തുല്യമായ മട്ടത്രികോണങ്ങൾ)

$\angle POA = 60^0$

$\sin\angle POA = \frac{AP}{OP} \Rightarrow \sin 60^0 = \frac{AP}{6}$

ie $\sqrt{3}/2 = \frac{AP}{6} \Rightarrow 2AP = 6 \times \sqrt{3}$

$\therefore AP = 3\sqrt{3}$

$\therefore$ സ്പർശരേഖയുടെ നീളം $= 3\sqrt{3}$ സെ. മീ.

$\cos\angle POA = \frac{OA}{OP} \Rightarrow \cos 60^0 = \frac{OA}{6} \Rightarrow \frac{1}{2} = \frac{OA}{6}$

$\therefore 2OA = 6 \times 1 \Rightarrow OA = 3 \Rightarrow$ വൃത്തത്തിന്റെ ആരം $= 3$ സെ. മീ.

.................................................................................drvsr

## Question14. March2014




ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിന്റെ ആരം 6 സെ മീ. ആണ്. PA = 4 സെ. മീ. PB = 5 സെ. മീ. OP യുടെ നീളം കണക്കാക്കുക.




## Answer:-

AB , CD എന്നീ ഞാണുകൾ P യിൽ ഖണ്ഡിക്കുന്നു .

$\therefore PC \times PD = PA \times PB$

ie., $PC = OC - OP = 6 - PO.$

$PD = OD + OP = 6 + OP$

$PA = 4 ; PB = 5 \quad ; \therefore PC \times PD = PA \times PB$

$(6 - OP)(6 + OP) = 4 \times 5 ; \; 36 - OP^2 = 20 ; 36 - 20 = OP^2$

$16 = OP^2$ ; Hence OP = 4cm.

…………………………………………………………………..drvsr

## Question15. March2014

വശങ്ങളുടെ നീളം 6 cm, 5 cm, 5 cm ആയ ത്രികോണം വരച്ച്

അതിന്റെ അന്തർവൃത്തം വരക്കുക. അന്തർ വൃത്തത്തിന്റെ ആരം അളന്നെഴുതുക.

## Answer:-

നിർമ്മിതി നടത്തുക. അന്തർ വൃത്ത ആരം 3.2 cm

……………………………………………………………………..drvsr

**Question 16**. March 2013.




ചിത്രത്തിൽ A, B, C, D, E എന്നിവ വൃത്തത്തിലെ ബിന്ദുക്കളാണ്.
$\angle A+\angle B+\angle C+\angle D+\angle E=180^\circ$ എന്ന് തെളിയിക്കുക.

**Answer:-**




$\angle A = a$, $\angle B = b$, $\angle C = c$, $\angle D = d$ എന്നിരിക്കട്ടെ.

CD, DE , AE , AB and BC എന്നീ ചാപങ്ങളുടെ മറുചാപങ്ങളിലെ കോണുകളാണ് യഥാക്രമം A, B, C, and D.

ഈ ചാപങ്ങളുടെ കേന്ദ്ര കോണുകളുടെ തുകയാണ് 360

ie., 2a + 2b + 2c + 2d = 360 ; $\Rightarrow$2(a + b + c + d) = 360

$\Rightarrow$ a + b + c + d = 360 / 2 = 180

Hence A + B + C + D = 180.

……………………………………………………………………….drvsr

**Question 17**. March 2013.




ചിത്രത്തിൽ നൽകിയിട്ടുള്ള ചതുർഭുജം A B C D ഒരു ചക്രിയ ചതുർഭുജമാണെന്ന് തെളിയിക്കുക.

**Answer:-**



PQ and RS എനിവ വരയക. APQD , QPSR, SBCR എന്നിവ ചകീയ ചതുർഭുജങ്ങളാണ്. . < D = x ആയാൽ , < APQ = 180-x , < CRS = x , < SBC = 180-x

<D+ < B = x+180-x = 180 ,എതിർ കോണുകൾ അനു പൂരകമായതിനാൽ , ചതുർഭുജംABCD ചക്രീയചതുർഭുജമാണ്.

………………………………………………………………………...drvsr

**Question 18**. March 2013.




ചിത്രത്തിൽ CA, CB ഇവ വൃത്തത്തിന്റെ തൊടുവരകളാണ്. കൂടാതെ PA = PB, $\angle C = 40^\circ$. ത്രികോണം PAB യുടെ കോണളവുകൾ കാണുക.

**Answer:-**



<C = $40^0$

< AOB = 180- 40=$140^0$ (ചക്രീയചതുർഭുജ സിദ്ധാന്തം)

അതുകൊണ്ട്, <P = $70^0$ (മറു ചാപത്തിലെ കോൺ)

PA=PB ആയതുകൊണ്ട്, < PAB = < PBA = 110/2 = $55^0$ .

…………………………………………………………………………..drvsr

## Question 19. March 2013

a) AB = 10 സെ.മി., $\angle A=50^o$, $\angle B=70^o$ വരുന്ന ത്രികോണം ABC വരയ്ക്കുക.

b) ത്രികോണം ABC യുടെ അന്തർവൃത്തം വരച്ച് ആരം അളന്നെഴുതുക.

## Answer:-

നിർമ്മിതി നടത്തുക. അന്തർ വൃത്ത ആരം കാണുക.

……………………………………………………………………….drvsr

## Question 19.

ചുവടെയുള്ള ചിത്രത്തിൽ AB, AC വൃത്തത്തിലെ രണ്ടു ഞാണുകളും, OP, OQ അവയ്ക്കു സമാന്തരമായ ആരങ്ങളുമാണ്.




(a) $\angle BOC$, $\angle POQ$ ഇവ തമ്മിലുള്ള ബന്ധമെന്താണ് ?

(b) B, C ഇവ യോജിപ്പിക്കുന്ന ചെറിയ ചാപത്തിന്റെ നീളവും, P, Q ഇവ യോജിപ്പിക്കുന്ന ചെറിയ ചാപത്തിന്റെ നീളവും തമ്മിലുള്ള ബന്ധമെന്താണ് ?

**Answer:-**




(a) AB , OP യ്ക്ക് സമാന്തരവും AC , OQ വിന് സമാന്തരവും ആണെന്ന് തന്നിട്ടുള്ളതുകൊണ്ട് <BAC = <POQ ആയിരിക്കും.

(ചാപം , ശിഷ്ടചാപം , കേന്ദ്രകോൺ ബന്ധം അനുസരിച്ച്)

<BOC = 2 × <BAC എന്നാൽ

<BAC = <POQ ആയതുകൊണ്ട്

<BOC = 2 × <POQ

അതായത് <BOC , <POQ വിൻറെ ഇരട്ടി അഥവാ 2 മടങ്ങ് ആയിരിയം.

(b) <POQ = x എന്നും വൃത്തത്തിൻറെ ആരം r എന്നും കരുതിയാൽ
<BOC = 2x

ചെറിയചാപം PQ വിൻറെ നീളം = $2\pi r \times \frac{x}{360}$

<BOC = 2x ആയതുകൊണ്ട് ചെറിയചാപം BC യുടെ നീളം

$= 2\pi r \times \frac{2x}{360}$ ; $\Rightarrow 2 \times 2\pi r \times \frac{x}{360}$

= 2 × ചെറിയചാപം PQ വിൻറെ നീളം

അതായത് ചെറിയചാപം BC യുടെ നീളം = 2 × ചെറിയചാപം PQ വിൻറെ നീളം

…………………………………………………………………………...drvsr

# Question 20.

ചിത്രത്തിലെ ABC എന്ന ത്രികോണത്തിൽ, A -യിൽ നിന്ന് BC -യിലേക്കുള്ള ലംബമാണ് AD; ത്രികോണത്തിന്റെ പരിവൃത്തത്തിൽ A -യിൽക്കൂടിയുള്ള വ്യാസമാണ് AE.




(a) $\Delta ADC$, $\Delta ABE$ ഇവ സദൃശമാണെന്നു തെളിയിക്കുക.

(b) $\Delta ABC$ -യുടെ പരപ്പളവ് $\frac{AB \times BC \times CA}{2AE}$ എന്നു തെളിയിക്കുക.

# Answer:-




(a) ചിത്രത്തിലെ $<ABE = 90^\circ$

( അർദ്ധവൃത്തത്തിലെ കോൺ മട്ടക്കോൺ ആയിരിയം )

മട്ട $\Delta$ ADC , മട്ട $\Delta$ ABE എനിവ പരിഗണിച്ചാൽ

$<ADC = <ABE = 90^\circ$

$<AEB = <ACD$ ( ഒരേവൃത്തത്തിലെ കോണുകൾ തുല്യം)

$\therefore$ മട $\Delta$ ADC $\backsim$ മട്ട ABE (രണ്ട് കോണുകൾ തുല്യം )

(b)

സദൃശ്യ ത്രികോണങ്ങളുടെസമാനവശങ്ങൾ

ആനുപാതികമായതുകൊണ്ട്

$$\frac{AE}{CA} = \frac{AB}{AD}$$

$$AE \times AD = AB \times CA \quad ; \quad \therefore \ AD = \frac{AB \times CA}{AE}$$

$\Delta$ ABC യുടെ പരപ്പളവ് = $1/2 \times BC \times AD$

( $1/2 \times$ പാദം $\times$ ലംബം )

$AD = (AB \times CA) / AE$ എന്ന വില ആരോപിച്ചാൽ

$\Delta$ ABC യുടെ പരപ്പളവ് = $1/2 \times BC \times AB \times CA / AE$

$= AB \times BC \times \dfrac{CA}{2\,AE}$ .

.................................................................................................drvsr

## Question 21.

ആരം 3 സെന്റിമീറ്റർ ആയ ഒരു വൃത്തം വരച്ച്, കേന്ദ്രത്തിൽനിന്ന് 6 സെന്റിമീറ്റർ അകലെ ഒരു ബിന്ദു അടയാളപ്പെടുത്തുക.

(a) ഈ ബിന്ദുവിൽനിന്ന് വൃത്തത്തിലേക്കുള്ള രണ്ടു തൊടുവരകളും വരയ്ക്കുക.

(b) ഈ തൊടുവരകൾക്കിടയിലുള്ള കോൺ എത്ര ഡിഗ്രിയാണ് ? കാരണമെഴുതുക.

## Answer:-

(a)



(b) ചിത്രത്തിലെ മട Δ PAO വിൽ നിന്നും പൈതഗോറസ് സിദ്ധാന്തപ്രകാരം

$PA = \sqrt{PO^2 - OA^2} = \sqrt{6^2 - 3^2} = \sqrt{36 - 9} = \sqrt{27} = 3\sqrt{3}$

മട Δ PAO യുടെ വശങ്ങളുടെ അംശബന്ധം $= 3 : 3\sqrt{3} : 6$

$= 1 : \sqrt{3} : 2$

∴ മട Δ PAO യുടെ കോണുകളുടെ അംശബന്ധം = 30 : 60 : 90

∴ $\angle OPA = 30°$ , $\angle PAO = 90°$ , $\angle AOP = 60°$

$\angle OPA = 30°$ ആയതുകൊണ്ട് $\angle OPB = 30°$ ( സമാന ത്രികോണങ്ങൾ )

∴ തൊടുവരകൾക്കിടയിലുള്ള കോണിൻറെ അളവ് $= \angle OPA + \angle OPB$

$= 30 + 30 = 60°$

.....................................................................................drvsr

## Question 22.

ചിത്രത്തിൽ, ABC എന്ന ത്രികോണത്തിന്റെ അന്തർവൃത്തം വശങ്ങളെ തൊടുന്ന ബിന്ദുക്കളാണ് P, Q, R .




(a) ΔAQR ലെ മറ്റു രണ്ടു കോണുകൾ കണക്കാക്കുക.

(b) ΔPQR ൽ, P യിലെ കോൺ കണക്കാക്കുക.

(c) ΔPQR ലെ മറ്റു രണ്ടു കോണുകൾ കണക്കാക്കുക.

**Answer:-**




a) ബാഹ്യ ബിന്ദുവിൽ നിന്നും വൃത്തത്തിലേയ്ക്കുള്ള വരകൾ തുല്യമായിരിക്കും .അതുകൊണ്ട് ചിത്രത്തിൽ നിന്ന്

AQ = AR , BR = BP , CP = CQ

AQ = AR ആയതുകൊണ്ട് Δ AQR ഒരു സമപാർശ്വത്രികോണമാണ്.

Δ AQR ലെ < QAR = 40 ° എന്ന്തന്നിരിക്കുന്നതിനാൽ

< AQR = < ARQ = (180 – 40) / 2 = 140/2 = 70°

(b) ഞാണും തൊടുവരയും തമ്മിലുണ്ടാക്കുന്ന ഓരോ കോണും ഞാണിൻറെ മറുഭാഗത്തെ വൃത്തത്തിലെ കോണിന് തുല്യമായതിനാൽ

< AQR = 70 ° ആയതിനാൽ Δ PQR ലെ < P = 70° ആണ്.

(.c) BR = BP ആയതുകൊണ്ട് ΔBRP

ഒരുസമപാർശ്വത്രികോണമാണ്.

Δ BRP ലെ < RBP = 60 ° എന്ന്തന്നിട്ടുള്ളതുകൊണ്ട് മറ്റു രണ്ട് കോണുകളായ < BRP = < BPR = (180 – 60) / 2 = 120/2 = 60°

ഞാണും തൊടുവരകളും തമ്മിലുണ്ടാക്കുന്ന ഓരോ കോണും ഞാണിൻറെ മറുഭാഗത്തെ വൃത്തഖണ്ഡത്തിലെ കോണിന് തുല്യമായതിനാൽ

< BRP = 70 ° ആയതിനാൽ Δ PQR ലെ < Q = 60°

ത്രികോണത്തിലെ ആകെ കോണുകളുടെ തുക 180 ° ആയതുകൊണ്ട്

< R = 180 - ( < P + < Q ) = 180 - ( 70 + 60 ) = 180 – 130 = 50°

……………………………………………………………………...drvsr

## Question 23.

ഒരു വൃത്തത്തിന്റെ കേന്ദ്രത്തിൽ നിന്ന് 25 സെന്റിമീറ്റർ അകലെയുള്ള ബിന്ദു P യിൽ നിന്ന് വൃത്തത്തിലേക്ക് വരയ്ക്കുന്ന സ്പർശരേഖയുടെ നീളം 24 സെന്റിമീറ്റർ ആണെങ്കിൽ വൃത്തത്തിന്റെ ആരം എത്രയാണ്?

ഉത്തരം

ചിത്രത്തിൽ നിന്ന്

$$OP^2 = OQ^2 + QP^2$$

$$25^2 = OQ^2 + 24^2$$




$$OQ^2 = 25^2 - 24^2$$

$$OQ^2 = 625 - 576$$

$$OQ^2 = 49$$

$$OQ = 7cm$$

ആരം = 7cm.

……………………..drvsr

## Question 24.

ഒരു വൃത്തത്തിൽ A യിലൂടെയുള്ള സ്പർശരേഖ PQ വും ഞാൺ AB യും ആണ്. $\angle BAC = 54^0$ , $\angle BAQ = 62^0$ ആകത്തക്കവിധം C എന്ന ബിന്ദു എടുക്കുക. $\angle ABC$ കാണുക.

ഉത്തരം




$\angle ABC = 180^0 - (\angle BAC + \angle ACB)$

$= 180^0 - (54^0 + 62^0) = 64^0.$

..........................................................................................drvsr

## Question 25.

ചിത്രത്തിൽ, O കേന്ദ്രമായുള്ള വൃത്തത്തിന്റെ വെളിയിൽ P എന്ന ബിന്ദുവിൽ നിന്നും വൃത്തത്തിന് PA, PB എന്നീ സ്പർശരേഖകൾ വരച്ചിട്ടുണ്ട്. E യിലൂടെ വൃത്തത്തിന് ഒരു സ്പർശരേഖ CD യും AP = 25 സെ. മീറ്ററുമാണ്.

എങ്കിൽ $\Delta PCD$ യുടെ ചുറ്റളവ് കാണുക.



ഉത്തരം

വൃത്തത്തിന് വെളിയിലുള്ള ഒരു ബിന്ദുവിൽ നിന്ന് വരച്ച രണ്ട് സ്പർശരേഖകളുടെ നീളങ്ങൾ തുല്യമായിരിക്കും.

$\therefore$ CA = CE, DB = DE, PA = PB.

$\Delta$PCD യുടെ ചുറ്റളവ്

= PC + CD + DP

= PC + CE + ED + DP

= PC + CA + DB + DP

= PA + PB = 2 PA ($\because$ PB = PA)

= $2 \times 25$ = 50 cm

..........................................................drvsr

## Question 26.

ABCD എന്ന ചതുർഭുജത്തിന്റെ എല്ലാ വശങ്ങളും ഒരു വൃത്തത്തെ സ്പർശിക്കുന്നു. AB=6 സെ.മീ., BC=6.5 സെ.മീ., CD=7 സെ.മീ. എങ്കിൽ AD യുടെ നീളം കാണുക.

ഉത്തരം



ചിത്രത്തിൽ നിന്ന്

$$AP = AS \; ; \; BP = BQ \; ;$$

$$CR = CQ \; ; \; DR = DS$$

(1), (2), (3), (4) എന്നിവ കൂട്ടിയാൽ,

$$AP + BP + CR + DR = AS + BQ + CQ + DS$$

$$AB + CD = AD + BC.$$

$$AD = AB + CD - BC$$

$$= 6 + 7 - 6.5 = 6.5\text{cm}$$

.........................................................drvsr

**Question 27.**

ചിത്രത്തിൽ ത്രികോണത്തിന്റെ എല്ലാ വശങ്ങളെയും തൊടുന്ന വൃത്തത്തിന്റെ കേന്ദ്രത്തിലെ കോണുകളാണ് കൊടുത്തിരിക്കുന്നത്. ത്രികോണത്തിന്റെ എല്ലാ കോണുകളും കണക്കാക്കുക.




(സ്കോർ: 3, സമയം : 5)

**ഉത്തര സൂചിക**

- കോണളവുകൾ $180 - 120 = 60^\circ$ (1)

  $180 - 130 = 50^\circ$ (1)

  മൂന്നാമത്തെ കോൺ $180 - (60 + 50) = 70^\circ$ (1)

.........................................................drvsr

# Question 28.

- മുറിക്കുന്ന വരയുടെയും വൃത്തത്തിന് പുറത്തുള്ള ഭാഗത്തിന്റെയും ഗുണനഫലം തൊടുവരയുടെ വർഗ്ഗത്തിന് തുല്യമാണ്.




❓ ചിത്രത്തിൽ വൃത്തത്തിന്റെ തൊടുവര യാണ്, PA. PC = 12 സെ.മി, PB = 3 സെ.മി ആയാൽ PA യുടെ നീളം എന്ത്?

(സ്കോർ: 3, സമയം :5 )

■ ഉത്തരസൂചിക

- $PB \times PC = PA^2$ (1)
- $3 \times 12 = 36$ (1)
- $PA = \sqrt{36} = 6$ സെ.മീ (1)

..........................................................drvsr

# Question 29.

- മുറിക്കുന്ന വരയുടെയും വൃത്തത്തിന് പുറത്തുള്ള ഭാഗത്തിന്റെയും ഗുണനഫലം തൊടുവരയുടെ വർഗത്തിന് തുല്യമാണ്.




❓ ചിത്രത്തിൽ PC = 4 സെ.മീ. AB = 6 സെ.മീ PA യുടെ നീളം കാണുക.

(സ്കോർ: 4, സമയം: 8 മിനിട്ട്)

■ ഉത്തരസൂചിക

$$PA \times PB = PC^2 \quad (1)$$
$$PA\,(PA + 6) = 4^2$$
$$PA^2 + 6\,PA = 16$$
$$PA^2 + 6\,PA + 9 = 25 \quad (1)$$
$$(PA + 3)^2 = 25$$
$$PA + 3 = 5 \quad (1)$$
$$PA = 2 \text{ സെ.മീ} \quad (1)$$

..........................................................drvsr

# Question 30.




❓ ചിത്രത്തിലെ ത്രികോണത്തിന്റെ മൂന്ന് വശങ്ങളുടെ നീളങ്ങൾ 6 സെ.മീ., 7 സെ.മീ., 9 സെ.മീ. ത്രികോണത്തിൽ AP, BR, CQ ഇവയുടെ നീളങ്ങൾ കണക്കാക്കുക.

(സ്കോർ: 4, സമയം : 5)

■ ഉത്തരസൂചിക

ത്രികോണത്തിന്റെ ചുറ്റളവ് = 9 + 7 + 6 = 22

$S = \frac{22}{2} = 11$ (1)

$AP = s - a = 11 - 6 = 5$ (1)

$BR = s - b = 11 - 7 = 4$ (1)

$CQ = s - c = 11 - 9 = 2$ (1)

..............................................................drvsr

# Question 31.

ത്രികോണം *ABC* യുടെ മൂന്ന് വശങ്ങൾ 21, 20, 13 സെന്റിമീറ്റർ വീതമാണ്.

(1) ത്രികോണത്തിന്റെ പരപ്പളവ് കാണുക.

(2) ത്രികോണത്തിന്റെ അന്തർ വൃത്ത ആരം കണക്കാക്കുക.

■ ഉത്തരസൂചിക

- പരപ്പളവ് = $\sqrt{s(s-a)(s-b)(s-c)}$

$\sqrt{27(27-21)(27-20)(27-13)}$

$\sqrt{27 \times 6 \times 7 \times 14}$

$\sqrt{9 \times 3 \times 3 \times 2 \times 7 \times 7 \times 2}$

$= 3 \times 3 \times 2 \times 7 = 126$ ച. സെ.മീ.

$r = \frac{A}{s} = \frac{126}{27} = \frac{14}{3} = 4\frac{2}{3}$ സെ.മീ.

The End of the Chapter Tangents

...............drvsr

8

# ഘനരൂപങ്ങൾ

## ഓർമ്മയിൽ സൂക്ഷിക്കാൻ



സമചതുര സ്തംഭം



സമചതുര സ്തൂപിക



വൃത്തസ്തംഭം

(സിലിണ്ടർ)



വൃത്തസ്തൂപിക



ഗോളം



അർധഗോളം



സമചതുരക്കട്ട (ക്യൂബ്)

## സമചതുരസ്തൂപികയുടെ അളവുകൾ







ഉപരിതലപരപ്പളവ് = പാദപരപ്പളവ് + പാർശ്വതലപരപ്പളവ്

= സമചതുരത്തിന്റെ പരപ്പളവ് + 4 ത്രികോണങ്ങളുടെ പരപ്പളവ്

$= (\text{പാദവക്ക്})^2 + 4 \times \frac{1}{2} \times \text{പാദവക്ക്} \times \text{ചരിവുയരം}$

$\therefore$ ഉപരിതലപരപ്പളവ് $= (\text{പാദവക്ക്})^2 + 2 \times \text{പാദവക്ക്} \times \text{ചരിവുയരം}$

വ്യാപ്തം $= \frac{1}{3} \times \text{പാദപരപ്പളവ്} \times \text{ഉയരം}$

$= \frac{1}{3} \times (\text{പാദവക്ക്})^2 \times \text{ഉയരം}$

## വൃത്തസ്തൂപികയുടെ അളവുകൾ




**വൃത്തസ്തൂപികയുടെ ഉപരിതലപരപ്പളവ്**

= പാദപരപ്പളവ് + വക്രതലപരപ്പളവ്

$= \pi \times (\text{ആരം})^2 + \pi \times \text{ആരം} \times \text{ചരിവുയരം}$

**വൃത്തസ്തൂപികയുടെ വ്യാപ്തം**

$= \frac{1}{3} \times \text{പാദപരപ്പളവ്} \times \text{ഉയരം}$

$= \frac{1}{3} \times \pi (\text{ആരം})^2 \times \text{ഉയരം}$

## ഗോളം




ഗോളത്തിന്റെ ഉപരിതലപരപ്പളവ്

$= 4\pi \times (\text{ആരം})^2$

ഗോളത്തിന്റെ വ്യാപ്തം

$= \frac{4}{3}\pi \times (\text{ആരം})^3$

## അർധ ഗോളം




അർധഗോളത്തിന്റെ ഉപരിതലപരപ്പളവ്

$= 3\pi \times (\text{ആരം})^2$

അർധഗോളത്തിന്റെ വ്യാപ്തം

$= \frac{2}{3}\pi \times (\text{ആരം})^3$

**സമചതുരസ്തൂപികയിലെ മട്ടത്രികോണങ്ങൾ**




$(\text{ചരിവുയരം})^2 = (\text{ഉയരം})^2 + (\text{പാദവക്കിന്റെ പകുതി})^2$




$(\text{പാർശ്വവക്ക്})^2 = (\text{ചരിവുയരം})^2 + (\text{പാദവക്കിന്റെ പകുതി})^2$

**വൃത്തസ്തൂപികയിലെ മട്ടത്രികോണം**







$$(\text{ചരിവുയരം})^2 = (\text{ഉയരം})^2 + (\text{ആരം})^2$$

---

## <u>സമചതുരസ്തൂപിക</u>

a = പാദ വക്ക്, d = പാദ വികർണ്ണം, h = ഉന്നതി,
l = പാർശ്വോന്നതി, e = പാർശ്വ വക്ക്,

$\frac{a}{2}$ = പാദവക്കിൻറെ പകുതി .

1) h, l, $\frac{a}{2}$ ഇവ ചേർന്ന് ഒരു മട്ട ത്രികോണം രൂപീകരിക്കുന്നു.




$l = \sqrt{h^2+\left(\frac{a}{2}\right)^2}$ , $h = \sqrt{l^2-\left(\frac{a}{2}\right)^2}$ , $a = 2 \times \sqrt{l^2-h^2}$

2) h, l, $\frac{d}{2}$ ഇവ ചേർന്ന് ഒരു മട്ട ത്രികോണം രൂപീകരിക്കുന്നു.




$e = \sqrt{h^2+\left(\frac{d}{2}\right)^2}$ , $h = \sqrt{l^2-\left(\frac{d}{2}\right)^2}$ , $d = 2 \times \sqrt{l^2-h^2}$

3) e , l , $\frac{a}{2}$ ഇവ ചേർന്ന് പാർശ്വമുഖങ്ങളിൽ ഒരു മട്ട ത്രികോണം രൂപീകരിക്കുന്നു.




e = $\sqrt{l^2+\left(\frac{a}{2}\right)^2}$ , l = $\sqrt{e^2-\left(\frac{a}{2}\right)^2}$ , a = $2 \times \sqrt{e^2-l^2}$ .

വൃത്തസ്തൂപിക

h = ഉന്നതി , l = ചരിവുവശം , r = ആരം .

$l=\sqrt{h^2+r^2}$ , $h=\sqrt{l^2-r^2}$ , $r=\sqrt{l^2-h^2}$




.................................................................................................drvsr

| സ്തംഭം പേര് | പാർശ്വമുഖപരപ്പളവ് | ഉപരിതല പരപ്പളവ് | വ്യാപ്തം |
|---|---|---|---|
| നേർ സ്തംഭം | Ph | 2A + Ph | Ah |
| സിലിണ്ടർ | $2\pi rh$ | $2\pi r(h+r)$ | $\pi r^2 h$ |
| പൈപ്പ് | $2\pi h(R+r)$ | $2\pi(R+r)(h+R-r)$ | $\pi h(R+r)(R-r)$ |
| സ്തൂപിക | $2al$ | $2al+a^2$ | $\frac{1}{3}a^2 h$ |

| സ്തംഭം പേര് | പാർശ്വമുഖപരപ്പളവ് | ഉപരിതല പരപ്പളവ് | വ്യപ്തം |
|---|---|---|---|
| വൃത്ത സ്തൂപിക | $\pi rl$ | $\pi r(l+r)$ | $\frac{1}{3}\pi r^2 h$ |
| ഗോളം | $4\pi r^2$ | $4\pi r^2$ | $\frac{4}{3}\pi r^3$ |
| അർദ്ധ ഗോളം | $2\pi r^2$ | $3\pi r^2$ | $\frac{2}{3}\pi r^3$ |
| സമചതുരക്കട്ട | $4a^2$ | $6a^2$ | $a^3$ |

കുറച്ചുകൂടി സൂത്രവാക്യങ്ങൾ

മട്ടത്രികോണത്തിന്റെ പരപ്പളവ് = $\frac{1}{2}bh$

സമഭുജ ത്രികോണത്തിന്റെ പരപ്പളവ് = $\frac{\sqrt{3}a^2}{4}$

സമഭുജ ത്രികോണത്തിന്റെ ചുറ്റളവ് = 3a

സമഭുജ ത്രികോണത്തിന്റെ ഉന്നതി = $\frac{\sqrt{3}a}{2}$

ത്രികോണത്തിന്റെ പരപ്പളവ് = s (s – a) ( s – b) (s – c)

$$s = \frac{a+b+c}{2}$$

സമചതുര പരപ്പളവ് = $a^2$ OR $\frac{1}{2} \times d^2$ ; സമചതുര ചുറ്റളവ് = 4a

സമചതുരത്തിന്റെ വികർണ്ണം = $a\sqrt{2}$

ദീർഘ ചതുരത്തിന്റെ പരപ്പളവ് = $l \times b$

ദീർഘ ചതുരത്തിന്റെ പരപ്പളവ് = 2 ( l + b)

ദീർഘ ചതുരത്തിന്റെ വികർണ്ണം = $\sqrt{l^2+b^2}$

സമഭുജസാമാന്തീക പരപ്പളവ് = $\frac{1}{2}d_1 \times d_2$

സമഷഡ്ഭുജ പരപ്പളവ്= $\frac{6\sqrt{3}a^2}{4}$

സമഷഡ്ഭുജ ചുറ്റളവ് = 6a
സമചതുരക്കട്ടയുടെ പരപ്പളവ് = $a^2$
വൃത്ത പരപ്പളവ് = $\pi r^2$ ; വൃത്തചുറ്റളവ് = $2\pi r$
അഗ്രമുഖങ്ങളുടെ എണ്ണം 'n' ആയാൽ ,

മുഖങ്ങളുടെ എണ്ണം = n + 2 ; മൂലകളുടെ എണ്ണം = 2n ;
വക്കുകളുടെ എണ്ണം = 3n ;
ഓയിലറുടെ സൂത്രവാക്യം = F + V – E = 2.

..........................................................................................................drvsr

## Question :1. March 2017.

ഒരു ചതുരക്കട്ടയുടെ വശങ്ങളുടെ നൂളം 4 cm, 6cm, 10 cm ആണ്
a) ഇതിൽ നിന്നും ചെത്തിയെടുക്കാവുന്ന സമചതുര സ്തൂപികയുടെ പരമാവധി വ്യാപ്തം എന്താണ്?

b) ഇതിൽ നിന്നും ചെത്തിയെടുക്കാവുന്ന ഒരു ഗോളത്തിന്റെ പരമാവധി വ്യാപ്തം കണക്കാക്കുക. ?

## Answer:-

ചെത്തിയെടുക്കാവുന്ന സമചതുര സ്തൂപികയുടെ അളവുകൾ
(a)
പാദ വശം (a) = 4 cm ; ഉയരം ( h) = 10 cm

വ്യാപ്തം = $\frac{1}{3}a^2h = \frac{1}{3} \times 4 \times 4 \times 10 = \frac{160}{3}$ cm³.

(b) ഗോളത്തിൻറെ വ്യാസം = 4 cm ; ആരം = 2cm

വ്യാപ്തം = $\frac{4}{3}\pi r^3 = \frac{4}{3} \times \pi \times 2 \times 2 \times 2 = \frac{32\pi}{3}$ cm³.

..........................................................................................................drvsr

## Question .2. March 2017

10 cm ആരമുള്ള ഒരു വൃത്തത്തിൽ നിന്നും ഒരു വൃത്താംശം മുറിച്ചെടുത്ത് 8 cm ഉയരമുള്ള ഒരു വൃത്തസ്തൂപിക നിർമ്മിക്കണം.
a) മുറിച്ചെടുക്കുന്ന വൃത്താംശത്തിന്റെ കേന്ദ്രകോൺ

എത്രയായിരിക്കണം.?

b) ഇങ്ങനെ നിർമ്മിക്കുന്ന വൃത്തസ്തൂപികയുടെ വ്യാപ്തവും വക്രതല പരപ്പളവും കണ്ടു പിടിക്കുക. ?

**Answer:-**




വൃത്തത്തിന്റെ ആരം = 10 cm
ie വൃത്തസപികയുടെ ചരിവുയരം = 10cm
വൃത്തസ്തൂപികയുടെ ഉയരം = 8 cm
വൃത്തസ്തൂപികയുടെ ആരം = $\sqrt{l^2 - h^2} = \sqrt{10^2 - 8^2}$
$= \sqrt{100 - 64}$
$= \sqrt{36} = 6$ cm

a) മുറിച്ചെടുക്കുന്ന വൃത്താംശത്തിന്റെ കേന്ദ്രകോൺ

$$\frac{r}{l} = \frac{x}{360} = \frac{6}{10} = \frac{x}{360} \;;\Longrightarrow\; 10x = 360 \times 6 \;= 216^0 .$$

(b) വ്യാപ്തം = $1/3\pi r^2h = 1/3 \times \pi \times 6^2 \times 8 = 96\pi$ cm$^3$ .

വക്രതല പരപ്പളവ് = $\pi rl = \pi \times 6 \times 10 = 60\pi$ cm$^2$

...........................................................................................drvsr

**Question :3.** March 2017.

ഒരു സമചതുരസ്തൂപികയുടെ വക്കുകളെല്ലാം ഒരേ നീളമാണ്. സ്തൂപികക്ക് $6\sqrt{2}$ cm ഉയരമുണ്ട്.

a) പാദവക്കിന്റെ നീളം കാണുക ?.

b) സ്തൂപികയുടെ വ്യാപ്തം കാണുക ?

**Answer:-**




(a) സമ ചതുര സ്തൂപികയുടെ പാദവക്കിന്റെ നീളം a
കണക്കാക്കുന്നതിന്

ചിത്രത്തിലെ d , h , e മട്ട ത്രികോണത്തിൽ നിന്നും

$$h=\sqrt{e^2-\left(\frac{d}{2}\right)^2}$$

എന്നാൽ ഇവിടെ $h = 6\sqrt{2}$ cm , $e = a$ , $d = a\sqrt{2}$

$$\therefore 6\sqrt{2} = \sqrt{a^2-\left(\frac{a\sqrt{2}}{2}\right)^2}$$

ഇരു വശത്തും വർഗ്ഗം എടുത്താൽ

$\therefore (6\sqrt{2})^2 = a^2 - (a\sqrt{2}/2)^2$

$36 \times 2 = a^2 - a^2 \times 2/4$

$\therefore 72 = a^2 - a^2/2$

$a^2 = 72 \times 2 = 144$

$\therefore a = \sqrt{144} = 12$

∴സമ ചതുരസ്തൂപവികയുടെ പാദവക്കിന്റെ നീളം = 12cm

(b) സമ ചതുരസ്തൂപികയുടെ വ്യാപ്തം V കണക്കാക്കുന്നതിന്

സമ ചതുരസ്തൂപികയുടെ വ്യാപ്തം = $\frac{1}{3}a^2h$

ഇവിടെ , a = 12 cm , h = 6√2 cm

$\therefore V = \frac{1}{3} \times 12 \times 12 \times 6\sqrt{2}$ = 1/3 x 144 x 6√2 = 288√2 $cm^3$ .

.......................................................................................................................drvsr

## Question :4. March 2017.

20 cm ഉയരവും 15 cm ചരിവുയരവുമുള്ള മരം കൊണ്ട് നിർമ്മിച്ച കട്ടിയായ ഒരു വൃത്തസ്തൂപികയിൽ നിന്നും പരമാവധി വലിയ ഒരു അർദ്ധഗോളം ചെത്തിയെടുത്താൽ

a) അർദ്ധഗോളത്ത്ന്റെ ആരം കണക്കാക്കുക ?

b) ശേഷിച്ചഭാഗത്തിന്റെ വ്യാപ്തം കാുക ?

## Answer:-




ചിത്രത്തിൽ OB ( അതായത് R ) വൃത്തസ്തൂപികയുടെ ആരത്തേയും , h ഉയരത്തേയും , l ചരിവുയരത്തേയും , OE , OD എന്നണിവ ചെത്തിയെടുക്കാവുന്ന പരമാവധി വലി അർദ്ധഗോളത്തിന്റെ ആരത്തേയും ( അതായത് r ) സൂചിപ്പിക്കുന്നു.

R , h , l മട്ട ത്രികോണത്തിൽ നിന്നും

OB = R = $\sqrt{l^2-h^2}$ = √ $(25)^2-(20)^2$ = √ 625 – 400 = √ 225 = 15 cm

(a) ചിത്രത്തിലെ മട Δ BOC , മട Δ BDO എന്നിവ സദൃശ്യ ത്രികോണങ്ങളായതിനാൽ

( <DBO = <CBO പൊതുകോൺ , <ODB = <COB = 90

∴ ത്രികോണങ്ങളുടെ രണ്ട് കോണുകൾ തുല്യം.)

അവയുടെ സമാനവശങ്ങൾ ആനുപാതികമായിരിക്കും എന്നതിൽ നിന്നും .

OB / BC = OD / OC ⇒15 / 25 = OD / 20 ⇒ 25 × OD = 15 × 20

OD = ( 15 × 20 ) / 25

∴ OD = 12 cm

അതായത് അർദ്ധഗോളത്തിന്റെ ആരം = 12 cm

(b) ശേഷിച്ച ഭാഗത്തിന്റെ വ്യാപ്തം

= വൃത്തസ്തൂപികയുടെ വ്യാപ്തം - അർദ്ധഗോളത്തിന്റെ വ്യാപ്തം

$= \frac{1}{3}\pi R^2 h - \frac{2}{3}\pi r^3 = \frac{1}{3} \times \pi \times 15 \times 15 \times 20 - \frac{2}{3} \times \pi \times 12 \times 12 \times 12$

$= 1500\pi - 1152\pi = 348\pi\ cm^3$ .

.......................................................................................................drvsr.

## *Question :5.* March 2016

വക്കുകളുടെയെല്ലാം നീളം 10 സെന്റീമീറ്ററായ ഒരു സമചതുരക്കട്ടയിൽ നിന്ന് ചെത്തിയെടുക്കാവുന്ന ഏറ്റവും വലിയ ഗോളത്തിന്റെ ഉപരിതല പരപ്പളവ് എത്രയാണ്?

## *Answer:-*




വക്കിന്റെ നീളം 10cm ആയതിനാൽ വൃത്തത്തിന്റെ വ്യാസം 10 cm ആയിരിക്കും.

ആരം = 10 / 2 = 5 cm

ഉപരിതല പരപ്പളവ് = $4\pi r^2$

= 4 × π × 5 × 5

= $100\pi\ cm^2$ .

.......................................................................................................drvsr.

***Question :6.*** March 2016

ലോഹം കൊണ്ടുണ്ടാക്കിയ കട്ടിയായ ഒരു വൃത്തസ്തംഭന്റെ ആരം 8 cm, ഉയരം 12 സെ.മി. ഇതുരുക്കി 2 സെ.മി. ആരമുള്ള കട്ടിയായ എത്ര അർദ്ധഗോളങ്ങളുണ്ടാക്കാം. ?

**Answer:-**

വൃത്തസ്തംഭന്റെ ആരം = 8 cm, വൃത്തസ്തംഭന്റെ ഉയരം = 12 സെ.മി.
അർദ്ധഗോളത്തിന്റെ ആരം = 2 cm

അർദ്ധഗോളത്തിന്റെ എണ്ണം = $\dfrac{\text{വൃത്തസ്തംഭന്റെ വ്യാപ്തം}}{\text{അർദ്ധഗോളത്തിന്റെ വ്യാപ്തം}}$

വൃത്തസ്തംഭന്റെ വ്യാപ്തം = $\pi r^2 h = \pi \times 8 \times 8 \times 12 = 768\pi \text{ cm}^3$.

അർദ്ധഗോളത്തിന്റെ വ്യാപ്തം = $\frac{2}{3}\pi r^3 = \frac{2}{3} \times \pi \times 2 \times 2 \times 2 = \frac{16\pi}{3} \text{ cm}^3$

അർദ്ധഗോളങ്ങളുടെ എണ്ണം = $768\pi \div \frac{16\pi}{3}$

$= 768\pi \times \frac{3}{16\pi} = 144$ എണ്ണം.

.............................................................................................................drvsr

***Question :7.*** March 2016

കടലാസു മുറിച്ച് ഒരു സമചതുരസ്തൂപിക ഉണ്ടാക്കണം. പാദവക്ക് 10 സെ.മി. , ഉയരം 12 സെ.മി യും വേണം. ത്രികോണത്തിന്റെ അളവുകൾ എത്ര ആയിരിക്കണം?

**Answer:-**

വശം (a) = 10cm , വികർണ്ണം ( d ) = $a\sqrt{2}$ = $10\sqrt{2}$ cm
h = 12cm , $e^2 = h^2 + (d/2)^2 = 12^2 + (5\sqrt{2})^2 = 144 + 50 = 194$
പാദവക്ക് (e) = $\sqrt{194}$ cm =13.9 cm
ത്രികോണത്തിന്റെ വശങ്ങൾ ( പാർശ്വം സമപാർശ്വ ത്രികോണമാണ് ) = 10 cm, $\sqrt{194}$ cm, $\sqrt{194}$ cm

.............................................................................................................drvsr

***Question :8.*** March 2016

വൃത്തസ്തംഭത്തിന്റെ ഒരറ്റത്ത് വൃത്തസ്തൂപിക ഘടിപ്പിച്ചഒരു വലിയ പാത്രത്തിന്റെ ആകെ ഉയരം 10 മീറ്റർ ആണ്.

വൃത്തസ്തൂപികയുടെ ഭാഗത്തിന്റെ ചരിവുയരം 5 മീറ്ററും പൊതുവായ ആരം 3 മീറ്ററും ആണ്. പാത്രത്തിന്റെ ഉള്ളളവ് എത്ര ലിറ്റർ ?

**Answer:-**




ആകെ ഉയരം
= 10m ,
ചരിവുയരം = 5 മീറ്ററും
പൊതു ആരം = 3m ,
സമചതുരസ്തൂപികയുടെ ഉയരം (h) = $\sqrt{l^2-r^2}$
= $\sqrt{5^2-3^2}$ = $\sqrt{25-9}$ = $\sqrt{16}=4$ m
വൃത്തസംഭത്തിന്റെ ഉയരം 10 – 4 = 6 m
സമചതരസ്തീപികയുടെ ആരം = 3m
പാത്രത്തിൻറെ വ്യാപ്തം =

വൃത്തസ്തംഭത്തിന്റെ വ്യാപ്തം + സമചതുരസ്തൂപികയുടെ വ്യാപ്തം

= $\pi r^2 h + \frac{1}{3}\pi r^2 h$ , = π × 3 × 3 × 6 + 1/3 × 3 × 3 × 4

= 54π + 12π = 66π = 66 × 3.14 = 207.24 $m^3$
പാത്രത്തിന്റെ വ്യാപ്തം ലിറ്ററിൽ = 207.24 × 1000 = 207240 ലിറ്റർ
...............................................................................................drvsr

## *Question :9.* March 2015





ഒരു ലോഹത്തകിടിൽ നിന്നും 20 സെന്റീമീറ്റർ ആരവും $240^\circ$ കേന്ദ്രകോണുമുള്ള ഒരു വൃത്താംശത്തെ ചിത്രത്തിൽ കാണുന്നതുപോലെ നാല് തുല്യഭാഗങ്ങളാക്കി, അതിൽ നിന്നും ഷേഡ് ചെയ്തഭാഗം മുറിച്ചെടുക്കുന്നു. ഇതുപയോഗിച്ച് നിർമ്മിച്ച സമചതുര സ്തുപികയുടെ ആകൃതിയിലുള്ള പാത്രത്തിന്റെ ഉള്ളളവ് എത്രയാണ് ?

## Answer:-

11.




$\Delta OBC$ യിൽ $\angle O = \angle B = \angle C = 60^0$

ie OB = BC = OC = 20 cm

e = 20 cm

a = 20 cm => $d = 20\sqrt{2}$

$h^2 = e^2 - (d/2)^2$

$= 20^2 - (10\sqrt{2})^2$

$\Delta OBC = 400 - 200$

$= 200$

ie $h = \sqrt{200} = 10\sqrt{2}$ cm

ഉള്ളളവ് $= 1/3 a^2 h = 1/3 \times 20^2 \times 10\sqrt{2}$

$= 4000\sqrt{2}/3$ cm$^3$

.............................................................................................drvsr

***Question* :10.** March 2015

a) 4 സെന്റീമീറ്റർ ഉയരവും 5 സെന്റീമീറ്റർ ആരവുമുള്ള, വൃത്ത സ്തംഭാകൃതിയിലുള്ള ഒരു ലോഹക്കട്ടയുടെ വ്യാപ്തം എത്രയാണ് ?

b) ഈ ലോഹക്കട്ട ഉരുക്കി 2 സെന്റീമീറ്റർ ആരവും ഒരേ ഉയരവുമുള്ള 5 വൃത്തസ്തുപികകൾ നിർമിക്കുന്നു. ഇത്തരം ഒരു വൃത്തസ്തുപികയുടെ ഉയരം കണക്കാക്കുക.

## Answer:-

(a) ലോഹകട്ടയുടെ $h = 4$ cm

$r = 5$ cm

വ്യാപ്തം $= \pi r^2 h = \pi \times 5^2 \times 4 = 100\pi$ cm$^3$

(b) വൃത്തസ്തൂപികയുടെ $r = 2$ cm

വ്യാപ്തം $= 1/3 \pi r^2 h = 1/3 \times \pi \times 2^2 \times h$

5 വൃത്തസ്തൂപികകളുടെ വ്യാപ്തം $= 5 \times 1/3 \times \pi \times 2^2 \times h$

ലോഹകട്ടയുടെയും 5 വൃത്തസ്തൂപികകളുടെയും വ്യാപ്തങ്ങൾ തുല്യമായതിനാൽ

$5 \times 1/3 \times \pi \times 2^2 \times h = 100\pi$

ie $h = (100\pi \times 3) / (5 \times \pi \times 2^2) = 5 \times 3 = 15$ cm

***Question* :11.** March 2015

ഒരു വൃത്തസ്തംഭത്തിന്റെ രണ്ടറ്റത്തും അർധഗോളങ്ങൾ ഘടിപ്പിച്ച രൂപത്തിലുള്ള ഒരു ടാങ്കിന്റെ ചിത്രമാണ് ചുവടെ.




ഇതിന്റെ പൊതുവായ വ്യാസം 2 മീറ്ററും ആകെ നീളം 8 മീറ്ററുമാണ്. ഈ സംഭരണിയുടെ പുറംചായം പൂശുന്നതിന് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ എത്ര രൂപയാകും എന്ന് കണക്കാക്കുക.

($\pi = 3.14$ എന്ന ഏകദേശ വില സ്വീകരിക്കാം)

**Answer:-**




ആരം = 1m ,
ആകെ ഉന്നതി = 8m ,
വൃത്തസ്തംഭത്തിന്റെ ഉയരം = 8 – 2 = 6m
ചായം പൂശേണ്ട സ്ഥലത്തിന്റെ പരപ്പളവ് =
2 അർദ്ധഗോളത്തിനന്റെവക്രമുഖ പരപ്പളവ് + വൃത്തസ്തംഭത്തിന്റെ വക്രമുഖ പരപ്പളവ്.

ടാങ്കിന്റെ ഉപരിതല പരപ്പളവ് = 2 x അർധഗോളത്തിന്റെ വക്രമുഖ പരപ്പളവ് + വൃത്തസ്തംഭത്തിന്റെ പാർശ്വമുഖ പരപ്പളവ്

$= 2 \times 2 \pi r^2 + 2 \pi r h$

$= 4 \times \pi \times 1^2 + 2 \times \pi \times 1 \times 6$

$= 4\pi + 12\pi$

$= 16\pi = 16 \times 3.14 = 50.24\ m^2$

ചായം പൂശുന്നതിനുള്ള ചെലവ് = 50.24 x 60 = 3014.40 രൂപ

..............................................................................................................drvsr

## *Question* :12. March 2014

12 സെ. മീ. പാദവക്കും 10 സെ. മീ. ചരിവുയരവുമുള്ള ഒരു സമചതുര സ്തൂപികയുടെ ഉയരമെത്രയാണ് ? ഇതിന്റെ വ്യാപ്തം കണക്കാക്കുക.

പാദവക്ക് (a) = 12 , ചരിവുയരം (l) = 10

ഉയരം (h) = $\sqrt{[l^2 - (\frac{a}{2})^2]} = \sqrt{[10^2 - (6)^2]} = \sqrt{[100 - 36]} = \sqrt{64} = 8$

സമചതുര സ്തൂപികയുടെ വ്യാപ്തം = $\frac{1}{3} a^2h = \frac{1}{3} \times 12 \times 12 \times 8$

$= 4 \times 12 \times 8 = 384$ ഘന സെ. മീ.

.............................................................................................................. drvsr

## *Question* :13. March 2014

മെഴുകുകൊണ്ട് നിർമ്മിച്ച കട്ടിയായ ഒരു വൃത്തസ്തംഭത്തിന്റെ ആരം 6 സെ. മീറ്ററും ഉയരം 12 സെ. മീറ്ററും ആണ്. ഇത് ചെത്തി അതേ ആരവും ഉയരവും ഉള്ള ഒരു വൃത്തസ്തൂപിക നിർമ്മിക്കുന്നു.

a. ഈ സ്തൂപികയുടെ വ്യാപ്തം എത്രയാണ് ?

b. ബാക്കിവരുന്ന മെഴുക് ഉപയോഗിച്ച് 1 സെ. മീ. ആരവും 12 സെ. മീ. ഉയരവുമുള്ള വൃത്തസ്തംഭാകൃതിയിലുള്ള എത്ര മെഴുകുതിരികൾ നിർമ്മിക്കാം

## Answer:-

ആദ്യത്തെവൃത്ത സ്തംഭത്തിന്റെ ആരം (r) = 6 cm

ആദ്യത്തെവൃത്ത സ്തംഭത്തിന്റെ ഉയരം (h) = 12 cm

ആദ്യത്തെവൃത്ത സ്തംഭത്തിന്റെ വ്യാപ്തം = $\pi r^2 h$

$= \pi \times 6 \times 6 \times 12 = 432\pi$

ചെത്തിയടുത്ത വൃത്തസ്തൂപികയുടെ വ്യാപ്തം $\frac{1}{2}\pi r^2 h$

$$= \frac{1}{3} \times 432\pi = 144\pi \text{ cm}^3$$

ബാക്കിയുള്ള മെഴുകിന്റെ വ്യാപ്തം $= 432\pi - 144\pi = 288\pi$

$$\text{മെഴുകുതിരിയുടെ എണ്ണം} = \frac{\text{ബാക്കിയുള്ള മെഴുകിന്റെ വ്യാപ്തം}}{\text{ഒരു മെഴുകുതിരിയുടെ വ്യാപ്തം}}$$

$$= \frac{288\pi}{\pi r^2 h} = \frac{288\pi}{\pi \times 12} = 24 \text{ എണ്ണം.}$$

.............................................................................................................drvsr

## *Question* :14 March 2014

**ഒരേ വൃത്തത്തിൽ നിന്ന് മുറിച്ചെടുത്ത രണ്ട് വൃത്താംശങ്ങളുടെ കേന്ദ്രകോണുകൾ $60^0$-യും $120^0$-യും ആണ്. ഇവ ഉപയോഗിച്ച് രണ്ട് വൃത്ത സ്തൂപികകൾ നിർമ്മിക്കുന്നു.**

**ചെറിയ വൃത്ത സ്തൂപികയുടെ ആരം 5 സെ.മീ. ആയാൽ വലിയ വൃത്ത സ്തൂപികയുടെ ആരവും പാദപരപ്പളവും കാണുക.**

**വലിയ വൃത്ത സ്തൂപികയുടെ ഉപരിതല പരപ്പളവ് കണക്കാക്കുക.**

$\frac{r}{l} = \frac{60}{360}$ ; $\frac{5}{l} = \frac{1}{6}$ ; $l = 30$

$\frac{r}{l} = \frac{120}{360}$ ; $\frac{r}{30} = \frac{1}{3}$ ; $r = 10$

**വലിയ വൃത്ത സ്തൂപികയുടെ ആരം = 10 സെ.മീ.**

**വലിയ വൃത്ത സ്തൂപികയുടെ പാദപരപ്പളവ്** $= \pi r^2 = \pi\, 10^2 = 100\pi$

**വലിയ വൃത്ത സ്തൂപികയുടെ ഉപരിതല പരപ്പളവ്** $= \pi r^2 + \pi r l = 100\pi + \pi\, 10 \times 30 = 400\pi$

.................................................................................drvsr

## *Question* :15 March 2013

ഒരു സമചതുര സ്തൂപികയുടെ എല്ലാ വക്കുകളുടേയും നീളം 12 സെന്റീമീറ്ററാണ്.

a) ഇതിന്റെ ഒരു പാർശ്വമുഖത്തിന്റെ പരപ്പളവെത്ര ?

b) ഈ സ്തൂപികയുടെ ഉപരിതല പരപ്പളവെത്ര ?

c) ഈ സ്തൂപികയുടെ വക്കുകളുടെ നീളം രണ്ടു മടങ്ങാക്കിയാൽ ഉപരിതല പരപ്പളവ് എത്ര മടങ്ങാകും ?

## Answer:-

**a = e = 12cm**




$$CD = \sqrt{12^2 - 6^2} = \sqrt{144 - 36} = \sqrt{108} = 6\sqrt{3}cm$$

a) പാർശ്വ തല പരപ്പളവ് $= 2al$ ;

ഒരു പാർശ്വ തല പരപ്പളവ് $= \frac{2al}{4} = \frac{2\times12\times6\sqrt{3}}{4} = 36\sqrt{3}$ cm$^2$.

b) ഉപരിതല പരപ്പളവ് $= 2al + a^2 = 2 \times 12 \times 6\sqrt{3} + 12 \times 12$

$= 144\sqrt{3} + 144$ cm$^2$.

.......................................................................................................drvsr

## *Question* :16 March 2013

മരത്തടിയിൽ നിർമ്മിച്ച ഒരു വൃത്ത സ്തൂപികയുടെ ചരിവുയരവും പാദവ്യാസവും 10 സെന്റീമീറ്റർ വീതമാണ്. ഇതിന്റെ വ്യാപ്തമെത്ര ? $\frac{1}{3}\pi \; 25 \times 5\sqrt{3}$

ഈ വൃത്തസ്തൂപിക ചെത്തി പരമാവധി വലിപ്പമുള്ള ഒരു ഗോളമാക്കുന്നു എങ്കിൽ ഗോളത്തിന്റെ വ്യാപ്തമെത്ര ?




**Answer:-** .

ചരിവുയരം (l) ഉം വ്യാസവും

തുല്യം $= 10$ cm

ആരം $= 10 / 2 = 5$ cm

വൃത്തസ്തൂപികയുടെ ഉയരം

$(h) = \sqrt{10^2 - 5^2}$

$= \sqrt{100-25} = \sqrt{75} = 5\sqrt{3}$ cm

വൃത്തസ്തൂപികയുടെ വ്യാപ്തം $= \frac{1}{3}\pi r^2 h \;\; = \frac{1}{3}\pi \times 5 \times 5 \times 5\sqrt{3}$




$= \dfrac{125\pi\sqrt{3}}{3}$ cm$^3$.

b) വൃത്തസ്തൂപികയുടെ ചരിവുയരവും വ്യാസവും തുല്യമായതിനാൽ $\Delta ABC$ ഒരു സമഭുജ ത്രികോണമാണ്. ഇതിന്റെ അന്തർവൃത്തം പരിഗണിച്ചാൽ .

$< OBD = 30^0$ ; അതുകൊണ്ട് $< BOD = 60^0$ . : $BD = 5$
$OD = 5/\sqrt{3}$ , $OB = 10/\sqrt{3}$

അതു കൊണ്ട് സ്തൂപികയിൽ നിന്നും ചെത്തി ഉണ്ടാക്കാവുന്ന ഗോളക്കിന്റെ ആരം $5/\sqrt{3}$ ആയിരിക്കും.

അതുകൊണ്ട് ഗോത്തിന്റെ വ്യാപ്തം $= \frac{4}{3}\pi r^3$

$$= \frac{4}{3}\pi \times \frac{5}{\sqrt{3}} \times \frac{5}{\sqrt{3}} \times \frac{5}{\sqrt{3}} = \frac{500\pi}{9\sqrt{3}} \text{ cm}^3 .$$

.......................................................................................drvsr

## *Question* :17

വശങ്ങളുടെ നീളം 8 സെന്റിമീറ്ററായ സമചതുരവും, ഒരു വശം 8 സെന്റിമീറ്ററും, മറ്റു രണ്ടു വശങ്ങൾ 5 സെന്റിമീറ്ററുമായ നാലു ത്രികോണങ്ങളും ഒട്ടിച്ച് സമചതുരസ്തൂപിക ഉണ്ടാക്കാൻ കഴിയുമോ ? കാരണം വിശദമാക്കുക.

## Answer:-




ഏതൊരു സ്തൂപികക്കും ഒരു ശീർഷവും ഉന്നതിയും ഉണ്ടായിരിക്കും.

ചിത്രത്തിലെ a , l , e മട്ട ത്രികോണത്തിൽ നിന്നും പാർശ്വന്നതി

$l = \sqrt{(e)^2 - (a/2)^2}$
$= \sqrt{(5)^2 - (8/2)^2}$
$= \sqrt{(5)^2 - (4)^2}$
$= \sqrt{25 - 16} = \sqrt{9} = 3$ സെ.മീ.

ചിത്രത്തിലെ a , h , l മട്ട ത്രികോണത്തിൽ നിന്നും

ഉന്നതി (h) $= \sqrt{(l)^2 - (a/2)^2} = \sqrt{(3)^2 - (8/2)^2} = \sqrt{(3)^2 - (4)^2}$
$= \sqrt{9 - 16} = \sqrt{-7}$

√-7 ന്റെ വില കണക്കാക്കുക സാധ്യമല്ല. അതുകൊണ്ട് ഈ സ്തൂപികക്ക് ഉയരം ഉണ്ടായിരിക്കുകയില്ല.

അതായത് ഈ സ്തൂപികയുടെ വശങ്ങളിലുള്ള ത്രികോണങ്ങൾക്ക് മൂലകൾ ഉണ്ടായിരിക്കുകയില്ല.

∴ ഇതരം ഒരു സമചതരസപിക ഉണ്ടാക്കാൻ കഴിയില്ല. .

..............................................................................................................drvsr

## *Question* :18

ു അർധവൃത്തം വളച്ച് വൃത്തസ്തൂപികയുണ്ടാക്കി.

അതിന്റെ പാദ ആരവും ചരിവുയരവും തമ്മിലുള്ള ബന്ധമെന്താണ് ?



സ്തൂപികയുടെ ശീർഷം, ഒരു പാദവ്യാസത്തിന്റെ അറ്റങ്ങളുമായി യോജിപ്പിച്ചുണ്ടാകുന്ന ത്രികോണം സമഭുജമാണെന്നു തെളിയിക്കുക.

## Answer:-




(a) ചിത്രത്തിൽ നിന്നും അർദ്ധവൃത്തത്തിന്റെ ചാപനീളം =

വൃത്തസ്തൂപികയുടെ പാദചുറ്റളവ്.

$\therefore 2\pi R \times (180/360) = 2\pi r$ , $\therefore 2\pi R \times (\frac{1}{2}) = 2\pi r$

$\therefore R = 2r$

എന്നാൽ അർദ്ധവൃത്തത്തിന്റെ ആരം R = വൃത്തസ്തൂപികയുടെ പാർശ്വന്നതി l ആണ്.

$\therefore l = 2r$ ( അതായത് പാർശ്വന്നതി = പാദവ്യാസം )

$r = l/2$

അതായത് വൃത്തസ്തൂപികയുടെ പാദആരം , ചരിവുയരത്തിന്റെ പകുതി ആയിരിക്കും.

(b) രണ്ടാമത്തെ ചിത്രത്തിലെ സ്തൂപികയുടെ ശീർഷം ഒരു പാദവ്യാസത്തിന്റെ അറ്റങ്ങളുമായി യോജിപ്പിച്ചുണ്ടാക്കുന്ന ത്രികോണം പരിശോധിച്ചാൽ അതിലെ രണ്ടു വശങ്ങൾ പാർശ്വന്നതി l ആണ്.

എന്നാൽ ഇത്തരത്തിലുള്ള ഒരു വൃത്തസ്തൂപികയുടെ പാദവ്യസം = പാർശ്വന്നതി ആണെന്ന് മുൻപ് കിട്ടിയിട്ടുണ്ട്.

$\therefore$ മൂന്നാമത്തെ വശവും പാർശ്വന്നതി l തന്നെയാണ്.

ഇവിടെ ത്രികോണത്തിന്റെ മൂന്നു വശങ്ങളും തുല്യമായതിനാൽ ത്രികോണം സമഭുജത്രികോണമാണ്.

.............................................................................................................drvsr

## *Question* :19.

(5) ഒരേ ആരമുള്ള കട്ടിയായ രണ്ടു അർധഗോളങ്ങളുടെ പാദങ്ങൾ ചേർത്തൊട്ടിച്ച് ഒരു ഗോളമുണ്ടാക്കുന്നു. ഒരു അർധഗോളത്തിന്റെ ഉപരിതലപരപ്പളവ് 120 ചതുരശ്ര-സെന്റിമീറ്ററാണ്.

(a) അർധഗോളത്തിന്റെ പാദപരപ്പളവ് എത്രയാണ് ?

(b) മുഴുവൻ ഗോളത്തിന്റെ ഉപരിതലപരപ്പളവെത്രയാണ് ?

## Answer:-




(a) r ആരമായുള്ള അർദ്ധഗോളത്തിന്റെ ഉപരിതല പരപളവ് = $3\pi r^2$

ഇവിട

$3\pi r^2 = 120$ ച.സെ.മീ എന്ന് തന്നിട്ടുണ്ട്.

$\therefore \pi r^2 = 120/3$

$\pi r^2 = 40$ ച.സെ.മീ

എന്നാൽ $\pi r^2$ ആണ് അർദ്ധഗോളത്തിന്റെ പാദ പരപളവ് .

∴ അർദ്ധഗോളത്തിന്റെ പാദപരപളവ് = 40 ച.െസ.മീ

(b) മുഴുവൻ ഗോളത്തിന്റേയും ഉപരിതല പരപളവ് = $4 \pi r^2$

$= 4 \times 40 = 160$ ച.സെ.മീ ( $\pi r^2 = 40$ ആണ് )

.........................................................................................................drvsr

## *Question :20.*

6.28$m^3$ നെല്ല് വൃത്തസ്തൂപികാകൃതിയിൽ കൂട്ടി ഇട്ടിരിക്കുന്നു. അതിൻറെ പാദ ചുറ്റളവ് 12.56m ആയാൽ നെല്ല് മൂടിയിടുന്നതിന് ആവശ്യമായ ടാർപോളിൻറെ വിസ്തീർണ്ണം കണക്കാക്കുക?

## Answer:-

പാദ ചുറ്റളവ് = 12.56m ; വ്യാപ്തം = 6.28m

ടാർപോളിൻറെ വിസ്തീർണ്ണം = വൃത്തസ്തൂപികയുടെ വക്രമുഖ പരപ്പളവിന് തുല്ല്യം .

വൃത്തസ്തൂപികയുടെ വക്രമുഖ പരപ്പളവ് = $\pi r l$

ഇവിടെ h ഉം l ഉം കണ്ടുപിടിക്കണം.

ie., വ്യാപ്തം = $\frac{1}{3}\pi r^2 h = 6.28$ . ; h = $\frac{6.28\times3}{4\pi} = \frac{6.28\times3}{4\times3.14} = 1.5$ m .

ചരിവുയരം (l) = $\sqrt{h^2+r^2} = \sqrt{(1.5)^2+2^2} = \sqrt{2.25+4} = \sqrt{6.25} = 2.5$ m

ടാർപോളിൻറെ വിസ്രീർണ്ണം = $\pi r l = 3.14\times2\times2.5 = 15.7\ m^2$ .

..........................................................................................drvsr

## Question.21

അർദ്ധഗോളാകൃതിയിലുള്ള ഒരു കപ്പിന്റെ ആന്തരവ്യാസം 8 സെ.മീ.ഈ കപ്പ് ഉപയോഗിച്ച് എത്രപ്രാവശ്യം വെള്ളമെഴിച്ചാൽ 12 സെ.മീ. ആന്തരആരമുള്ള അർദ്ധഗോളാകൃതിയിലുള്ള ഒരു പാത്രം നിറയും?

**Answer:-**

കപ്പിന്റെ ആന്തരവ്യാസം = 8 സെ.മീ. ; ആരം = 8 / 2 = 4 cm .

പാത്രത്തിൻറെ ആരം = 12 cm.

$$\text{ഒഴിക്കേണ്ട കപ്പുകളുടെ എണ്ണം} = \frac{\text{പാത്രത്തിന്റെ വ്യാപ്തം}}{\text{കപ്പിന്റെ വ്യാപ്തം}}$$

പാത്രത്തിന്റെ വ്യാപ്തം = $\frac{2}{3}\pi r^3$; $\frac{2}{3} \times \pi \times 12 \times 12 \times 12 = 1152\pi$ cm$^3$

കപ്പിന്റെ വ്യാപ്തം = $\frac{2}{3}\pi r^3$ = $\frac{2}{3} \times \pi \times 3 \times 3 \times 3$ = $18\pi$ cm$^3$.

ഒഴിക്കേണ്ട കപ്പുകളുടെ എണ്ണം = $\frac{1152\pi}{18\pi} = 64$ എണ്ണം.

.........................................................................................................drvsr

## Question.22

വൃത്തസ്തംഭാകൃതിയുള്ള ഒരു പാത്രത്തിന്റെ ഉയരം 24 സെ.മീ. വ്യാസം 36 സെ.മീ. അതിൽ 20 സെ.മീ. ഉയരത്തിൽ വെള്ളം ഉണ്ട്.18 സെ.മീ. വ്യാസമുള്ള ഒരു ഗോളം ഈ പാത്രത്തിലെ വെള്ളത്തിൽ മുക്കിയിട്ടാൽ ജലനിരപ്പ് എത്ര ഉയരുമെന്ന് കണക്കാക്കുക?

**Answer:-**

പാത്രത്തിന്റെ ഉയരം = 24 സെ.മീ ; വ്യാസം = 36 സെ.മീ ; r = 18 cm

ഇപ്പോഴുള്ള ജലനിരപ്പ് = 20 cm ; ഗോളത്തിന്റെ ആരം = 18/2=9cm

ജല നിരപ്പിന്റെ ഉയർച്ച = h എന്നിരിക്കട്ടെ
ഉയരുന്ന ജലത്തിന്റെ വ്യാപ്തം
= ഗോളത്തിന്റെ വ്യാപ്തത്തിന് തുല്യം.




Note.ഇവിടെ ഉയരുന്ന ജലത്തിന്റെ ആകൃതി പാത്രത്തിന്റെ ആകൃതിയായ

വൃത്തസ്തംഭത്തിന്റെ ആകൃതിയിലായിരിക്കും.

ഉയരുന്ന ജലത്തിന്റെ വ്യാപ്തം = $\pi R^2 h = \pi \times 18 \times 18 \times h$

ഗോളത്തിന്റെ വ്യപ്തം = $\frac{4}{3}\pi r^3$ = $\frac{4}{3} \times \pi \times 9 \times 9 \times 9 = 972\pi$

ജല നിരപ്പിന്റെ ഉയർച്ച (h) = $h\pi \times 18 \times 18 = 972\pi$

h = $\frac{972\pi}{324\pi} = 3$ cm ..............................................................drvsr

## Question.23,

പാദവക്കിന്റെ നീളം 24 സെന്റിമീറ്ററും പാർശ്വവക്കിന്റെ നീളം 13 സെന്റിമീറ്ററും ആകുന്ന വിധത്തിൽ ഒരു സമചതുരസ്തൂപിക നിർമിക്കാമോ? ഉത്തരം സമർത്ഥിക്കുക?

## Answer:-

പാദവക്കിന്റെ നീളം (a) = 24 cm ;
പാർശ്വവക്കിന്റെ നീളം (e) = 13cm

ചരിവുയരം (l) = $\sqrt{e^2-\left(\frac{a}{2}\right)^2} = \sqrt{13^2-\left(\frac{24}{2}\right)^2} = \sqrt{169-144}$

$= \sqrt{25}=5$ cm

ചരിവുയരം 5 സെ.മീ. ആയതിനാൽ സ്തൂപികനിർമ്മിക്കാൻ കഴിയില്ല. ( ചരിവുയരം പാദവക്കിന്റെ പകുതിയേക്കാൾ കൂടുതലായിരിക്കണം.)

..................................................................................................drvsr

## Question.24

മരത്തടിയിൽ നിർമിച്ച ഒരു വൃത്തസ്തൂപികയുടെ പാദ ആരം 30 സെ.മീ., ഉയരം 40 സെ.മീ. അതിന്റെ ചരിവുയരമെത്ര? ഇത്തരം 10 വൃത്തസ്തൂപികകളുടെ മുഖങ്ങൾ ചായം തേക്കുന്നതിന് ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ ആകെ എത്ര രൂപയാകും?

## Answer:-

പാദ ആരം = 30cm = 0.30m ; ഉയരം = 40 cm = 0.40m .

ചരിവുയരം = $\sqrt{h^2+r^2} = \sqrt{0.40^2+0.30^2} = \sqrt{0.16+0.09} = \sqrt{0.25}=0.5$ m

ഉപരിതല പരപ്പളവ് = $\pi r(l+r) = \pi \times 0.30(0.50+0.30)$

$= \pi \times 0.30 \times 0.8=0.24\pi$

ഇത്തരം 10 വൃത്തസ്തേതൂപികയുടെ പരപ്പളവ് = $10 \times 0.24\pi=2.4\pi$

ഒരു ച.മീ.യുടെ ചിലവ് = Rs.50/-

ആകെ ചിലവ്= $2.4 \times 3.14 \times 50$ = Rs.3768/-

..................................................................................................drvsr

## Question.25

15 സെ.മീ. ആരമുള്ള വൃത്താകൃതിയിലുള്ള ഒരു ടിൻഷീറ്റിൽ നിന്നും $288^{\circ}$ കേന്ദ്ര കോണുള്ള ഒരു വൃത്താംശം മുറിച്ചെടുത്ത് പരമാവധി വലിപ്പമുള്ള വൃത്തസ്തൂപികാകൃതിയിലുള്ള ഒരു പാത്രം ഉണ്ടാക്കുന്നു.

a. പാത്രത്തിന്റെ ആരം എത്രയായിരിക്കും?

b. $1\frac{1}{2}$ ലിറ്റർ വെളിച്ചെണ്ണ വാങ്ങാൻ ഈ പാത്രം മതിയാവുമോ?

## Answer:-

ടിൻ ഷീറ്റിന്റെ ആരം = 15cm = ചരിവുയരം ; കേന്ദ്ര കോൺ = $288^0$ .

a)പാത്രത്തിന്റെ ആരം = $\frac{r}{l}=\frac{x}{360} \Rightarrow \frac{r}{15}=\frac{288}{360} \Rightarrow r \times 360=15 \times 288$

$$r = \frac{15\times288}{360} = \frac{4320}{360}=12 \text{ cm}$$

b) ഇവിടെ വ്യാപ്തം കാണണം ; വ്യാപ്തം = $\frac{1}{3}\times r^2 h$ ; $h = \sqrt{l^2-r^2}$

$h = \sqrt{15^2-12^2} = \sqrt{225-144} = \sqrt{81}=9 \text{ cm}$

Hence volume = $\frac{1}{3}\times \pi \times 12 \times 12 \times 9$ = 1356.48 $cm^3$ = 1.356 litres .

ഈപാത്രത്തിൽ ഒന്നര ലിറ്റർ വെളിച്ചെണ്ണ വാങ്ങാൻ കഴിയില്ല.

……………………………………………………………………………..drvsr

## Question.26.

ഒരേ ആരമുള്ള ഒരു അർധഗോളവും ഒരു വൃത്തസ്തൂപികയും ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ചേർത്തുവച്ച് ഒരു ഘനരൂപമുണ്ടാക്കുന്നു. അർധഗോളത്തിന്റെ ആരം 9 സെ.മീ. ആകെ ഉയരം 21 സെ.മീ. ആയാൽ




a. വൃത്തസ്തൂപികയുടെ ഉയരം എത്ര?

b. വൃത്തസ്തൂപികയുടെ വ്യാപ്തം കാണുക.

c. ഘനരൂപത്തിന്റെ വ്യാപ്തം കാണുക.

■ ഉത്തരസൂചിക

a. വൃത്തസ്തൂപികയുടെ ഉയരം = 12 സെ.മീ. (1)

അർധഗോളത്തിന്റെ വ്യാപതം = $\frac{2}{3}\pi \times 9^3 = 486\pi$ ഘ.സെ.മീ. (1)

b. വൃത്തസ്തൂപികയുടെ വ്യാപ്തം = $\frac{1}{3}\pi \times 9^2 \times 12 = 324\pi$ ഘ.സെ.മീ. (1)

c. ആകെ വ്യാപ്തം = $486\pi + 324\pi = 810\pi$ ഘ.സെ.മീ. (1)

..........................................................................................drvsr

*End of the chapter 8 Solids*

*Precooked by*
*Dr.V.S.RaveendraNath M.Sc.,M.Ed.,Ph.D.*

9

# ജ്യാമിതിയും ബീജഗണിതവും

## ഓർമ്മയിൽ സൂക്ഷിക്കാൻ

- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ ആധാരബിന്ദുവുമായി യോജിപ്പിക്കുന്ന വരകൾ സമീപവശങ്ങളായ സാമാന്തരികത്തിന്റെ നാലാമത്തെ മൂല $(x_1 + x_2, y_1 + y_2)$ ആണ്.




- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ $(x_3, y_3)$ എന്ന ബിന്ദുവുമായി യോജിപ്പിക്കുന്ന വരകൾ സമീപവശങ്ങളായ സാമാന്തരികത്തിന്റെ നാലാമത്തെ മൂല $(x_1 + x_2 - x_3, y_1 + y_2 - y_3)$ ആണ്.




ഉദാ:






- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ മധ്യബിന്ദു $\left(\frac{x_1+x_2}{2}, \frac{y_1+y_2}{2}\right)$ ആണ്.

  ഉദാ:




- $(x_1, y_1)$, $(x_2, y_2)$, $(x_3, y_3)$ എന്നീ ബിന്ദുക്കൾ മൂലകളായ ത്രികോണത്തിന്റെ മധ്യമകേന്ദ്രം $\left(\frac{x_1+x_2+x_3}{3}, \frac{y_1+y_2+y_3}{3}\right)$ ആണ്.

  ഉദാ: (2, 1), (5, 3), (8, 2) എന്നീ ബിന്ദുക്കൾ മൂലകളായ ത്രികോണത്തിന്റെ മധ്യമ കേന്ദ്രം $\left(\frac{2+5+8}{3}, \frac{1+3+2}{3}\right) = (5, 2)$

- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയെ m : n എന്ന അംശബന്ധത്തിൽ ഭാഗിക്കുന്ന ബിന്ദുവാണ് $P(x, y)$ എങ്കിൽ

$$x = x_1 + \frac{m}{m+n}(x_2 - x_1)$$

$$y = y_1 + \frac{m}{m+n}(y_2 - y_1)$$




  $P(x, y)$ എന്ന ബിന്ദു AB എന്ന വരയെ 1:2 എന്ന അംശബന്ധത്തിൽ ഭാഗിച്ചാൽ

$$x = 2 + \frac{1}{3}\times(5-2) = 2 + \frac{1}{3}\times 3 = 2 + 1 = 3$$

$$y = 4 + \frac{1}{3}(13-4) = 4 + \frac{1}{3}\times 9 = 4 + 3 = 7$$




- അക്ഷങ്ങൾക്ക് സമാന്തരമല്ലാത്ത ഏത് വരയിലും y ലെ മാറ്റം $x$ ലെ മാറ്റത്തിന് ആനുപാതികമാണ്. ഇതിലെ ആനുപാതിക സ്ഥിരമാണ് വരയുടെ ചരിവ്.

- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ ഉൾപ്പെടുന്ന വരയുടെ ചരിവ് $\frac{y_2 - y_1}{x_2 - x_1}$ ആണ്.

  ഉദാ: (2, 3), (8, 6) എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ ചരിവ് $\frac{6-3}{8-2}$

  $= \frac{3}{6} = \frac{1}{2}$

- ഒരു വരയിലെ ഏതൊരു ബിന്ദുവിന്റേയും $x$ സൂചകസംഖ്യയും $y$ സൂചകസംഖ്യയു തമ്മിലുള്ള സ്ഥിരമായ ബന്ധത്തെ ആ വരയുടെ സമവാക്യം എന്നു പറയുന്നു.
- $(x_1, y_1)$, $(x_2, y_2)$ എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ സമവാക്യ $\frac{y-y_1}{x-x_1}=\frac{y_2-y_1}{x_2-x_1}$ എന്നതാണ്.
- ഒരു വൃത്തത്തിലെ ഏതൊരു ബിന്ദുവിന്റെയും $x$ സൂചകസംഖ്യയും $y$ സൂചകസംഖ്യയു തമ്മിലുള്ള സ്ഥിരമായ ബന്ധത്തെ ആ വൃത്തത്തിന്റെ സമവാക്യം എന്ന് പറയുന്നു.
- ആധാരബിന്ദു കേന്ദ്രവും ആരം 'r' ഉം ആയ വൃത്തത്തിന്റെ സമവാക്യം $x^2 + y^2 = r$ എന്നതാണ്.
- വൃത്തകേന്ദ്രം $(x_1, y_1)$ ഉം ആരം 'r' ഉം ആയ വൃത്തത്തിന്റെ സമവാക്യം $(x - x_1)^2 + (y - y_1)^2 = r^2$

.......................................................................................................................drvsr

## Question1. March 2017

a) (3, -1), (13,9)എന്നീബിന്ദുക്കൾയോജിപ്പിക്കുന്നവര വ്യാസമായ വൃത്തത്തിൻറെ കേന്ദ്രം കണ്ടുപിടിക്കുക ? ഈവൃത്തത്തിൻറെ സമവാക്യം കണ്ടുപിടിക്കുക ?

b) $x$ സൂചക സംഖ്യയും $y$ സൂചക സംഖ്യയും തുല്യമായ ബിന്ദുക്കൾ ഈവൃത്തത്തിൽ ഉണ്ടാവില്ല എന്ന് തെളിയിക്കുക.

## Answer:-



(a) ചിത്രത്തിൽ O യുടെ സംഖ്യാ ജോഡി $\frac{x_1+x_2}{2}, \frac{t_1+y_2}{2}$

( AB യുടെ മധ്യ ബിന്ദുവാണ് O )

$\Rightarrow \frac{3+13}{2}, \frac{-1-9}{2} \Rightarrow \frac{16}{2}, \frac{-10}{2} \Rightarrow (8, -5)$

∴ വൃത്തകേന്ദ്രത്തിന്റെ സഖ്യായോഡി = ( 8 , -5 )

വൃത്തത്തിന്റെ ആരം OB = $\sqrt{(x_2-x_1)^2+(y_2-y_1)^2}$ = ( അകലം സൂത്ര വാക്യം )

= $\sqrt{(8-3)^2+(-5+1)^2}$ = $\sqrt{5^2-4^2}$ = $\sqrt{25-16}=\sqrt{41}$ യൂണിറ്റ്.

വൃത്തകേന്ദ്രം ( a , b) യും ആരം r ഉംആയ വൃത്തത്തിന്റെ

സമവാക്യം $(x-a)^2+(y-b)^2=r^2$

∴ ഈ വൃത്തത്തിന്റെ സമവാക്യം ⇒ $(x-8)^2+(y--5)^2=(\sqrt{41})^2$

$\Rightarrow (x-8)^2+(y+5)^2=41 \Rightarrow x^2-16x+64+y^2+10y+25=41$

$\Rightarrow x^2+y^2-16x+10y+64+25-41=0 \Rightarrow x^2+y^2-16x+10y+48=0$

(b) x , y സൂചക സംഖ്യകൾ തുല്യമായ ഒരു ബിന്ദു ഈ വൃത്തത്തിൽ

ഉണ്ടെങ്കിൽ ( x = y )

വൃത്തത്തിന്റെ സമവാക്യം $x^2+y^2-16x+10y+48=0$ എന്നത്

$x^2+x^2-16x+10x+48=0$ എന്നാകുന്നു

$\Rightarrow 2x^2-6x+48=0 \div 2 \Rightarrow x^2-3x+24=0$ ;

ഇവിടെ a=1 , b=-3 , c=24

$b^2-4ac=(-3)^2-4 \times 1 \times 24=9-96=-87.$

$b^2-4ac<0$ ,

∴ ഈ സമവാക്യത്തിന് മൂല്ല്യഗണങ്ങൾ ഇല്ല.

അതായത് x , y സൂചക സംഖ്യകൾ തുല്യമായ ഒരു ബിന്ദു ഈ വൃത്തത്തിൽ

ഇല്ല.

........................................................................................................................drvsr

## **Question 2**. March- 2017




ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിന്റെ ആരം 6 യൂണിറ്റാണ്. AB എന്ന വര വൃത്തത്തെ P യിൽ തൊടുന്നു. $\angle OAB = 30^\circ$ ആയാൽ

a) A, P എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

b) AB യുടെ സമവാക്യം കണ്ടുപിടിക്കുക.

**Answer:-**




ചിത്രത്തിൽ വൃത്തകേന്ദ്രം O മുതൽ തൊട്ടുബിന്ദു P വരെ യോജിപ്പിച്ചിരിക്കുന്നു.

തൊട്ടുബിന്ദു P യിൽനിന്നും X അക്ഷത്തിലേയ്ക്ക് വരച്ചിരിക്കുന്ന ലംബമാണ് PC

**(a)** ചിത്രത്തിലെ മട്ട $\Delta$ OPA യിൽ നിന്നും OP , OA എന്നിവ ഉൾപ്പെടുന്ന sin 30 പരിഗണിച്ചാൽ sin 30 = OP / OA

$\therefore$ ½ = 6 / OA

$\therefore$ **OA** = 2 x 6 = **12**

$\therefore$ **A യുടെ സംഖ്യാജോടി : ( 12 , 0 )** ( X അക്ഷത്തിലെ ബിന്ദു )

ചിത്രത്തിലെ മട്ട $\Delta$ OCP യിൽ നിന്നും OC , OP എന്നിവ ഉൾപ്പെടുന്ന

sin 30 പരിഗണിച്ചാൽ $\sin 30 = OC / OP$

$\therefore \frac{1}{2} = OC / 6$

$2 \times OC = 6 \therefore$ **OC** $= 6 / 2 =$ **3**

---

മട്ട $\Delta$ OCP യിൽ നിന്നും CP , OP എന്നിവ ഉൾപ്പെടുന്ന

COS 30 പരിഗണിച്ചാൽ $\cos 30 = CP / OP$

$\sqrt{3} / 2 = CP / 6$

$2 \times CP = 6\sqrt{3} \therefore$ **CP** $= 6\sqrt{3} / 2 =$ **$3\sqrt{3}$**

**(b)** **AB യുടെ സമവാക്യം കണ്ടുപിടിക്കുന്നതിന്**

AB എന്ന വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$= (3\sqrt{3} - 0) / (3 - 12)$

$= 3\sqrt{3} / -9$

$\therefore$ AB എന്ന വരയുടെ ചരിവ് = **$-\sqrt{3} / 3$**

വരയിലെ ബിന്ദുവാണ് (x , y) എങ്കിൽ

AB എന്ന വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$-\sqrt{3} / 3 = (y - 0) / (x - 12)$

$$-\sqrt{3}(x - 12) = 3y$$

$$-\sqrt{3}x + 12\sqrt{3} = 3y$$

$$-\sqrt{3}x - 3y + 12\sqrt{3} = 0$$

അതായത് AB എന്ന വരയുടെ സമവാക്യം : $-\sqrt{3}x - 3y + 12\sqrt{3} = 0$ അല്ലെങ്കിൽ $\sqrt{3}x + 3y - 12\sqrt{3} = 0$. ..........................................................................drvsr

**Question 3**. March- 2017




ചിത്രത്തിൽ A, B എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ സമവാക്യം $x + 2y = 10$ ആണ്. ഈ വരയിലെ ബിന്ദുക്കളാണ് P, Q.

a) A, B എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

b) A, B എന്ന വരയെ 2 : 3 എന്ന അംശബന്ധത്തിൽ ഭാഗിക്കുന്ന P എന്ന ബിന്ദുവിന്റെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.

c) AQ : BQ = 2 : 3 ആയാൽ Q എന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

## Answer:-




ചിത്രത്തിലെ AB എന്ന വരയുടെ സമവാക്യം $x + 2y = 10$ എന്ന് തന്നിട്ടുണ്ട്

**(a)** A യുടെ y സൂചകസംഖ്യ 0 ആണ്. ( A , X അക്ഷത്തിലെ ബിന്ദുവാണ്. )

$y = 0$ എന്ന വില $x + 2y = 10$ എന്ന സമവാക്യത്തിൽ ആരോപിച്ചാൽ

$$x + (2 \times 0) = 10$$

$$x + 0 = 10$$

$$x = 10$$

$\therefore$ **A യുടെ സംഖ്യാജോടി : ( 10 , 0 )**

B യുടെ x സൂചകസംഖ്യ 0 ആണ്. ( B , y അക്ഷത്തിലെ ബിന്ദുവാണ്. )

$x = 0$ എന്ന വില $x + 2y = 10$ എന്ന സമവാക്യത്തിൽ ആരോപിച്ചാൽ

$$0 + 2y = 10$$

$$2y = 10$$

$$y = 10/2 = 5$$

$\therefore$ **B യുടെ സംഖ്യാജോടി : ( 0 , 5 )**

**(b)** <u>**P** യുടെ സൂചകസംഖ്യകൾ കണക്കാക്കുന്നതിന്</u>

ചിത്രത്തിലെ P യുടെ x സൂചകസംഖ്യ **x** = $x_1 + p/w\ (x_2 - x_1)$

$= 10 + 2/5\ (0 - 10) \quad (p = 2\ ,\ w = 5)$

$= 10 + 2/5 \times -10$

$= 10 + -4$

$= \mathbf{6}$

P യുടെ y സൂചകസംഖ്യ **y** = $y_1 + p/w\ (y_2 - y_1)$

$= 0 + 2/5\ (5 - 0) \quad (p = 2\ ,\ w = 5)$

$= 0 + 2/5 \times 5$

$= 0 + 2$

$= \mathbf{2}$

∴ <u>**P** യുടെ സംഖ്യാജോടി = **(6 , 2)**</u>

**(c)** <u>**Q** വിന്റെ സൂചകസംഖ്യകൾ കണക്കാക്കുന്നതിന്</u>

ചിത്രത്തിലെ AQ : BQ = 2:3 എന്ന തന്നിട്ടുള്ളതു കൊണ്ട് BA : AQ= 1:2

Q വിന്റെ സംഖ്യാജോടി = (x , y) എന്ന കരുതിയാൽ




B യിൽ നിന്നും A യിലേക്ക് 1 കൂടുന്പോൾ x സുചകസംഖ്യ 0 + 10 = 10 കൂടി A യുടെ x സൂചകസംഖ്യയായ 10 കിട്ടുന്നു.

∴ A യിൽ നിന്ന് Q വിലേക്ക് 2 കൂടുന്പോൾ ( അതായത് 1 × 2 = 2 ) ,

x സുചകസംഖ്യ 0 + (2 × 10) = 20 കൂടി Q വിന്റെ

x സുചകസംഖ്യ = 10 + 20 = 30 എന്ന് കിട്ടുന്നു . ഇതേരീതിയിൽ

B യിൽ നിന്നും A യിലേക്ക് 1 കൂടുന്പോൾ y സൂചകസംഖ്യയായ 0 - 5 = -5 കൂട്ടി A യുടെ y സുചകസംഖ്യയായ 0 കിട്ടുന്നു.

∴ A യിൽ നിന്ന് Q വിലേക്ക് 2 കൂടുന്പോൾ ( അതയത് 1 × 2 = 2 ) , x സൂചകസംഖ്യ 0 + (2 × -5) = -10 കൂടി Q വിന്റെ

x സുചകസംഖ്യ = 0 + -10 = -10 എന്ന് കിട്ടുന്നു.

∴ Q വിന്റെ സംഖ്യാ യോടി = ( 30 , -10 ) .

## Question 4. March- 2017

ഒരു ത്രികോത്തിന്റെ മൂന്നു വശങ്ങളും വ്യാസങ്ങളായി വൃത്തങ്ങൽ വരച്ചാൽ ത്രികോണത്തിനകത്തെ ഒരേ ബിന്ദുവിൽ കൂടി കടന്നു പോകുമോ? ഉത്തരം സമർത്ഥിക്കുക.

## Answer:-

5. $\Delta ABC$ പരിഗണിച്ചാൽ AB, AC, BC എന്നീ വശങ്ങൾ വ്യാസങ്ങളായി വൃത്തങ്ങൾ വരച്ചാൽ അവ P എന്ന ബിന്ദുവിലൂടെ കടന്നു പോകും എന്ന് കരുതിയാൽ

$\angle APB + \angle APC + \angle BPC = 90^0 + 90^0 + 90^0 = 270^0$ (അർദ്ധവൃത്തത്തിലെ കോൺ മട്ടം)

എന്നാൽ ഒരു ബിന്ദുവിന് ചുറ്റുമുള്ള കോൺ $360^0$ ആയതിനാൽ ഒരു ത്രികോണത്തിന്റെ മൂന്ന് വശങ്ങളും വ്യാസങ്ങളായി വൃത്തങ്ങൾ വരച്ചാൽ അത് ഒരു ബിന്ദുവിലൂടെ കടന്നു പോകില്ല.

..........................................................................................drvsr

## Question 5. March- 2017

ചിത്രത്തിൽ PQ ഒരു തൊടുവരയാണ് PA = 5 cm . PA വശമായി വരക്കുന്ന സമചതുരത്തിന്റെ പരപ്പളവ് 49 ച.മീ. ആണ്.




a) AB എന്ന ഞാണിന്റെ നീളം എത്ര ?

b) 49 ച.മീ. പരപ്പളവും ഒരു വശം 5 സെ.മീ. ഉം ആകത്തക്ക രീതിയിൽ ഒരു ചതുരം നിർമ്മിക്കുക.

## Answer:-

**(a)** ചിത്രത്തിലെ $PB \times PA = PQ^2$ ആണ്.

ഇതിൽ PA = 5 സെന്റീ മീറ്റർ എന്ന് തന്നിട്ടുണ്ട്

മാത്രമല്ല PQ വശമായി വരയ്ക്കുന്ന സമചതുരത്തിന്റെ പരപ്പളവ് 49 ച. സെന്റീമീറ്റർ

എന്നും തന്നിട്ടുള്ളതുകൊണ്ട് $PQ^2 = 49$ എന്ന് കിട്ടുന്നു.

$\therefore PB \times 5 = 49$

$\therefore PB = 49 / 5 = 9.8$ സെന്റീമീറ്റർ

എന്നാൽ ചിത്രത്തിൽ നിന്നും AB = PB – PA = 9.8 – 5 = 4.8 സെന്റീമീറ്റർ

∴ **AB എന്ന ഞാണിന്റെ നീളം = 4.8 സെന്റീമീറ്റർ**

**(b)** വരയ്ക്കേണ്ട ചതുരത്തിന്റെ ഒരു വശം 5 സെ.മീ യും പരപ്പളവ് 49 ച.സെ.മീ യും ആകേണ്ടതു കൊണ്ട് മറ്റേ വശത്തിന്റെ നീളം = 49 / 5 = 9.8 സെ.മീ.




……………………………………………………………………………………drvsr

## Question 6. March- 2017

A(- 2,2) , B(4,10) എന്നിവ ഒരേ തലത്തിലെ രണ്ട് ബിന്ദുക്കളാണ് AB വ്യാസമായി ഒരു വൃത്തം വരച്ചിരിക്കുന്നു.

(a) വൃത്തം (- 3, 3) എന്ന ബിന്ദുവിൽ കൂടി കടന്നു പോകുമോ ?

(b) ഈ വൃത്തത്തിന്റെ സമവാക്യം എഴുതുക.

(c) വൃത്തം y അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യ എഴുതുക.

**Answer:-**




**(a)** ചിത്രത്തിൽ C യുടെ സംഖ്യാജോടി = ( $(x_1 + x_2) / 2$ , $(y_1 + y_2) / 2$ )

( AB യുടെ മധ്യബിന്ദുവാണ് C )

= (-2 + 4 / 2 , 2 + 10 / 2 )

= (2 / 2 , 12 / 2 )

= **( 1 , 6 )**

∴ വൃത്തത്തിന്റെ ആരം CB = $\sqrt{(x_1 - x_2)^2 + (y_1 - y_2)^2}$ ( അകല സൂത്രവാക്യം

= $\sqrt{(1 - 4)^2 + (6 - 10)^2}$

= $\sqrt{(-3)^2 + (-4)^2}$

= $\sqrt{9 + 16}$

= $\sqrt{25}$ = **5** യൂണിറ്റ്

വൃത്തം , (-3,3) എന്ന ബിന്ദുവിലൂടെ കടന്നു പോകണമെങ്കിൽ ആ ബിന്ദുവും വൃത്തകേന്ദ്രമായ ( 1,6 ) ഉം തമ്മിലുള്ള അകലം , ആരമായ 5 യൂണിറ്റ് തന്നെയായിരിക്കണം. (-3,3) , (1,6) എന്നിവ തമ്മിലുള്ള

അകലം = $\sqrt{(x_1 - x_2)^2 + (y_1 - y_2)^2}$

= $\sqrt{(-3 - 1)^2 + (3 - 6)^2}$

= $\sqrt{(-4)^2 + (-3)^2}$

= $\sqrt{16 + 9}$

= $\sqrt{25}$ = **5** യൂണിറ്റ്

∴ **വൃത്തം (-3,3) എന്ന ബിന്ദുവിലൂടെ കടന്നു പോകും.**

**(b)** വൃത്തകേന്ദ്രം ( a , b) യും ആരം r ഉം ആയ വൃത്തത്തിന്റെ

സമവാക്യം : $(x - a)^2 + (y - b)^2 = r^2$

$\therefore$ ഈ വൃത്തത്തിന്റെ സമവാക്യം : $(x - 1)^2 + (y - 6)^2 = 5^2$

അതായത് $x^2 - 2x + 1 + y^2 - 12y + 36 = 25$

$$x^2 + y^2 - 2x - 12y + 1 + 36 - 25 = 0$$

$$\underline{\mathbf{x^2 + y^2 - 2x - 12y + 12 = 0}}$$

..........................................................................................................................................drvsr

## Question 7. March- 2017

ഒരു തലത്തിൽ വരച്ചിരിക്കുന്ന വൃത്തത്തിന്റെ സമവാക്യം

$(x - 2)^2 + (y - 3)^3 = 25$ എന്നാണ്,

(a) വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സൂചകസംഖ്യകൾ എഴുതുക.

**(c)** വൃത്തം y അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ x സൂചകസംഖ്യ 0 ആയിരിക്കും.

ഈ ബിന്ദുക്കൾ കിട്ടാൻ വൃത്തത്തിന്റെ സമവാക്യത്തിൽ x = 0 എന്ന് ആരോപിച്ചാൽ

$$(0)^2 + y^2 - 2(0) - 12y + 12 = 0$$

$$y^2 - 12y + 12 = 0$$

$$\therefore y^2 - 12y = -12$$

ഇരുവശത്തും y യുടെ ഗുണകം -12 ന്റെ പകുതി -6 ന്റെ വർഗ്ഗം 36 കൂട്ടിയാൽ

$y^2 - 12y + 36 = -12 + 36$ ( വർഗ്ഗത്തികവ് രീതി )

$$(y - 6)^2 = 24$$

$$\therefore (y - 6) = \pm\sqrt{24}$$

$$(y - 6) = \pm 2\sqrt{6}$$

$y - 6 = 2\sqrt{6}$ അല്ലെങ്കിൽ $y - 6 = -2\sqrt{6}$

$\therefore$ **y = 6 + 2√6** അല്ലെങ്കിൽ **y = 6 - 2√6**

. <u>വൃത്തം y അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ സംഖ്യാജോടികൾ</u> : <u>$(0, 6 + 2\sqrt{6})$</u>, <u>$(0, 6 - 2\sqrt{6})$</u>

(b) വൃത്തത്തിന്റെ ആരം എത്ര ?

(c) (5,7) ഈ വൃത്തത്തിലെ ബിന്ദു ആണോ ?

(d) ഈ വൃത്തം y – അക്ഷത്തെ മുറിച്ചി കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക..

# Answer:-

**5 Score**

(a) കേന്ദ്രം ( a , b) യും ആരം r ഉം ആയ വൃത്തത്തിന്റെ
സമവാക്യം : $(x - a)^2 + (y - b)^2 = r^2$ ആണ്.

ഇതിനെ ഇവിടെ തന്നിട്ടുള്ള $(x - 2)^2 + (y - 3)^2 = (5)^2$ എന്ന വൃത്ത സമവാക്യവുമായി താരതമ്യം ചെയ്യുമ്പോൾ
$a = 2$ , $b = 3$ , $r = 5$ എന്നിങ്ങനെ കിട്ടുന്നു.

∴ വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സംഖ്യാജോടി = ( a , b ) = ( 2 , 3 )

(b) വൃത്തത്തിന്റെ ആരം r = 5 യൂണിറ്റ്

---

(c) (5,7) ഈ വൃത്തത്തിലെ ബിന്ദുവാകണമെങ്കിൽ , ആ ബിന്ദുവും വൃത്താകേന്ദ്രമായ ( 2 , 3 ) ഉം തമ്മിലുള്ള അകലം , ആരമായ 5 യൂണിറ്റ് തന്നെയായിരിക്കണം. (5 , 7) , (2 , 3) എന്നിവ തമ്മിലുള്ള

അകലം $= \sqrt{(x_1 - x_2)^2 + (y_1 - y_2)^2}$

$= \sqrt{(5 - 2)^2 + (7 - 3)^2}$

$= \sqrt{(3)^2 + (4)^2}$

$= \sqrt{9 + 16}$

$= \sqrt{25}$ = **5** യൂണിറ്റ്

∴ **(5,7) ഈ വൃത്തത്തിലെ ബിന്ദുവാണ്.**

(d) വൃത്തം x അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ y സൂചകസംഖ്യ 0 ആയിരിക്കും.
ഈ ബിന്ദുക്കൾ കിട്ടാൻ വൃത്തത്തിന്റെ സമവാക്യത്തിൽ y = 0 എന്ന് ആരോപിച്ചാൽ

$(x - 2)^2 + (0 - 3)^2 = (5)^2$

$(x - 2)^2 + 9 = 25$

$(x - 2)^2 = 25 - 9$

∴ $(x - 2)^2 = 16$

∴ $(x - 2) = \pm\sqrt{16}$

$(x - 2) = \pm 4$

$x - 2 = 4$ അല്ലെങ്കിൽ $x - 2 = -4$

$x = 4 + 2$ അല്ലെങ്കിൽ $x = -4 + 2$

∴ $x = \mathbf{6}$ അല്ലെങ്കിൽ $x = \mathbf{-2}$

വൃത്തം x അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സംഖ്യാജോടികൾ : ( 6 , 0 ) , ( -2 , 0 )

---

…………………………………………………………………………………….drvsr

# Question 8.

11. ചുവടെയുള്ള ചിത്രത്തിൽ ABCD ഒരു സാമാന്തരികമാണ്. AP, DQ എന്നീ വരകൾ $x$-അക്ഷത്തിന് സമാന്തരവും, BP, CQ എന്നീ വരകൾ $y$-അക്ഷത്തിന് സമാന്തരവുമാണ്.




(a) AP, BP ഇവയുടെ നീളമെത്രയാണ് ?

(b) DQ, CQ ഇവയുടെ നീളമെത്രയാണ് ?

(c) C -യുടെ സൂചകസംഖ്യകൾ എന്താണ് ?

# Answer:-



മട്ട $\Delta$ APB , മട്ട $\Delta$ DQC എന്നിവയുടെ കർണ്ണവും ഒരു വശവും തുല്യമായതു കൊണ്ട്

അവ സർവ്വസമങ്ങളായിരിക്കും.

ചിത്രത്തിലെ P യുടെ x സൂചകസംഖ്യ = 6 ( ലംബവര $\therefore$ B യുടെ x സൂചകസംഖ്യ )

P യുടെ y സൂചകസംഖ്യ = 5 ( തിര.വര $\therefore$ A യുടെ y സൂചകസംഖ്യ )

$\therefore$ P യുടെ സംഖ്യാ ജോടി = ( 6 , 5 )

**(a)** ചിത്രത്തിൽ **AP** = | 6 – 2 | = | 4 | = **4** , **BP** = | 7 – 5 | = | 2 | = **2**

**(b)** മട്ട $\Delta$ APB , മട്ട $\Delta$ DQC എന്നിവ സർവ്വസമങ്ങളായതുകൊണ്ട്

**DQ = 4** , **CQ = 2** ( സമാന വശങ്ങൾ തുല്യം )

**(.c)** Q വിന്റെ x സൂചകസംഖ്യ = D യുടെ x സൂചകസംഖ്യ + 4 = 3 + 4 = 7

Q വിന്റെ y സൂചകസംഖ്യ = D യുടെ y സൂചകസംഖ്യ = 8 ( തിരശ്ചീന വര )

$\therefore$ Q വിന്റെ സംഖ്യാ ജോടി = ( 7 , 8 )

$\therefore$ C യുടെ x സൂചകസംഖ്യ = Q വിന്റെ x സൂചകസംഖ്യ = 7 ( ലംബ വര )

C യുടെ y സൂചകസംഖ്യ = Q വിന്റെ y സൂചകസംഖ്യ + 2 = 8 + 2 = 10

$\therefore$ **C യുടെ സംഖ്യാ ജോടി = ( 7 , 10 )**

.............................................................................................................................drvsr

# Question 9.

ഒരു ചതുരത്തിന്റെ വശങ്ങൾ അക്ഷങ്ങൾക്കു സമാന്തരമാണ്. അതിന്റെ രണ്ടു എതിർമൂലകളുടെ സൂചകസംഖ്യകൾ (5, 1) ഉം (2, 3) ഉം ആണ്. മറ്റു രണ്ടു മൂലകളുടെ സൂചകസംഖ്യകൾ കണക്കാക്കുക.

## Answer:-




ചിത്രത്തിലെ C യുടെ x സൂചകസംഖ്യ = 5 ( ലംബവര ∴ B യുടെ x സൂചകസംഖ്യ )

C യുടെ y സൂചകസംഖ്യ = 3 ( തിര.വര ∴ D യുടെ y സൂചകസംഖ്യ )

∴ **C യുടെ സംഖ്യാ ജോടി = ( 5 , 3 )**

അതുപോലെ

ചിത്രത്തിലെ A യുടെ x സൂചകസംഖ്യ = 2 ( ലംബവര ∴ D യുടെ x സൂചകസംഖ്യ )

A യുടെ y സൂചകസംഖ്യ = 1 ( തിര.വര ∴ B യുടെ y സൂചകസംഖ്യ )

∴ **A യുടെ സംഖ്യാ ജോടി = ( 2 , 1 )**

..........................................................................................................................drvsr

# Question 10.

(1, 4), (5, 6) എന്നിവ സൂചകസംഖ്യകളായ ബിന്ദുക്കളിലൂടെ കടന്നുപോകുന്ന വര വരയ്ക്കുന്നു.

(a) ഈ വരയിലെ ഒരു ബിന്ദുവിന്റെ $x$-സൂചകസംഖ്യ 3 ആണ്. അതിന്റെ $y$-സൂചക സംഖ്യ എന്താണ് ?

(b) ഈ വരയിലെ ഒരു ബിന്ദുവിന്റെ $y$-സൂചകസംഖ്യ 3 ആണ്. അതിന്റെ $x$-സൂചക സംഖ്യ എന്താണ് ?

(c) ഈ വരയിലെ ഏതു രണ്ടു ബിന്ദുക്കളുടെയും $x$-സൂചകസംഖ്യകളുടെ വ്യത്യാസവും $y$-സൂചകസംഖ്യകളുടെ വ്യത്യാസവും തമ്മിലുള്ള ബന്ധം എന്താണ് ?

(d) ഈ വരയിലെ ഏതു ബിന്ദുവിന്റെയും $x$-സൂചകസംഖ്യയും $y$-സൂചകസംഖ്യയും തമ്മിലുള്ള ബന്ധം, ഒരു ബീജഗണിതസമവാക്യമായി എഴുതുക.

# Answer:-




**(a)** (1 , 4) , (5 , 6) എന്നീ ബിന്ദുക്കൾ ഉപയോഗിച്ച്

വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$= (6 - 4) / (5 - 1)$

$= 2/4$

$= ½$

ഇതിൽ നിന്നും x സൂചകസംഖ്യ 1 കൂടുമ്പോൾ , y സൂചക സംഖ്യ ഈ വർദ്ധനവിന്റെ ½ ഭാഗം കൂടുന്നു എന്നു മനസ്സിലാക്കാം.

ഈ വരയിലെ ഒരു ബിന്ദുവിന്റെ x സൂചകസംഖ്യ 3 ആയതുകൊണ്ട്

ഈ വരയിലെ (1,4) എന്ന ബിന്ദു അടിസ്ഥാനമാക്കിയാൽ x സൂചകസംഖ്യ

2 വർദ്ധിക്കുന്നു. ∴ y സൂചകസംഖ്യ നിലവിലുള്ള വർദ്ധനവിന്റെ ½ ഭാഗം , 2 x ½

അതായത് 1 വർദ്ധിയ്ക്കുന്നു. ∴ ആ ബിന്ദുവിന്റെ y സൂചകസംഖ്യ കിട്ടാൻ നിലവിലെ

y സൂചകസംഖ്യയായ 4 നോട് 1 കൂട്ടണം

**ലെ x സൂചകസംഖ്യ 3 ആയ ബിന്ദുവിന്റെ y സൂചകസംഖ്യ = 4 + 1 = 5**

**(b)** y സൂചകസംഖ്യ 3 ആയ ബിന്ദുവിന്റെ x സൂചകസംഖ്യ ' x' എന്ന് കരുതിയാൽ

(1 , 4) , (x , 3) എന്നീ ബിന്ദുക്കൾ ഉപയോഗിച്ച്

വരയുടെ ചെരിവ് $= (y_2 - y_1) / (x_2 - x_1)$

$\therefore \frac{1}{2} = (3 - 4) / (x - 1)$

$\frac{1}{2} = -1 / (x - 1)$

$1(x - 1) = -1 \times 2$

$x - 1 = -2$

$\therefore \underline{x} = -2 + 1 = \underline{-1}$

∴ **ഈ വരയിലെ y സൂചകസംഖ്യ 3 ആയ ബിന്ദുവിന്റെ x സൂചകസംഖ്യ = -1**

**(.c) ഈ വരയിലെ ഏതു രണ്ടു ബിന്ദുക്കളുടേയും x സൂചകസംഖ്യകളുടെ വ്യത്യാസവും y സൂചകസംഖ്യകളുടെ വ്യത്യാസവും തമ്മിലുള്ള അംശബന്ധം = 2 : 1**

---

**(d)** ഈ വരയിലെ ഒരു ബിന്ദു ( x,y ) എന്ന് കരുതിയാൽ (1 , 4) , (x , y) എന്നീ ബിന്ദുക്കൾ ഉപയോഗിച്ച് വരയുടെ ചരിവ് $= (y_2 - y_1) / (x_2 - x_1)$

$\therefore \frac{1}{2} = (y - 4) / (x - 1)$

$1(x - 1) = 2(y - 4)$

$x - 1 = 2y - 8$

$x - 2y = -8 + 1 = -7$

$\mathbf{x - 2y + 7 = 0}$

.....................................................................................................................drvsr

# Question 11.

(4, 3), (0, 1) ഇവ സൂചകസംഖ്യകളായ ബിന്ദുക്കൾ യോജിപ്പിക്കുന്ന വര വരയ്ക്കുന്നു.

(a) ഈ വരയുടെ നീളമെത്രയാണ് ?

(b) ഈ വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ എന്താണ് ?

(c) ഈ വര വ്യാസമായി വരയ്ക്കുന്ന വൃത്തത്തിന്റെ സമവാക്യമെന്താണ് ?

(d) ഈ വൃത്തം $x$-അക്ഷത്തെ മുറിച്ചുകടക്കുന്ന ബിന്ദുക്കളുടെ $x$-സൂചകസംഖ്യകൾ കണ്ടുപിടിക്കാനുള്ള സമവാക്യം എന്താണ് ? അതുപയോഗിച്ച് ഈ ബിന്ദുക്കളുടെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക.

# Answer:-



**(a)** ചിത്രത്തിലെ വരയുടെ നീളം = $\sqrt{(x_2 - x_1)^2 + (y_2 - y_1)^2}$

ഇവിടെ $x_2 = 4$ , $x_1 = 0$ , $y_2 = 3$ , $y_1 = 1$

$\therefore$ **വരയുടെ നീളം** = $\sqrt{(4 - 0)^2 + (3 - 1)^2}$

$= \sqrt{(4)^2 + (2)^2}$

$= \sqrt{16 + 4}$

$= \sqrt{20} =$ **$2\sqrt{5}$ യൂ**

**(b)** വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ = $(x_1 + x_2 / 2 \,,\; y_1 + y_2 / 2)$

ഇവിടെ $x_1 = 0$ , $x_2 = 4$ , $y_1 = 1$ , $y_2 = 3$

**വരയുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ** = $(x_1 + x_2 / 2 \,,\; y_1 + y_2 / 2)$

$= (0 + 4 / 2 \,,\; 1 + 3 / 2)$

$= (4 / 2 \,,\; 4 / 2)$

$=$ **(2 , 2)**

**(.c)** വര വ്യാസമായി വരയ്ക്കുന്ന വൃത്തത്തിന്റെ ആരം = വരയുടെ നീളം / 2

$= 2\sqrt{5} / 2 =$ **$\sqrt{5}$ യൂ.**

ഈ വൃത്തത്തിലെ ഒരു ബിന്ദു (x,y) പരിഗണിച്ചാൽ

ആരം = $\sqrt{5}$

$\therefore \sqrt{(x - 2)^2 + (y - 2)^2} = \sqrt{5}$

ഇരു വശത്തും വർഗ്ഗം എടുത്താൽ

$(x - 2)^2 + (y - 2)^2 = 5$

$x^2 - 4x + 4 + y^2 - 4y + 4 = 5$

$x^2 + y^2 - 4x - 4y + 4 + 4 - 5 = 0$

അതായത് വൃത്തത്തിന്റെ സമവാക്യം : **$x^2 + y^2 - 4x - 4y + 3 = 0$**

**(d)** വൃത്തം x അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളിലെ y സൂചകസംഖ്യ 0 ആയിരിക്കും.

$y = 0$ എന്ന വില വൃത്തത്തിന്റെ സമവാക്യത്തിൽ ആരോപിച്ചാൽ

$$x^2 + (0)^2 - 4x - 4(0) + 3 = 0$$

അതായത് $\mathbf{x^2 - 4x = -3}$

ഇരു വശത്തും x ന്റെ ഗുണോത്തരമായ -4 ന്റെ പകുതിയായ -2 ന്റെ വർഗ്ഗം 4 കൂട്ടിയാൽ ( വർഗ്ഗത്തികവ് രീതി ) $x^2 - 4x + 4 = -3 + 4$

അതായത് $(x - 2)^2 = 1$

$$x - 2 = \pm\sqrt{1}$$

$\therefore$ $x - 2 = 1$ അല്ലെങ്കിൽ $x - 2 = -1$

$x = 1 + 2$ അല്ലെങ്കിൽ $x = -1 + 2$

$x = 3$ അല്ലെങ്കിൽ $x = 1$

$\therefore$ **വൃത്തം x അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ : (3 , 0) , (1 , 0)**

........................................................................................................................drvsr

# Question 12.

$(3,0),(-1,4)$ എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന രേഖാഖണ്ഡത്തിന്റെ മധ്യബിന്ദു കണ്ടുപിടിക്കുക.

ഉത്തരം

$(3,0),(-1,4)$ എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന രേഖാഖണ്ഡത്തിന്റെ മധ്യബിന്ദു.

$$= \left(\frac{3-1}{2}, \frac{0+4}{2}\right) = (1,2)$$

........................................................................................drvsr

## Question 13.

ഒരു സാമാന്തരികത്തിന്റെ ശീർഷങ്ങൾ യഥാക്രമം $(7,3),(6,1),(8,2),(p,4)$ എങ്കിൽ $p$ യുടെ മൂല്യം കാണുക

ഉത്തരം

ഒരു സാമാന്തരികത്തിന്റെ വികർണ്ണങ്ങൾ പരസ്പരം സമഭാഗം ചെയ്യുന്നു. AC,BD എന്നീ വികർണ്ണങ്ങളുടെ മധ്യബിന്ദുക്കൾ സംഗമി ക്കുന്നു. അതായത്

$$\left(\frac{7+8}{2},\frac{3+2}{2}\right)=\left(\frac{6+p}{2},\frac{1+4}{2}\right)$$

$$\left(\frac{15}{2},\frac{5}{2}\right)=\left(\frac{6+p}{2},\frac{5}{2}\right)$$

$$\frac{15}{2}=\frac{6+p}{2} \quad \text{or} \quad p=9$$

.............................................................................................................drvsr

## Question 14.

$(8,6),(9,5),(3,1)$ എന്നീ ബിന്ദുക്കൾ ഒരു സാമാന്തരികം രൂപീകരിക്കുന്നു. വശങ്ങളുടെ മധ്യബിന്ദുക്കൾ കണ്ടുപിടിക്കുക.

ഉത്തരം




$(4,4),(8,6)$ എന്നീ ബിന്ദുക്കളുടെ മധ്യബിന്ദു

$$=\left(\frac{4+8}{2},\frac{4+6}{2}\right)=(6,5)$$

$(8,6),(9,5)$ എന്നീ ബിന്ദുക്കളുടെ മധ്യബിന്ദു

$$=\left(\frac{8+9}{2},\frac{6+5}{2}\right)=(8.5,5.5)$$

$(9,5),(3,1)$ എന്നീ ബിന്ദുക്കളുടെ മധ്യബിന്ദു

$$=\left(\frac{9+3}{2},\frac{5+1}{2}\right)=(6,3)$$

$(4,4),(3,1)$ എന്നീ ബിന്ദുക്കളുടെ മധ്യബിന്ദു

$$=\left(\frac{4+3}{2},\frac{4+1}{2}\right)=(3.5,2.5)$$

..........drvsr

## **Question 15.** SCERT

സാമാന്തരികം $ABCD$ യിൽ $A(2, 3)$; $B(7, 3)$; $D(4, 7)$ എന്നിവയാണ്. $C$ യുടെ സൂചക സംഖ്യകൾ കണ്ടുപിടിക്കുക.




**ഉത്തരസൂചിക**

ചിത്രത്തിൽ $\Delta AED$, $\Delta BFC$ എന്നിവയിൽ

$$AD = BC,\ DE = CF$$

$\therefore AE = BF = 2$ യൂണിറ്റ്

$ED = FC = 4$ യൂണിറ്റ്

$\therefore$ $C$ യുടെ $x$ - സൂചകസംഖ്യ $= 7 + BF = 7 + AE = 7 + 2 = 9$

$y$ - സൂചകസംഖ്യ $= 3 + FC = 3 + ED = 3 + 4 = 7$

$C$ യുടെ സൂചകസംഖ്യകൾ $(9, 7)$

.......................................................................................................drvsr

## Question 16. SCERT

സാമാന്തരികം $ABCD$ യിൽ $A(2, 3)$; $B(6,5)$; $D(4, 7)$ എന്നിവയാണ്. $C$ യുടെ സൂചക സംഖ്യകൾ കാണുക




(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

$x$ - അക്ഷത്തിന് സമാന്തരമായി $AE$, $DF$ എന്നീ വരകളും

$y$ - അക്ഷത്തിന് സമാന്തരമായി $BE$, $CF$ എന്നീ വരകളും വരയ്ക്കുക.

$\Delta ABE$, $\Delta DCF$ എന്നീ മട്ടത്രികോണങ്ങളിൽ

$$AB = DC$$
$$\angle BAE = \angle CDF$$
$$\angle ABE = \angle DCF$$
$$\therefore \; AE = DF = 6 - 2 = 4$$
$$BE = CF = 5 - 3 = 2$$

$C$ യുടെ $x$ - സൂചകസംഖ്യ $= 4 + DF = 4 + 4 = 8$

$y$ - സൂചകസംഖ്യ $= 7 + CF = 7 + 2 = 9$

$C$ യുടെ സൂചകസംഖ്യകൾ $(8, 9)$

.................................................................................drvsr

## Question 17. SCERT

A(3,2); B(⁻5, ⁻4), C(7, 8) എന്നിവ $\Delta ABC$ യുടെ ശീർഷങ്ങളാണ്. P, Q, R എന്നിവ AB, BC, AC എന്നിവയുടെ മധ്യബിന്ദുക്കളാണ്.

(a) P, Q, R എന്നിവയുടെ സൂചകസംഖ്യകൾ കാണുക.

(b) $\Delta PQR$ ന്റെ ചുറ്റളവ് കാണുക

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ ഉത്തരസൂചിക

P യുടെ സൂചകസംഖ്യകൾ P(⁻1, ⁻1) (1)

അതുപോലെ Q (1, 2) 1

R (5, 5) 1

$PQ = \sqrt{2^2+3^2} = \sqrt{13}$ (1)

$QR = \sqrt{4^2+3^2} = 5$ (1)

$PR = \sqrt{6^2+6^2} = 6\sqrt{2}$

$\Delta PQR$ ന്റെ ചുറ്റളവ് $= \sqrt{13} + 5 + 6\sqrt{2}$ (1)

.................................................................drvsr

## Question 18. SCERT

A (1, 2); B (7, 4), C (5, 10) എന്നിവ $\Delta ABC$ യുടെ ശീർഷങ്ങളാണ്. AB, BC, AC എന്നിവ യുടെ മധ്യബിന്ദുക്കളാണ് P, Q, R.

(a) P, Q, R എന്നിവയുടെ സൂചകസംഖ്യകൾ കാണുക.

(b) $\Delta PQR$ മട്ടത്രികോണമാണെന്ന് സമർഥിക്കുക.

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ ഉത്തരസൂചിക

a) P യുടെ സൂചകസംഖ്യകൾ $\left(\frac{1+7}{2}, \frac{2+4}{2}\right) = P(4, 3)$ (1)

Q ന്റെ സൂചകസംഖ്യകൾ Q (6, 7)

R ന്റെ സൂചകസംഖ്യകൾ R (3, 6) (1)

b) $PQ^2 = 2^2 + 4^2 = 20$

$QR^2 = 3^2 + 1^2 = 10$

$PR^2 = 1^2 + 3^2 = 10$ (1)

$PR^2 + QR^2 = PQ^2$ (1)

$\therefore \Delta PQR$ മട്ടത്രികോണമാണ്.

.................................................................drvsr

## Question 19. SCERT

$A\,(^-2, 3)$; $B\,(6, 9)$ എന്നിവ രണ്ടു ബിന്ദുക്കളാണ്.

(a) $AB$ വ്യാസമായി വരക്കുന്ന വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സൂചകസംഖ്യകൾ എഴുതുക; വ്യാസം കാണുക.

(b) $C\,(^-3, 5)$; $D\,(5, ^-1)$ ആയാൽ $CD$ ഈ വൃത്തത്തിന്റെ വ്യാസമാകുമോ? ഉത്തരം സമർഥിക്കുക.

(c) $P\,(5, 10)$; $Q\,(^-1, 2)$ ആയാൽ $PQ$ ഈ വൃത്തത്തിന്റെ വ്യാസമാകുമോ? ഉത്തരം സമർഥിക്കുക.

**ഉത്തരസൂചിക**

a) $AB$ യുടെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ, O (2, 6)

വ്യാസം $= \sqrt{8^2 + 6^2} = 10$

b) $CD = \sqrt{8^2 + 6^2} = 10$

$CD$ യുടെ മധ്യബിന്ദു (1, 2). ഇത് വൃത്തത്തിന്റെ കേന്ദ്രമല്ല.

$\therefore$ $CD$ വൃത്തത്തിന്റെ വ്യാസമല്ല

b) $PQ = \sqrt{6^2 + 8^2} = 10$

$PQ$ ന്റെ മധ്യബിന്ദു (2, 6). ഇത് വൃത്താകേന്ദ്രമാണ്. $PQ$ വൃത്തത്തിന്റെ വ്യാസമാണ്.

..........................................................drvsr

## Question 20. SCERT

$\Delta ABC$ യിൽ A ( $^{-}3, 4$); $B$ ( $^{-}5, 6$); $C$ (3, 12) എന്നിവ ശീർഷങ്ങളാണ്.

(a) $C$ യിൽ നിന്നും $AB$ യിലേക്കുള്ള ലംബദൂരം എത്ര?

(b) $\Delta ABC$ യുടെ പരപ്പളവ് കാണുക.

(സ്കോർ: 4, സമയം: 7 ‌)

■ **ഉത്തരസൂചിക**




$AC = \sqrt{6^2 + 8^2} = 10$

$BC = \sqrt{8^2 + 6^2} = 10$

$\Delta ACB$ സമപാർശ്വ ത്രികോണമാണ്.

$AB$ യുടെ മധ്യബിന്ദു $D$ ആയാൽ

$D$ യുടെ സൂചകസംഖ്യകൾ $D$ ( $^{-}4, 5$)

(a) $CD = \sqrt{7^2 + 7^2} = 7\sqrt{2}$

$\Delta ABC$ യുടെ പരപ്പളവ്,

$AB = \sqrt{2^2 + 2^2} = 2\sqrt{2}$

പരപ്പളവ് $= \frac{1}{2} \times 2\sqrt{2} \times 7\sqrt{2}$

$= 14$ ചസെ.മീ

.............................................................drvsr

## Question 21. SCERT

$\Delta ABC$ യിൽ $A$ (6, 8); $B$ (3, 4); $C$ (−2, 2) എന്നിവ ശീർഷങ്ങളാണ്. $\angle A$ യുടെ സമഭാജി $BC$ യെ $D$ യിൽ കൂടി മുറിച്ചു കടക്കുന്നു.

a) $BD : CD$ എത്ര?

b) $D$ യുടെ സൂചകസംഖ്യകൾ കണക്കാക്കുക.

■ **ഉത്തരസൂചിക**




$AB = \sqrt{3^2 + 4^2} = 5$

$AC = \sqrt{8^2 + 6^2} = 10$

$AB : AC = 5 : 10 = 1 : 2$

$BD : CD = 1 : 2$

$D$ യുടെ $x$ - സൂചകസംഖ്യ

$= 3 + \frac{1}{3} \times (^-2 - 3) = \frac{4}{3}$

$y$ സൂചകസംഖ്യ $= 4 + \frac{1}{3}(2 - 4) = \frac{10}{3}$

$D$ യുടെ സൂചകസംഖ്യകൾ $\left(\frac{4}{3}, \frac{10}{3}\right)$

..........................................................drvsr

## Question 22. SCERT

$A(0, 1), B(^-4, 5)$ എന്നിവ രണ്ടു ബിന്ദുക്കളാണ്.

(a) $AB$ വ്യാസമായി വരക്കുന്ന വൃത്തത്തിന്റെ സമവാക്യം എഴുതുക.

(b) ഈ വൃത്തം $x$ - അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചക സംഖ്യകൾ കാണുക.

(a) വൃത്തകേന്ദ്രം $= \left(\frac{0 + ^-4}{2}, \frac{1+5}{2}\right) = (^-2, 3)$

ആരം $= \sqrt{2^2 + 2^2} = \sqrt{8}$

$(x, y)$ വൃത്തത്തിലെ ഒരു ബിന്ദുവായാൽ

$$(x - ^-2)^2 + (y - 3)^2 = \sqrt{8}^2$$

$$x^2 + 4x + 4 + y^2 - 6y + 9 = 8$$

$$x^2 + y^2 + 4x - 6y + 5 = 0$$

(b) വൃത്തം $x$ - അക്ഷത്തെ മുറിക്കുമ്പോൾ, $y = 0$

$$x^2 + 4x + 5 = 0$$
$$(x + 1)(x + 4) = 0$$
$$x = {}^-1, {}^-4$$

അക്ഷത്തെ മുറിക്കുന്ന ബിന്ദു $({}^-1, 0), ({}^-4, 0)$

…………………………………………………………drvsr

**Question 23.** SCERT

$x^2 + y^2 - 6x - 8y + 9 = 0$ എന്ന വൃത്തത്തിന്റെ കേന്ദ്രവും ആരവും കാണുക.

**ഉത്തരസൂചിക**

$$x^2 + y^2 - 6x - 8y + 9 = 0$$
$$x^2 - 6x + y^2 - 8y + 9 = 0$$
$$x^2 + 6x + 9 + y^2 - 8y + 16 + 9 = 9 + 16$$
$$(x - 3)^2 + (y - 4)^2 + 9 = 25$$
$$(x - 3)^2 + (y - 4)^2 = 16 = 4^2$$

വൃത്തകേന്ദ്രം (3, 4)

ആരം = 4 യൂണിറ്റ്

…………………………………………………………drvsr

**Question 24.** SCERT

$x^2 + y^2 - 5x - 6y + 9 = 0$ എന്ന വൃത്തത്തിന്റെ തൊടുവരയാണ് $y$ അക്ഷം എന്നു സമർഥിക്കുക.

■ ഉത്തരസൂചിക

(a) $x^2 + y^2 - 5x - 6y + 9 = 0$ എന്ന വൃത്തം $y$ അക്ഷത്തെ മുറിച്ചു കടക്കുമ്പോൾ, $x = 0$ ആകും.

അതായത് $y$ അക്ഷത്തിൽ വൃത്തത്തിന്റെ സവാക്യം

$$y^2 - 6y + 9 = 0$$
$$(y - 3)^2 = 0$$
$$y = 3$$

വൃത്തം $y$ അക്ഷത്തെ (0, 3) ൽ മാത്രം തൊടുന്നു. $y$ അക്ഷം തൊടുവരയാണ്.

.......................................................drvsr

## Question 25. SCERT

$A(3, 2)$, $B(9, 4)$, $C(7, 10)$ എന്നിവ മൂന്നു ബിന്ദുക്കളാണ്.

(a) $AC$ വ്യാസമായി വരക്കുന്ന വൃത്തത്തിന്റെ കേന്ദ്രത്തിന്റെ സൂചകസംഖ്യകളും ആരവും കണക്കാക്കുക.

(b) $AC$ വ്യാസമായ വൃത്തത്തിന്റെ സമവാക്യം എഴുതുക

(c) ഈ വൃത്തം $B$ യിൽ കൂടി കടന്നു പോകുന്നു എന്നു സമർഥിക്കുക.

(സ്കോർ: 5, സമയം: 8 മിനിട്ട്)

■ ഉത്തരസൂചിക

(a) കേന്ദ്രത്തിന്റെ സൂചകസംഖ്യകൾ (5, 6) (1)

ആരം $= \sqrt{2^2 + 4^2} = \sqrt{20}$ (1)

(b) വൃത്തത്തിലെ ബിന്ദു $(x, y)$ ആയാൽ

$$(x - 5)^2 + (y - 6)^2 = 20 \quad (1)$$
$$x^2 - 10x + 25 + y^2 - 12y + 36 = 20$$
$$x^2 + y^2 - 10x - 12y + 41 = 0 \quad (1)$$

(c) $9^2 + 4^2 - 10 \times 9 - 12 \times 4 + 41 = 81 + 16 - 90 - 48 + 41$

$= 138 - 138 = 0$

(9, 4) ഈ വൃത്തത്തിലെ ബിന്ദുവാണ്. (1)

.......................................................drvsr

*The end of the chapter 9 .Geometry & Algebra.*

*Braced by:- Dr.V.S.RaveendraNath M.Sc.,M.Ed.,Ph.D.*

# 10

# ബഹുപദങ്ങൾ

## ഓർമ്മയിൽ സൂക്ഷിക്കാൻ

- $p(x) = q(x) \times r(x)$ എന്ന് എഴുതാൻ കഴിഞ്ഞാൽ $q(x)$, $r(x)$ എന്നീ ബഹുപദങ്ങൾ $p(x)$ ന്റെ ഘടകങ്ങൾ ആയിരിക്കും.

  ഉദാ: $p(x) = x^2 - 4 = (x + 2)(x - 2)$

  $\therefore$ $(x + 2)$, $(x - 2)$ ഇവ $x^2 - 4$ ന്റെ ഘടകങ്ങൾ.

- $P(x)$ എന്ന ബഹുപദത്തിൽ $p(a) = 0$ ആയാൽ $(x - a)$, $p(x)$ ന്റെ ഒരു ഘടകം ആയിരിക്കും.

  ഉദാ: $p(5) = 0$ ആയാൽ $(x - 5)$, $p(x)$ ന്റെ ഒരു ഘടകം ആയിരിക്കും.

- $p(x)$ എന്ന ബഹുപദത്തെ ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി $p(x) = (x - a_1)\ (x - a_2) \ldots (x - a_n)$ എന്ന് എഴുതാൻ കഴിഞ്ഞാൽ $a_1, a_2, \ldots\ a_n$ എന്നീ സംഖ്യകൾ $p(x) = 0$ എന്ന സമവാക്യത്തിന്റെ പരിഹാരങ്ങൾ ആയിരിക്കും.

### ഘടകസിദ്ധാന്തം

P(x) എന്ന ബഹുപദത്തിൽ P(a) =0 ആണെങ്കിൽ x-a എന്ന ഒന്നാംകൃതി ബഹുപദം P(x) ന്റെ ഒരു ഘടകമാണ്.

P(x) ന്റെ ഒരു ഘടകമാണ് ax+b എങ്കിൽ K(ax+b) യും അതിന്റെ ഒരു ഘടകമായിരിക്കും.

P(x)= (x-a) q(x) +b - ൽ P(x) ന്റെ ഘടകമല്ല x-a എന്നാൽ,

P(x)-b യുടെ ഘടകമാണ് x-a

## **Question 1.** March 2017.

**$P(x) = 2x^3 - 2x^2 - 8x + 8$. $P(x)$ -ന്റെ ഒരു ഘടകമാണ് $(x + 2)$. $x^2 - 4$ എന്നത് $P(x)$ -ന്റെ ഒരു ഘടകമാണോ എന്ന് പരിശോധിക്കുക.**

**Answer:-**

2. $P(x) = 2x^3 - 2x^2 - 8x + 8$

$x^2 - 4$ , $P(x)$ ന്റെ ഘടകമാകണമെങ്കിൽ $x + 2$ ഉം $X - 2$ ഉം $P(x)$ ന്റെ ഘടകമാകണം

ie $P(-2) = 0$ കൂടാതെ $P(2) = 0$

$x + 2$ ഘടകമായതിനാൽ $P(-2) = 0$

$P(2) = 2 \times 2^3 - 2 \times 2^2 - 8 \times 2 + 8 = 16 - 8 - 16 + 8 = 0$

ie $x - 2$, $P(x)$ ഘടകമാകണ്.

$x - 2$ ഉം $x + 2$ ഉം $P(x)$ ഘടകമായതിനാൽ $x^2 - 4$ , $P(x)$ ഘടകമാകണ്.

...........................................................................................................drvsr

**Question 2.** March 2017.

$P(x) = 2x^3 - 3x^2 - 5x + 6 = q(x)(x-2) + r$

(a) q(x) , r എന്നിവ കണക്കാക്കുക?

(b) q(x) നെ രണ്ട് ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

(c) p(x) നെ മൂന്ന് ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

(a) . $P(x) = 2x^3 - 3x^2 - 5x + 6$ , ഒരു ഘടകം = $x - 2$

ie.,r = p(2) = $2 \times (2)^3 - 3 \times (2)^2 - 5 \times 2 = 16 - 12 - 10 + 6 = 0$

$\therefore$ r = 0.

q(x) = $P(x) = 2x^3 - 3x^2 - 5x + 6$ നെ (x – 2) കൊണ്ട് ഹരിക്കുക.

ഹരണഫലം q(x) ആണ്. $\therefore$ q(x) = $2x^2 + x - 3$ .

(b) q(x) നെ ഘടകക്രിയ ചെയ്യുക.

q(x) = $2x^2 + x - 3$ ; $\Longrightarrow 2x^2 - 2x + 3x - 3 \Longrightarrow (2x^2 - 2x) + (3x - 3)$

$\Longrightarrow 2x(x-1) + 3(x-1) \Longrightarrow (2x + 3)(x - 1)$

(c) p(x) = q(x) (x – 2) എന്ന് തന്നിട്ടുണ്ട് .ie., 2x + 3) ( x – 1) (x – 2)

...........................................................................................................drvsr

**Question 3.** March 2017.

x – 3 എന്നത് $2x^3 - x^2 - 3x + 4$ എന്ന ബഹുപദത്തിന്റെ ഘടകമാണോ എന്ന് പരിശോധിക്കുക.

**Answer:-**

**core**

ഇവിടെ $P(x) = 2x^3 - x^2 - 3x + 4$

$(x - 3)$ , $P(x)$ ന്റെ ഘടകമാകണമെങ്കിൽ $P(3) = 0$ ആയിരിക്കണം.

$$P(3) = 2(3)^3 - (3)^2 - 3(3) + 4$$
$$= (2 \times 27) - (9) - 9 + 4$$
$$= 54 - 9 - 9 + 4$$
$$= 45 - 9 + 4$$
$$= 36 + 4$$
$$= 40$$

$P(2) \neq 0$ $\therefore$ **x – 3 , P(x)** ന്റെ ഘടകമല്ല.

.........................................................................................................drvsr

**Question 4.** March 2017.

$p(x) = x^3 + 5x^2 + 2x - 6$ എന്ന ബഹുപദത്തെ x + 2 എന്ന ബഹുപദം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന ഹരണഫലവും ശിഷ്ടവും കണക്കാക്കുക.

**Answer:-**

$p(x) = x^3 + 5x^2 + 2x - 6$ x + 2 നെ കൊണ്ട് ഹരിക്കുക.

We can dividing by synthetic division or long division

ഹരണഫലം = $x^2 + 3x - 4$ ; ശിഷ്ടം = 2. എന്ന് ലഭിക്കും.

…………………………………………………………………….drvsr

**Question 5.** March 2016

p(x) = $x^2 - 5x + 6$ എന്ന ബഹുപദം പരിഗണിക്കുക.

(a) p(x) നെ (2x – 1) കൊണ്ട് ഹരിക്കുമ്പോൾ ഉള്ള ശഷ്ടം കാണുക.

(b) p(x) – ന്റെ ഒരു ഘടകമാണോ (2 x – 1) ? എന്തു കൊണ്ട്?

**Answer:-**

$P(x) = x^2 - 5x + 6$

(a) $P(1/2) = (½)^2 - 5 \times ½ + 6$

$= ¼ - 5/2 + 6 = 15/4$

(b) P(x) നെ (2x – 1) കൊണ്ട് ഹരിക്കുമ്പോൾ

ശിഷ്ടം 15/4 കിട്ടുന്നതിനാൽ P(x) ന്റെ ഘടകമല്ല

(2x – 1 ).

…………………………………………………………………...drvsr

**Question 6.** March 2016

$x^2 - x - 1$ എന്ന ബഹുപദത്തെ, ഒന്നാംകൃതി

ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

$x^2 - x - 1 = 0$

$x = \frac{1 \pm \sqrt{1 + 4}}{2} = \frac{1 \pm \sqrt{5}}{2}$

$x = \frac{1+\sqrt{5}}{2}$ or $x = \frac{1 - \sqrt{5}}{2}$

ie $2x = 1 + \sqrt{5}$ or $2x = 1 - \sqrt{5}$

$x^2 - x - 1 = (2x - 1 - \sqrt{5})\ (2x - 1 + \sqrt{5})$

……………………………………………………………….drvsr

**Question 7.** March 2015.

$3x^2 - 4x - 1$ എന്ന ബഹുപദത്തോട് ഏത് സംഖ്യ കൂട്ടിയാലാണ് $(x - 1)$ ഘടകമായ ഒരു ബഹുപദം ലഭിക്കുക ?

**Answer:-**

. $P(x) = 3x^2 - 4x - 1 + K$

$(x - 1)$ ഒരു ഘടകമായതിനാൽ $P(1) = 0$ ആയിരിക്കും

ie $3 \times 1^2 - 4 \times 1 - 1 + K = 0$

$3 - 4 - 1 + k = 0$

$-2 + K = 0$

$\Rightarrow K = 2$

P(x) നോട് 2 കൂട്ടിയാൽ (x – 1) ഘടകമായ ബഹുപദം കിട്ടും.

…………………………………………………………………………..drvsr

**Question 8.** March 2015.

$3x^2 - 5x - 2$ എന്ന ബഹുപദത്തെ രണ്ട് ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

$$3x^2 - 5x - 2 = 3x^2 - 6x + x - 2$$
$$= 3x(x - 2) + (x - 2)$$
$$= (3x + 1)(x - 2)$$

…………………………………………………………………………..drvsr

**Question 9.** March 2014

$x^3 - 2x^2 + x - 4$ എന്ന ബഹുപദത്തിനെ $x - 2$ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എന്താണ് ? ആദ്യത്തെ ബഹുപദത്തിനോട് ഏത് സംഖ്യ കൂട്ടിയാലാണ് $(x - 2)$ ഘടകമായ ഒരു ബഹുപദം കിട്ടുന്നത് ?

**Answer:-**

$P(x) = x^3 - 2x^2 + x - 4 \therefore P(2) = 2^3 - 2\times2^2 + 2 - 4 = 8 - 8 + 2 - 4 = -2$

x - 2 കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം = - 2

ശിഷ്ടം 0 ആയാൽ x - 2 ഘടകമാകും. ∴ കൂട്ടേണ്ട സംഖ്യ = 2

……………………………………………………………………drvsr

**Question 10.** March 2014

a. $x^2 - 3x + 2$ എന്ന ബഹുപദത്തെ രണ്ട് ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

b. $x^2 - 3x + k$ എന്ന ബഹുപദത്തെ രണ്ട് ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതണമെങ്കിൽ k യുടെ പരമാവധി വില എന്തായിരിക്കണം ?

**Answer:-**

a. $x^2 - 3x + 2 = x^2 - 2x - x + 2$

$= x(x - 2) - (x - 2) = (x - 2)(x - 1)$

**b) $x^2-3x+k = 0$ എന്ന സമവാക്യം പരിഗണിക്കുക.**

**വിവേചകം = $(-3)^2-4\times1\times k = 9-4k$**

**k യുടെ പരമാവധി വില 9/4 ആയിരിക്കണം**

……………………………………………………………………...drvsr

**Question 14.** March 2014

$P(x) = x^2 - 6x + 9$ എന്ന ബഹുപദം പരിഗണിക്കുക.

a. P(3) കണക്കാക്കുക.

b. ഈ ബഹുപദത്തിന്റെ വിലയായി ന്യൂനസംഖ്യകൾ വരില്ല എന്ന് സമർത്ഥിക്കുക.

c. P(a) = P(b) ആകത്തക്കവിധം a, b എന്നീ രണ്ടു സംഖ്യകൾ കണ്ടുപിടിക്കുക

**Answer:-**

**a) $p(x) = x^2-6x+9$**
**$p(3) = 3^2-6\times3+9 = 0$**

(b) $P(x) = x^2 - 6x + 9 = (x - 3)^2$
$P(x)$ പൂർണ്ണവർഗ്ഗമായതുകൊണ്ട് $P(x)$ ന്റെ വില ഒരിക്കലും ന്യൂനസംഖ്യ ആവുകയില്ല.

(c)

**$P(a)=P(b)$**
**$a^2-6a+9=b^2-6b+9$**
**$a^2-b^2 \ =6a-6b$**
**$(a+b)(a-b)=6(a-b)$**
**$(a+b)=6$**

**a=2,b=4** or
**a=1,b=5**

........................................................................................drvsr

**Question 15.** March 2013

$3x^3 - 2x^2 + kx - 6$ എന്ന ബഹുപദത്തിന്റെ ഘടകമാണ് $(x - 2)$ എങ്കിൽ $k$ യുടെ വില എന്ത് ?

**Answer:-**

$p(x) = 3x^3-2x^2+kx-6$

p(x)ന്റെ ഘടകമാണ് (x-2) അതിനാൽ p(2)=0

$3(2)^3-2(2)^2+k(2)-6=0$

$24-8+2k-6=0$

$2k = -24+8+6 = -10$

$K = -5$

........................................................................................drvsr

**Question 16.** March 2013

a) $p(x) = 6x^3 + 3x^2$ എന്ന ബഹുപദത്തിന്റെ ഘടകമാണോ $(x + 1)$ എന്ന് പരിശോധിക്കുക.

b) $p(x)$ എന്ന ബഹുപദത്തോട് ഏത് ഒന്നാംകൃതി ബഹുപദം കൂട്ടിയാൽ $(x^2 - 1)$ ഘടകമായ ബഹുപദം കിട്ടും ?

**Answer:-**

a) $p(x) = 6x^3+3x^2$

$p(-1) = 6(-1)^3+3(-1)^2 = -6+3 = -3$

$p(-1)\neq 0$ അതിനാൽ p(x)ന്റെ ഘടകമല്ല (x+1)

b) ഒന്നാം കൃതി ബഹുപദം (ax+b) എന്ന് കരുതുക

$p(x) = 6x^3+3x^2+ax+b$

p(1)=0 ഇതിൽ നിന്നും a+b=-9 ------------------ (1)

p(-1)=0 ഇതിൽ നിന്നും -a+b= 3 ------------------ (2)

(1), (2) എന്നിവയിൽ നിന്നും a = -6 , b = -3

ഒന്നാം കൃതി ബഹുപദം = -6x-3

...........................................................................drvsr

**Question 17.** March 2013

$q(x)$ എന്ന ബഹുപദത്തെ $(x-a)$ കൊണ്ട് ഹരിക്കുമ്പോളുള്ള ശിഷ്ടം $k$യും $r(x)$ എന്ന ബഹുപദത്തെ $(x-a)$ കൊണ്ട് ഹരിക്കുമ്പോളുള്ള ശിഷ്ടം $-k$ യും ആണ്.

a) $q(a)$ കാണുക. = K

b) $q(x)+r(x)$ എന്ന ബഹുപദത്തിന്റെ ഘടകമാണ് $(x-a)$ എന്ന് തെളിയിക്കുക.

**Answer:-**

a) q(a) = k (1)

b) q(x)+r(x) എന്ന ബഹു പദത്തെ (x-a) കൊണ്ട് ഹരിച്ചാൽ ശിഷ്ടം q(a)+r(a)

q(a) = k , r(a) = -k എന്നിവയിൽ നിന്നും q(a)+r(a) = k-k =0

ശിഷ്ടം 0 ആയതിനാൽ q(x)+r(x) ന്റെ ഘടകമാണ് (x-a) (3)

...........................................................................drvsr

## Question 18. Model 2017

$p(x) = x^3 + x^2 + x + 1$

(a) $p(x)$ നെ $x - 1$ കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എന്താണ് ?

(b) $p(x)$ നെ $x + 1$ കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എന്താണ് ?

(c) $p(x)$ ൽനിന്ന് ഏത് ഒന്നാംകൃതി ബഹുപദം കുറച്ചാലാണ് $x^2 - 1$ ന്റെ ഗുണിതമായ ബഹുപദം കിട്ടുക ?

## Answer:-

$$P(x) = x^3 + x^2 + x + 1$$

**(a)** P(x) നെ (x - 1) കൊണ്ട് ഹരിച്ചാലുള്ള ശിഷ്ടം P(1) ആയിരിക്കും.

$$P(1) = (1)^3 + (1)^2 + (1) + 1$$
$$= 1 + 1 + 1 + 1$$
$$= 4$$

**P(x) നെ (x - 1) കൊണ്ട് ഹരിച്ചാലുള്ള ശിഷ്ടം = 4**

**(b)** P(x) നെ (x + 1) കൊണ്ട് ഹരിച്ചാലുള്ള ശിഷ്ടം P(-1) ആയിരിക്കും.

$$P(-1) = (-1)^3 + (-1)^2 + (-1) + 1$$
$$= -1 + 1 + -1 + 1$$
$$= 0$$

**P(x) നെ (x + 1) കൊണ്ട് ഹരിച്ചാലുള്ള ശിഷ്ടം = 0**

**(.c)** P(x) ൽ നിന്ന് കുറയ്ക്കുന്ന ഒന്നാം കൃതി ബഹുപദം ( ax + b ) എന്ന് കരുതിയാൽ

$$P(x) = x^3 + x^2 + x + 1 - ( ax + b )$$

ഈ P(x) ന്റെ ഗുണിതമാണ് $x^2 - 1$ എന്ന് തന്നിട്ടുള്ളതുകൊണ്ട് , $x^2 - 1$ ന്റെ ഘടകങ്ങളായ (x + 1) , (x − 1) എന്നിവയും P(x) ന്റെ ഗുണിതങ്ങളായിരിക്കും.

(x + 1) , P(x) ന്റെ ഗുണിതമായതുകൊണ്ട് P(-1) = 0 ആയിരിക്കും.

$$\therefore (-1)^3 + (-1)^2 + (-1) + 1 - ( (a \times -1) + b ) = 0$$
$$-1 + 1 + -1 + 1 - ( -a + b ) = 0$$
$$\therefore \mathbf{a - b = 0} \text{ ............. } \mathbf{(1)}$$

(x - 1) , P(x) ന്റെ ഘടകമായതുകൊണ്ട് P(1) = 0 ആയിരിക്കും.

$\therefore \ (1)^3 + (1)^2 + (1) + 1 - ((a \times 1) + b) = 0$

$1 + 1 + 1 + 1 - (a + b) = 0$

$4 - (a + b) = 0$

$\therefore$ **- a - b = -4 ............. (2)**

**നിർദ്ധാരണം**

**a - b = 0 ............. (1)**

**- a - b = -4 ............. (2)**

(1) + (2) → $-2b = -4$

$b = -4 / -2$

$\therefore \ b = 2$

b = 2 എന്ന വില **(1)** ൽ ആരോപിച്ചാൽ

$a - 2 = 0$

$\therefore \ a = 0 + 2 = 2$

**P(x) ൽ നിന്ന് കുറയ്ക്കുന്ന ഒന്നാം കൃതി ബഹുപദം** = ( ax + b )

= **( 2x + 2 )**

**.........................................................................drvsr**

**Question 19. Model 2017**

x − 1 എന്ന ബഹുപദം, $3x^3 - 2x^2 - 3x + 2$ എന്ന ബഹുപദത്തിന്റെ ഘടകമാണോ?

ഉത്തരം

$P(1) = 3 \times 1^3 - 2 \times 1^2 - 3 \times 1 + 2 = 0$

ഘടകമാണ്.

**Question 20.**

$5x^3 + 4x^2 - 11x + k$ എന്ന ബഹുപദത്തെ $x - 1$ എന്ന ബഹുപദം കൊണ്ട് ഹരിച്ചപ്പോൾ ശിഷ്ടം $0$. എങ്കിൽ $k$ എത്ര?

ഉത്തരം

$$P(1) = 5x^3 + 4x^2 - 11x + k = 0$$

$$5 \times 1^3 + 4 \times 1^2 - 11 \times 1 + k = 0$$

$$k = 2$$

**……………………………………………………………………..drvsr**

**Question 21.**

$2x^2 + 5x + 3$ നെ ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

Given $p(x)=2x^2+5x+3$ ; Put x = - 1

ie., $2 \times (-1)^2+5 \times -1+3$ ; = 2 – 5 + 3 = 5 – 5 = 0.

അതുകൊണ്ട് ( x + 1) ഒരു ഘടകമാണ്.

$p(x)=2x^2+5x+3$ നെ ( x + 1 ) കൊണ്ട് ഹരിക്കുക.

(Synthetic or long division) ഹരണഫലം = (2x + 3 )

ie., ( x + 1) ( 2x + 3).

……………………………………………………………………..drvsr

**Question 22.**

$p(x) = x^2 + x - 6$ എന്ന രണ്ടാംകൃതി ബഹുപദത്തെ ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക. $p(x) = 0$ എന്ന സമവാക്യത്തിന്റെ പരിഹാരങ്ങളും കാണുക.

**Answer:-**

**Given** $p(x)=x^2+x-6$ **;** Put x = 2 ; ie., $(2)^2+2-6=4+2-6=0$

അതുകൊണ്ട് ( x – 2) is a factor.

$p(x)=x^2+x-6$ നെ ( x – 2) കൊണ്ട് ഹരിക്കുക.

(Synthetic or long division) ഹരണഫലം = (x + 3 )

ie., ( x – 2 ) ( x + 3).

$p(x)=x^2+x-6$ = ( x – 2 ) ( x + 3). = 0.

ie., x – 2 = 0 and x + 3 = 0

If x – 2 = 0 ; x = 2 and x + 3 = 0 ; x = - 3 .

…………………………………………………………………...drvsr

**Question 23.**

$2x^2 - 7x - 15$ എന്ന ബഹുപദത്തിൽ $x$ ഏതൊക്കെ സംഖ്യയായി എടുത്താലാണ് പൂജ്യം കിട്ടുന്നത്? ഈ ബഹുപദത്തെ രണ്ട് ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

Given $2x^2-7x-15$ ; Put x = 5. ie.,

$2\times(5)^2-7\times5-15=50-35-15=0$ ;

അതുകൊണ്ട് ( x – 5) is a factor.

$2x^2-7x-15$ നെ ( x – 5) കൊണ്ട് ഹരിക്കുക.

(Synthetic or long division) ഹരണഫലം = (2x + 3 )

x – 5 = 0 ; x = 5 ; 2x + 3 = 0 ,x = $\frac{3}{2}$ .

അതുകൊണ്ട് x ന് 5 എന്നും $\frac{3}{2}$ എന്നും വില കൊടുത്താൽ ബഹുപദം പൂജ്യം ആകും.

ഗുണനഫലം = (2x + 3 )( x – 5)

………………………………………………………………….drvsr

## Question 24.

$2x^2 + kx + 6$ എന്ന ബഹുപദത്തെ ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതാമെങ്കിൽ $k$ ആകാവുന്ന ഏറ്റവും ചെറിയ എണ്ണൽസംഖ്യ ഏത്? ഈ സംഖ്യ $k$ ക്ക് പകരം നൽകി ബഹുപദത്തെ രണ്ട് ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

**Answer:-**

Given $p(x)=2x^2+kx+6$ ; $b^2-4ac=k^2-4\times 2\times 6=k^2-48$

k = $\sqrt{48}$

ഏറ്റവും ചെറിയ എണ്ണൽ സംഖ്യ = $\sqrt{49}=7$ .

അതുകൊണ്ട് ബഹുപദം $p(x)=2x^2+7x+6$

ബഹുപദത്തെ ഘടകങ്ങളാക്കുക . Put x = - 2

$p(-2)=2\times(-2)^2+7\times-2+6=0$ . അതുകൊണ്ട് (x + 2) is a factor.

$p(x)=2x^2+7x+6$ നെ ( x + 2 ) കൊണ്ട് ഹരിക്കുക.

(Synthetic or long division) ഹരണഫലം = (2x + 3 )

ഗുണനഫലം = (2x + 3 )( x + 2).

……………………………………………………………..drvsr

## Question 25.

$x^3 - 5x^2 + ax + b$ എന്ന ബഹുപദത്തിന്റെ ഘടകമാണ് $x^2 - 5x + 6$. $a$, $b$ എന്നിവയാകുന്ന സംഖ്യകൾ കാണുക.

**Answer:-**

Given $x^3-5x^2+ax+b$ **; given one factor be** $x^2-5x+6$

$x^2-5x+6$ ഘടകങ്ങളാക്കുക .

ഘടകങ്ങൾ = (x – 3)(x – 2) Put x = 3 and 2 in the polynomial

p(3) = 27 – 45 +3a+ b = 0 ; ie., 3a + b = 18 →(1)

p(2) = 8 – 20 + 2a + b =0 ; ie., 2a + b = 12 →(2) solve (1) and (2) we get a = 6 and b = 0.

……………………………………………………………...drvsr

The End of the Chapter Polynomials.

By : Dr.V.S.RaveendraNath.

## 11

# സ്ഥിതി വിവരകണക്ക്

### ഓർമ്മയിൽ സൂക്ഷിക്കാൻ

- മാധ്യം $\Rightarrow \dfrac{\text{അളവുകളുടെ തുക}}{\text{അളവുകളുടെ എണ്ണം}}$
- മധ്യമം $\Rightarrow$ അളവുകളെ വലുപ്പക്രമത്തിലെഴുതുമ്പോൾ നടുക്കുവരുന്ന അളവ്
- അളവുകളുടെ എണ്ണം n ആയാൽ നടുക്കുവരുന്ന അളവ്

a. n ഒറ്റസംഖ്യയായാൽ $\frac{n+1}{2}$ -ാമത്തെ അളവ്

b. n ഇരട്ടസംഖ്യയായാൽ $\frac{n}{2}$ -ാമത്തെ അളവും $\left(\frac{n}{2}+1\right)$ -ാമത്തെ അളവും.

**Question 1.** March 2017.

**ഒരു ക്ലാസിലെ 7 കുട്ടികളുടെ സ്കോറുകൾ ചുവടെ നൽകുന്നു.**

**38, 43, 24, 42, 33, 46, 29**

**സ്കോറുകളുടെ മാധ്യവും മധ്യമവും കണക്കാക്കുക.**

**Answer:-**

$$\text{മാധ്യം} = \frac{\text{ആകെതുക}}{\text{എണ്ണം}} = \frac{38+43+24+42+33+46+29}{7} = 36.4.$$

മാധ്യമം = ആരോഹണക്രമത്തിൽ എഴുതുമ്പോൾ മധ്യത്തിൽ വരുന്ന സംഖ്യ.

ആരോഹണക്രമം = 24,29,33,38,42,43,46.

മാധ്യമം = 38.

……………………………………………………...……………..drvsr.

**Question 2.** March 2017.

ഒരു കമ്പനിയിലെ വിവിധ തൊഴിലാളികളുടെ ദിവസവരുമാനവുമായി ബന്ധപ്പെട്ട ഒരു പട്ടിക ചുവടെ നൽകുന്നു.

| ദിവസവേതനം (രൂപയിൽ) | തൊഴിലാളികളുടെ എണ്ണം |
|---|---|
| 200-250 | 3 |
| 250-300 | 8 |
| 300-350 | 10 |
| 350-400 | 6 |
| 400-450 | 4 |
| 450-500 | 2 |

ദിവസവരുമാനത്തിന്റെ മാധ്യമം കാണുക ?.

**Answer:-**

| ദിവസവേതനം (രൂപയിൽ) | തൊഴിലാളികളുടെ എണ്ണം | സഞ്ചിതാവൃത്തി (c) |
|---|---|---|
| 200-250 | 3 | 3 |
| 250-300 | 8 | 11 |
| 300-350 | 10 | 21 |
| 350-400 | 6 | 27 |
| 400-450 | 4 | 31 |
| 450-500 | 2 | 33 |
| | N = 33 | |

$\frac{N}{2} = \frac{33}{2}$ = 16.5. മധ്യമം ക്ലാസ്സ് = 300-350 ( $\frac{N}{2}$ = 16.5 ഉൾപ്പെടുന്ന ക്ലാസ്സ്)

മധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി
N = ആവൃത്തിയുടെ തുക
c = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി
f = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി
$h$ = ക്ലാസ്സ് അന്തരം.

$300 + \frac{\frac{33}{2} - 11}{10} \times 50$ **= 300 + 27.5 = 327.5.**

**.......................................................................................drvsr**

**Question 3.** March 2017.

ഒരു ക്ലാസ്സിലെ ഏതാനം കുട്ടികളുടെ ഉയരം cm- ൽ ചുവടെ തന്നിരിക്കുന്നു.

135, 120, 148, 153, 124, 122, 150, 147. ഉയരങ്ങളുടെ മാധ്യമം കണക്കാക്കുക.

**Answer:-**

**തന്നിരിക്കുന്ന വിവരങ്ങൾ ആരോഹണക്രമത്തിൽ എഴുതിയാൽ**

**120, 122, 124, 135, 147, 148, 150, 153**

$$\text{മധ്യമം} = \frac{135 + 147}{2} = \frac{282}{2} = 141$$

..................................................................................................drvs

**Question 4.** March 2017.

ഒരുതൊഴിൽ ശാലയിലെ തൊഴിലാളികളുടെ എണ്ണം ദിവസക്കൂലി അനുസരിച്ച് എഴുതിയ പട്ടികയാണ് ചുവടെ

| ദിവസക്കൂലി (രൂപായിൽ ) | തൊഴിലാളികളുടെ എണ്ണം |
|---|---|
| 400-500 | 3 |
| 500-600 | 5 |
| 600-700 | 9 |
| 700-800 | 10 |
| 800-900 | 6 |
| 900-1000 | 2 |

ദിവസക്കൂലിയുടെ മാധ്യമം കാണുക.

**Answer:-**

| ദിവസക്കൂലി (രൂപായിൽ ) | തൊഴിലാളികളുടെ എണ്ണം | സഞ്ചിതാവൃത്തി (c) |
|---|---|---|
| 400-500 | 3 | 3 |
| 500-600 | 5 | 8 |
| 600-700 | 9 | 17 |
| 700-800 | 10 | 27 |
| 800-900 | 6 | 33 |
| 900-1000 | 2 | 35 |
| | N = 35 | |

$\frac{N}{2} = \frac{35}{2}$ **= 17.50.** മധ്യമം ക്ലാസ്സ് = 700-800 ( $\frac{N}{2}$ = 17.50 ഉൾപ്പെടുന്ന ക്ലാസ്സ്)

മധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി
N = ആവൃത്തിയുടെ തുക
c = മാധ്യമം ക്ലാസ്സിന് തൊട്ടുമുകളിലുള്ള സഞ്ചിതാവൃത്തി
$f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി
$h$ = ക്ലാസ്സ് അന്തരം.

$700 + \frac{\frac{35}{2} - 17}{10} \times 100$ $= 700 + \frac{17.50 - 17}{10} \times 100$

**= 700 +5 = 705.**

........................................................................drvsr

**Question 5.** March 2016.

ഒരുതൊഴിൽ ശാലയിൽ പലതരം ജോലിചെയ്യുന്നവരുടെ എണ്ണവും ദിവസക്കൂലിയും ചുവടെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

| ദിവസക്കൂലി (രൂപ) | ജോലിക്കാരുടെ എണ്ണം |
|---|---|
| 350-450 | 4 |
| 450-550 | 7 |
| 550-650 | 12 |
| 650-750 | 6 |
| 750-850 | 1 |
| ആകെ | 30 |

മാധ്യമായ ദിവസക്കൂലി എത്ര രൂപയാണ്?

**Answer:-**

| ദിവസക്കൂലി (രൂപ) | ജോലിക്കാരുടെ എണ്ണം | മധ്യാങ്കം | ആകെ |
|---|---|---|---|
| 350-450 | 4 | 400 | $400 \times 4 = 1600$ |
| 450-550 | 7 | 500 | $500 \times 7 = 3500$ |
| 550-650 | 12 | 600 | $600 \times 12 = 7200$ |
| 650-750 | 6 | 700 | $700 \times 6 = 4200$ |
| 750-850 | 1 | 800 | $800 \times 1 = 800$ |
| ആകെ | 30 | | 17300 |

മാധ്യം = ആകെ / എണ്ണം. ; ie., 17300/30 = Rs.576.67/-

..............................................................................drvsr

**Question 6.** March 2016.

പത്താം ക്ലാസ്സിലെ 40 കുട്ടികളുടെ ഭാരമാണ് ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നത്.

| ഭാരം (കിലോഗ്രാം) | കുട്ടികളുടെ എണ്ണം. |
|---|---|
| 30-35 | 7 |
| 35-40 | 3 |
| 40-45 | 8 |
| 45-50 | 5 |
| 50-55 | 9 |
| 55-60 | 7 |
| ആകെ | 40 |

ഭാരത്തിന്റെ മാധ്യമം കണക്കാക്കുക.

**Answer:-**

| ഭാരം (കിലോഗ്രാം) | കുട്ടികളുടെ എണ്ണം. | സഞ്ചിതാവൃത്തി (c) |
|---|---|---|
| 30-35 | 7 | 7 |
| 35-40 | 3 | 10 |
| 40-45 | 8 | 18 |
| 45-50 | 6 | 24 |
| 50-55 | 9 | 33 |
| 55-60 | 7 | 40 |
| ആകെ | 40 | |

$\frac{N}{2} = \frac{40}{2} = 20$ മധ്യമം ക്ലാസ്സ് = 45-50 ( $\frac{N}{2} = 20$ ഉൾപ്പെടുന്ന ക്ലാസ്സ്)

മധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$45 + \frac{\frac{40}{2} - 18}{6} \times 5$

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി
N = ആവൃത്തിയുടെ തുക
c = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി
$f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി
$h$ = ക്ലാസ്സ് അന്തരം.

$= 45 + \frac{20-18}{6} \times 5 = 45 + 1.67 = 46.67.$

..........................................................................drvsr

**Question 7.** March 2015

.

ഒരു പരീക്ഷ എഴുതിയ 50 കുട്ടികൾക്ക് കിട്ടിയ സ്കോർ പട്ടികപ്പെടുത്തിയത് ഇങ്ങനെയാണ്.

| സ്കോർ | കുട്ടികളുടെ എണ്ണം |
|---|---|
| 10 ൽ താഴെ | 3 |
| 20 ൽ താഴെ | 7 |
| 30 ൽ താഴെ | 13 |
| 40 ൽ താഴെ | 22 |
| 50 ൽ താഴെ | 32 |
| 60 ൽ താഴെ | 40 |
| 70 ൽ താഴെ | 46 |
| 80 ൽ താഴെ | 50 |

സ്കോറിന്റെ മധ്യമം കണക്കാക്കുക.

**Answer:-**

| സ്കോർ | കുട്ടികളുടെ എണ്ണം (cf) | ക്ലാസ്സ് | ആവൃത്തി |
|---|---|---|---|
| 10 ൽ താഴെ | 3 | 0-10 | 3 |
| 20 ൽ താഴെ | 7 | 10-20 | 7 – 3 = 4 |
| 30 ൽ താഴെ | 13 | 20-30 | 13 – 7 = 6 |
| 40 ൽ താഴെ | 22 | 30-40 | 22 – 13 = 9 |
| 50 ൽ താഴെ | 32 | 40-50 | 32 – 22 = 10 |
| 60 ൽ താഴെ | 40 | 50-60 | 40 – 32 = 8 |
| 70 ൽ താഴെ | 46 | 60-70 | 46 – 40 = 6 |
| 80 ൽ താഴെ | 50 | 70-80 | 50 – 46 = 4 |
| ആകെ | | | 50 |

$\frac{N}{2} = \frac{50}{2} = 25$ ; മധ്യമം ക്ലാസ്സ് = 40-50 ( $\frac{N}{2}$ = 25 ഉൾപ്പെടുന്ന ക്ലാസ്സ്)

മധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$40 + \frac{25-23}{10} \times 10$

40 + 2 = 42.

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി

N = ആവൃത്തിയുടെ തുക

c = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി

$f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി

$h$ = ക്ലാസ്സ് അന്തരം.

......................................................................................................................drvsr

**Question 8.** March 2015

ഒരു ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ ഉയരം അനുസരിച്ച് എണ്ണം തിരിച്ച പട്ടികയാണ് ചുവടെ.

| ഉയരം (സെ.മീ.) | കുട്ടികളുടെ എണ്ണം |
|---|---|
| 130 – 135 | 8 |
| 135 – 140 | 12 |
| 140 – 145 | 20 |
| 145 – 150 | 28 |
| 150 – 155 | 32 |
| 155 – 160 | 22 |
| 160 – 165 | 16 |
| 165 – 170 | 12 |

കുട്ടികളുടെ മാധ്യ ഉയരം കണക്കാക്കുക.

**Answer:-**

| ഉയരം (സെ.മീ) | കുട്ടികളുടെ എണ്ണം | വിഭാഗമാധ്യം | ആകെ എണ്ണം |
|---|---|---|---|
| 130 – 135 | 8 | 132.5 | 1060 |
| 135 – 140 | 12 | 137.5 | 1650 |
| 140 – 145 | 20 | 142.5 | 2850 |
| 145 – 150 | 28 | 147.5 | 4130 |
| 150 – 155 | 32 | 152.5 | 4880 |
| 155 – 160 | 22 | 157.5 | 3465 |
| 160 – 165 | 16 | 162.5 | 2600 |
| 165 – 170 | 12 | 167.5 | 2010 |
| ആകെ | 150 | | 22645 |

മാധ്യം = 22645/150 = 150.97 cm

…………………………………………………………………..drvsr

**Question 9.** March 2014.

ഒരു തൊഴിൽ ശാലയിൽ പലതരം ജോലിചെയ്യുന്നവരുടെ എണ്ണവും ദിവസക്കൂലിയുമാണ് ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്നത്.

| ദിവസക്കൂലി (രൂപ) | ജോലിക്കാരുടെ എണ്ണം |
|---|---|
| 225 | 4 |
| 250 | 7 |
| 270 | 9 |
| 300 | 5 |
| 350 | 3 |
| 400 | 2 |

മാധ്യമായ ദിവസക്കൂലി എത്രയാണ് ?

**Answer:-**

| ദിവസക്കൂലി (x) | ജോലിക്കാരുടെ എണ്ണം (f) | fx |
|---|---|---|
| 225 | 4 | 900 |
| 250 | 7 | 1750 |
| 270 | 9 | 2430 |
| 300 | 5 | 1500 |
| 350 | 3 | 1050 |
| 400 | 2 | 800 |
| ആകെ | 30 | 8430 |

മാധ്യം = ആകെ കൂലികളുടെ തുക / ജോലിക്കാരുടെ ആകെ എണ്ണം

$= \Sigma fx / \Sigma f = \frac{8430}{30} = 281$ രൂപ

.................................................................................drvsr

**Question 10.** March 2014.

ഒരു ക്ലാസ്സിലെ 60 കുട്ടികളെ ഉയരം അനുസരിച്ച് തരംതിരിച്ച പട്ടികയാണ് ചുവടെ.

| ഉയരം (സെ. മീ.) | കുട്ടികളുടെ എണ്ണം |
|---|---|
| 140 - 145 | 5 |
| 145 - 150 | 8 |
| 150 - 155 | 12 |
| 155 - 160 | 16 |
| 160 - 165 | 11 |
| 165 - 170 | 5 |
| 170 - 175 | 3 |

ഉയരങ്ങളുടെ മധ്യമം കണക്കാക്കുക.

**Answer:-**

| ഉയരം (cm) | കുട്ടികളുടെ എണ്ണം | സഞ്ചിതാവൃത്തി (c) |
|---|---|---|
| 140-145 | 5 | 5 |
| 145-150 | 8 | 13 |
| 150-155 | 12 | 25 |
| 155-160 | 16 | 41 |
| 160-165 | 11 | 52 |
| 165-170 | 5 | 57 |
| 170-175 | 3 | 60 |
| ആകെ | 60 | |

മാധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$\frac{N}{2}$ = 30 ; മധ്യമം ക്ലാസ്സ് = 155 - 160 ( $\frac{N}{2}$ = 30 ഉൾപ്പെടുന്ന ക്ലാസ്സ്)

$l_1$ = 155: $\frac{N}{2}$ = 30 ; c = 25 ; $f$ = 16 ; h = 5

| |
|---|
| $l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി |
| N = ആവൃത്തിയുടെ തുക |
| c = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി |
| $f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി |
| $h$ = ക്ലാസ്സ് അന്തരം. |

$155+\frac{30-25}{16}\times 5$

= 155+1.56 = 156.56.

ഉയരങ്ങളുടെ മാധ്യമം = 156.6 cm.

……………………………………………………………………..drvsr

**Question 11.** March 2013.

ഒരു മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ആളുകളെ തൂക്കത്തിന നുസരിച്ച് തരം തിരിച്ച പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| തൂക്കം (കിലോഗ്രാമിൽ) | ആളുകളുടെ എണ്ണം |
|---|---|
| 20 – 30 | 16 |
| 30 – 40 | 21 |
| 40 – 50 | 28 |
| 50 – 60 | 24 |
| 60 – 70 | 11 |

തൂക്കങ്ങളുടെ മാധ്യം കണ്ടുപിടിക്കുക.

**Answer:-**

| തൂക്കം (കി.ഗ്രാമിൽ) | ആളുകളുടെ എണ്ണം (f) | മധ്യാങ്കം OR വിഭാഗമാധ്യം (x) | fx |
|---|---|---|---|
| 20-30 | 16 | 25 | 400 |
| 30-40 | 21 | 35 | 735 |
| 40-50 | 28 | 45 | 1260 |
| 50-60 | 24 | 55 | 1320 |
| 60-70 | 11 | 65 | 715 |
| ആകെ | 100 | | 4430 |

$$\text{മാധ്യം} = \frac{\text{ആകെ തൂക്കം}}{\text{ആകെ ആളുകളുടെ എണ്ണം}} = 4430/100 = 44.30 \text{ Kg.}$$

…………………………………………………………………….drvsr

**Question 12.** March 2013.

ഒരു പ്രദേശത്തെ 100 കുടുംബങ്ങളെ അവർ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടച്ച തുകയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| വൈദ്യുതിചാർജ്ജ് (രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 0 – 200 | 8 |
| 200 – 400 | 12 |
| 400 – 600 | 21 |
| 600 – 800 | 30 |
| 800 – 1000 | 23 |
| 1000 – 1200 | 6 |

അടച്ചതുകയുടെ മധ്യമം കണക്കാക്കുക.

**Answer:-**

| വൈദ്യുത ചാർജ്ജ് (രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം | സഞ്ചിതാവൃത്തി |
|---|---|---|
| 0-200 | 8 | 8 |
| 200-400 | 12 | 20 |
| 400-600 | 21 | 41 |
| 600-800 | 30 | 71 |
| 800-1000 | 23 | 94 |
| 1000-1200 | 6 | 100 |
| ആകെ | 100 | |

മാധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$\frac{N}{2} = \frac{100}{2} = 50$ മധ്യമം ക്ലാസ്സ് = 600-800( $\frac{N}{2}$ = 50 ഉൾപ്പെടുന്ന ക്ലാസ്സ്)

$l_1 = 600$: $\frac{N}{2} = 50$ : $c = 41$ : $f = 30$ ; $h = 200$

ie., $600 + \frac{50-41}{30} \times 200 = 600 + \frac{9}{30} \times 200 = 600+60 = 660.$

…………………………………………………………………………..drvsr

**Question 13.** Model 2017

ഒരു പ്രദേശത്തെ 25 കുടുംബങ്ങളെ മാസവരുമാനത്തിന്റെ അടിസ്ഥാനത്തിൽ എണ്ണം തിരിച്ച പട്ടിക ചുവടെ കൊടുത്തിരിക്കുന്നു. മധ്യമവരുമാനം കണക്കാക്കുക.

| മാസവരുമാനം (രൂപ) | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 5,000 | 6 |
| 6,000 | 6 |
| 7,000 | 4 |
| 8,000 | 4 |
| 9,000 | 3 |
| 10,000 | 2 |

**Answer:-**

ഇവിടെ ക്ലാസ്സുകളുടെ മധ്യാങ്കം തന്നിരിക്കുന്നു. അതിനാൽ ക്ലാസ്സുകൾ കണ്ടുപിടിക്കണം. ഇവിടെ ക്ലാസ്സ് അന്തരം 1000 എന്ന് എടുക്കാം.

| മാസവരുമാനം (രൂപ) | കുടുംബങ്ങളുടെ എണ്ണം ($f$) | ക്ലാസ്സ് or പ്രാപ്താങ്കം | സഞ്ചിതാവൃത്തി ($cf$) |
|---|---|---|---|
| 5000 | 6 | 4500-5500 | 6 |
| 6000 | 6 | 5500-6500 | 12 |
| 7000 | 4 | 6500-7500 | 16 |
| 8000 | 4 | 7500-8500 | 20 |
| 9000 | 3 | 8500-9500 | 23 |
| 10000 | 2 | 9500-10500 | 25 |
| ആകെ | 25 | | |

മാധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$\frac{N}{2}=\frac{25}{2}=12.5$ ; മധ്യമം ക്ലാസ്സ് = 6500-7500 ( $\frac{N}{2}$ = 12.5 ഉൾപ്പെടുന്ന ക്ലാസ്സ്)

$l_1=6500$ ; $\frac{N}{2}$ = 12.5 ; $c$ = 12 ; $f$ = 4 ; $h$ = 1000.

ie., $6500+\frac{12.5-12}{4}\times 1000$ ;

ie., $6500+\frac{0.5}{4}\times 1000$

ie., 6500 + 125 =6625.

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരുതി
N = ആവൃത്തിയുടെ തുക
$c$ = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി
$f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി
$h$ = ക്ലാസ്സ് അന്തരം.

.........................................................................................drvsr

**Question 14.** Model 2017

ഒരു ക്ലാസിലെ കുട്ടികളെ ഉയരമനുസരിച്ച് എണ്ണം തിരിച്ച പട്ടികയാണ് ചുവടെ കാണിച്ചിരിക്കുന്നത്

| ഉയരം (സെ.മീ.) | കുട്ടികളുടെ എണ്ണം |
|---|---|
| 135 - 140 | 5 |
| 140 - 145 | 8 |
| 145 - 150 | 10 |
| 150 - 155 | 9 |
| 155 - 160 | 6 |
| 160 - 165 | 3 |

(a) കുട്ടികൾ ഉയരക്രമത്തിൽ ഒരു വരിയിൽ നിൽക്കുന്നതായി സങ്കൽപ്പിച്ചാൽ, എത്രാമത്തെ കുട്ടിയുടെ ഉയരമാണ് മധ്യമം ?

(b) പട്ടികയനുസരിച്ച്, ഈ കുട്ടിയുടെ ഉയരം ഏതെല്ലാം അളവുകൾക്കിടയിലാണ് ?

(c) മധ്യമം കണക്കാക്കാൻ ഉപയോഗിക്കുന്ന സങ്കൽപങ്ങൾ ഏതൊക്കെയാണ് ?

(d) ഈ സങ്കല്പങ്ങളനുസരിച്ച് മധ്യമ ഉയരം എത്രയാണ് ?

**Answer;-**

| ഉയരം (സെ.മീ) | കുട്ടികളുടെ എണ്ണം | സഞ്ചിതാവൃത്തി (*cf*) |
|---|---|---|
| 135-140 | 5 | 5 |
| 140-145 | 8 | 13 |
| 145-150 | 10 | 23 |
| 150-155 | 9 | 32 |
| 155-160 | 6 | 38 |
| 160-165 | 3 | 41 |
| ആകെ | 41 | |

മാധ്യമം = $l_1 + \frac{\frac{N}{2} - c}{f} \times h$

$\frac{N}{2}=\frac{41}{2}=20.5$ ; മധ്യമം ക്ലാസ്സ് = 145-150 ( $\frac{N}{2}$ = 20.5 ഉൾപ്പെടുന്ന ക്ലാസ്സ് )

$l_1=145$ ; $\frac{N}{2}=20.5$ ; $c = 13$ ; $f = 10$ ; $h = 5$.

ie., $145 + \frac{20.5-13}{10} \times 5$

ie., $145 + \frac{7.5}{10} \times 5$

ie., 6500 + 125 =6625.

ie., 145 + 3.75 = 148.75

$l_1$ = മാധ്യമം ക്ലാസ്സിന്റെ നീചപരിധി

N = ആവൃത്തിയുടെ തുക

$c$ = മാധ്യമം ക്ലാസ്സിന് തൊട്ടു മുകളിലുള്ള സഞ്ചിതാവൃത്തി

$f$ = മാധ്യമം ക്ലാസ്സിന്റെ ആവൃത്തി

$h$ = ക്ലാസ്സ് അന്തരം.

(a) ഒരു വരിയിലാണെന്ന് സങ്കൽപ്പിച്ചാൽ , മൊത്തം കുട്ടികളിൽ നടുക്കുവരുന്ന കുട്ടിയുടെ ഉയരമാണ്. അതായത് $\frac{41}{2}$ = 20.5

ie., 21 മത്തെ കുട്ടിയുടെ ഉയരമാണ് മധ്യമം.

(b) 21 മത്തെ കുട്ടി ഉൾപ്പെടുന്ന ക്ലാസ്സ് എഴുതിയാൽ മതി .

അതായത് 145 സെ.മീ നും 150 സെ.മീ .നും ഇടയിൽ..

(c) 145 നും 150 നും ഇടയിലുള്ള കുട്ടി എന്ന് പരികല്പന ചെയ്യുന്നു.

അതുപോലെ നടുക്കുവരുന്ന കുട്ടിയുടെ ഉയരം സങ്കൽപ്പിക്കുന്നു.

(d) മാധ്യമ ഉയരം 148.75 cm ആണ്.

…………………………………………………………………………..drvsr.

The End of the Chapter Statistics .

By Dr.V.S.RaveendraNath